115

115/63

155583

# പാക്കിസ്ഥാനും ദേശീയൈക്യവും

ജി. അധികാ

# പാക്കിസ്ഥാനും ദേശീയൈക്യവും

PEOPLE'S BOOK-STALL
TRIVANDRUM.

ഡാക്ടർ ജി. അധികാരി

S.N.V. വിവേകപ്രദായിനി വായനശാല
115/63
പെരുങ്ങമ്മല, നേമം.A.O.

ദേശാഭിമാനി പബ്ലിഷിങ്ങ് ഹൌസ്,
ചാലപ്പുറം, കോഴിക്കോട്

ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്

1944 ഏപ്രിൽ] കോപ്പി 2000 [വില 8ണ.

# മുഖവുര

ഇന്ന് ഇന്ത്യൻരാഷ്ട്രീയകാര്യങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പാകിസ്ഥാൻപ്രശ്നം. അതിന്നു പരിഹാരംകാണുന്നതിലൂടെ അല്ലാതെ നാട്ടിനെ ഇന്നത്തെ അനിശ്ചിതാവസ്ഥയിൽനിന്നു ഒരിഞ്ചുപോലും മുന്നോട്ടുനീക്കാൻ കഴികയില്ല. ദേശീയൈക്യം സൃഷ്ടിക്കാൻ ഇന്നെല്ലാം രാഷ്ട്രീയകക്ഷികളും ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ട്. പക്ഷേ, ആ ആഗ്രഹം പ്രായോഗികരൂപമെടുക്കണമെങ്കിൽ അതിന്റെ അടിസ്ഥാനം സ്വയംനിർണ്ണയാവകാശം അംഗീകരിക്കുകയാണെന്ന പരമാർത്ഥം ഒരു വലിയവിഭാഗം ദേശാഭിമാനികൾക്കു ഇനിയും ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു.

മുസ്ലീംജനതകളുടെ ന്യായവും പ്രജായത്തപരവുമായ അവകാശവാദമാണ് പാകിസ്ഥാൻ; ഇന്ത്യൻമുസൽമാന്മാരുടെ ആത്മാർത്ഥമായ സ്വാതന്ത്ര്യതൃഷ്ണയുടെ പ്രതിഫലനം മാത്രമാണതു്; കോൺഗ്രസ്സിന്റേതിൽനിന്നു ഒട്ടുംകുറയാതെ സ്വാതന്ത്ര്യദാഹവും സാമ്രാജ്യത്തോടും ഫാസിസത്തോടുമുള്ള വിരോധവും മുസ്ലീംലീഗിന്നുമുണ്ട്. മുസ്‌ലിംലീഗിന്നു ഇന്നാട്ടിലെ മുസൽമാന്മാരുടെ പ്രാതിനിദ്ധ്യമുണ്ട്; കോൺഗ്രസ്സു സംശയത്തിന്നിടംകൊടുക്കാത്ത ഭാഷയിൽ അവരുടെ സ്വയംനിർണ്ണയാവകാശസ്വീകരണം പ്രഖ്യാപിക്കുമ്പോൾ മാത്രമേ, കോൺഗ്രസ്സ്‌ലീഗൈക്യം സാദ്ധ്യമാകൂ എന്നീ സംഗതികൾ കോൺഗ്രസ്സുകാരേയും മററു ദേശാഭിമാനികളേയും വ്യക്തമായി അറിപ്പിക്കുക എന്നതാണ് ഈ പുസ്തകംകൊണ്ടു പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളതു്. 1942 സെപ്തംബർ 19-ാംനു ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി വിപുലീകൃതകേന്ദ്രക്കമ്മിററി യോഗത്തിൽ പാസ്സാക്കിയതും 1943 മേയിൽ പാർട്ടിയുടെ ഒന്നാം കോൺഗ്രസ്സ് സ്ഥിരപ്പെടുത്തിയതുമായ പ്രമേയവും, അതിനെകുറിച്ചു ഡോക്ടർ അധികാരിയുടെ വിശദീകരണവുമാണ് ഇതിന്റെ ഉള്ളടക്കം. പാകിസ്ഥാനാവശ്യത്തിന്റെ ന്യായ്യവും പ്രജായത്തസ്വഭാവവും ശാസ്ത്രീയമായും ചരിത്രപരമായും വിശകലനംചെയ്തു തെളിയിക്കുകയാണ് ഡാക്ടർ അധികാരി ഇവിടെ ചെയ്തിട്ടുള്ളതു്. രാഷ്ട്രീയകാര്യങ്ങൾ മനസ്സിലാക്കാൻ സാമാന്യമായ കഴിവുള്ള ഏതൊരാളേയും

തൃപ്തിപ്പെടുത്തുവാനും ബോദ്ധ്യപ്പെടുത്തുവാനും ഇതു പര്യാപ്തമാണ്.

തെററിദ്ധാരണയുടെയും "അഖണ്ഡഹിന്ദുസ്ഥാൻ" ഭ്രമത്തിൻെറയും അടിസ്ഥാനത്തിൽ ചില കോൺഗ്രസ്സുകാരും ദേശീയപത്രങ്ങളും തെററായി ചിത്രീകരിക്കുന്നതു സ്വയംനിർണ്ണയാവകാശതത്വത്തിൽനിന്ന വിട്ടുമല്ല കോൺഗ്രസ്സിൻെറ യഥാർത്ഥനില. 1942 ഏപ്രിൽ ഡൽഹിയിൽകൂടിയ കോൺഗ്രസ്സ് കമ്മിററി അതിൻെറ പ്രമേയത്തിൽ, സ്വതന്ത്ര ഇന്ത്യയിൽ വിവിധരാഷ്ട്രീയഘടകങ്ങളെ സംഘടിപ്പിച്ചുകൊണ്ടുള്ള യൂണിയനിൽനിന്ന വിട്ടുനില്ക്കാൻ ഏതെങ്കിലും ഒരു ഘടകം ആഗ്രഹിക്കുകയാണെങ്കിൽ അതിൻെറ ഇഷ്ടത്തിനെതിരായി യൂണിയനിൽതന്നെ നില്ക്കാൻ അതിനെ നിർബ്ബന്ധിക്കുകയില്ലെന്ന പ്രസ്താവിച്ചിട്ടുണ്ട്.

മാർച്ച് 15-ാം നു- അലഹബാദിൽ സമ്മേളിച്ച കോൺഗ്രസ്സനേതാക്കന്മാർ സമ്മേളനത്തെത്തുടർന്ന പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"1942 ഏപ്രിൽ 2-ാംനു- കോൺഗ്രസ്സ പ്രവർത്തകകമ്മിററി സ്വീകരിച്ച പ്രമേയത്തിലേക്ക ഞങ്ങൾ ലീഗിൻെറ ശ്രദ്ധയെ ക്ഷണിക്കുന്നു. അതിൽ പ്രത്യേകമായി സ്വയംനിർണ്ണയാവകാശം സ്വീകരിച്ചിട്ടുണ്ട്; ഏതൊരു രാജ്യാതിർത്തികളിലുള്ള ജനതയേയും ഇന്ത്യൻയൂണിയനിൽചേർന്നുനില്ക്കാൻ നിർബ്ബന്ധിക്കുകയില്ലെന്ന് അതിൽ ഉറപ്പുകൊടുത്തിട്ടുമുണ്ട്."

സമ്മേളനത്തെ സംബന്ധിച്ച തൻെറ പത്രപ്രസ്താവനയിൽ ശ്രീജിത് ശ്രീപ്രകാശ് പറയുന്നു:—

"1942 ഏപ്രിൽ 2-ാംനു- ഡൽഹി വർക്കിംകമ്മിററി പാസ്സാക്കിയ പ്രമേയം ചൂണ്ടിക്കാണിച്ചുകൊണ്ട് മുസ്ലീംലീഗിൻെറ സ്വയംനിർണ്ണയാവകാശവാദത്തോടുള്ള കോൺഗ്രസ്സിൻെറ നിലയെസംബന്ധിച്ചുള്ള തെററിദ്ധാരണകൾ അകററാൻ സമ്മേളനം സഹായിച്ചിട്ടുണ്ട്."

ഈയിടെ ഡൽഹിയിലെ ഒരു കോളേജിൽവെച്ച് പാക്കിസ്ഥാനെ സംബന്ധിച്ചുണ്ടായ വാദപ്രതിവാദാവസരത്തിൽ അസ്സംബ്ലി കോൺഗ്രസ്സപാർട്ടി നേതാവായ മി: അബ്ദുൽകയ്യൂമും കോൺഗ്രസ്സിൻെറ ഈ നിലയെ ആവർത്തിച്ചു പ്രസ്താവിക്കുകയുണ്ടായി. ബോംബെ എ. ഐ. സി. സി. സമ്മേളനത്തിൽവെച്ചു മൗലാനാ ആസാദും പണ്ഡി

ദായസൌഹാർദ്ദവും ഇതുതന്നെയാണ് കോൺഗ്രസ്സിന്റെ ഔദ്യോഗികനയമാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ഇതിൽനിന്നു തെളിയുന്നതു മുസ്ലിംലീഗിന്റെ പാക്കിസ്ഥാനാവശ്യത്തോടു ഏററവും അടുത്തതാണ് കോൺഗ്രസ്സിന്റെനില എന്നാണ്. അതുകൊണ്ടു കോൺഗ്രസ്സുകാർ ഒരടികൂടി മുന്നോട്ടുനീങ്ങുകയാണെങ്കിൽ, രാഷ്ട്രീയഘടകങ്ങളെ യൂണിയനോടു ഒട്ടിനില്ക്കുവാൻ നിർബ്ബന്ധിക്കുകയില്ല എന്നതിനോടൊപ്പം അവക്ക് വിട്ടുപിരിയുവാനുള്ള അധികാരമുണ്ട് എന്നുകൂടി പ്രഖ്യാപിക്കുകയാണെങ്കിൽ, കോൺഗ്രസ്സും ലീഗും യോജിച്ചിരുന്നു ഈ നാട്ടിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന ഭാവി വിദൂരമല്ല. അതിന്നു തടസ്ഥമായിനില്ക്കുന്ന മുസ്ലിംലീഗിനെപ്പററിയുള്ള കോൺഗ്രസ്സുകാരുടെ സംശയാത്മകമായ വീക്ഷണഗതിയുടെ അടിസ്ഥാനരാഹിത്യം ഡാക്ടർ അധികാരി യുക്തിയുക്തം വ്യക്തമാക്കിയിട്ടുണ്ട്.

ഇന്ത്യയുടെ ഭൂപ്രകൃതിപരമായ ഐക്യസിദ്ധാന്തം പ്രശംസിക്കുന്ന ഉദ്യോഗസ്ഥന്മാരുടെയും ഈനാട്ടിന്റെ സ്വാതന്ത്ര്യമെന്നപോലെതന്നെ പാക്കിസ്ഥാനും അനുവദിക്കാൻ പോകുന്നില്ല എന്നു മുസ്ലിംലീഗ് നേതാക്കന്മാൎക്ക ഇന്നേയും പൂർണ്ണബോദ്ധ്യം വന്നിട്ടുണ്ട്. ഈ മൂന്നാമൻമേധാവിത്വത്തെ തോല്പിക്കാൻ കോൺഗ്രസ്സും ലീഗും തോളോടുതോൾ ചേർന്നുനിന്നാൽ സാധിക്കുമെന്നതിനുള്ള മഹത്തായ മാതൃകയാണ് കേന്ദ്രഅസ്സംബ്ലിയുടെ പ്രസംഗമഞ്ചത്തിൽ കോൺഗ്രസ്സ്ലീഗ നേതാക്കന്മാർ പ്രദർശിപ്പിച്ചത്. അസ്സംബ്ലിയിലെ കോൺഗ്രസ്സ്ലീഗൈക്യം വരാൻപോകുന്ന വിപുലമായ ഐക്യത്തിന്റെ ആദ്യത്തെപ്പടിയാണെന്നു സർ യമിൻഖാൻ (ലീഗുനേതാവ്) പ്രസ്താവിക്കുകയുണ്ടായി.

ഓരോ ഗ്രാമത്തിലും നഗരത്തിലും ഒരുമയമായി വസിക്കുന്ന ഹിന്ദുമുസ്ലിം നാട്ടുകാരെ, ഈ കുഴപ്പത്തിന്റെ ഫലമായുണ്ടായ ഭയങ്കരമായ കഷ്ടപ്പാടിൽനിന്നു രക്ഷിക്കാൻ, അടിസ്ഥാനരഹിതമായ പരസ്പരാവിശ്വാസങ്ങളെ തകർത്തെറിഞ്ഞു, കോൺഗ്രസ്സ്ലീഗു ദേശാഭിമാനികൾ കൈകോർത്തുപിടിച്ചു പ്രവർത്തിക്കാൻ വിട്ടുവീഴ്ചാമനസ്ഥിതിയോടെ മുന്നോട്ടു വരികയാണെങ്കിൽ, അസ്സംബ്ലിക്കെട്ടിടത്തിനു പുറമേ വിശാലമായ ഈ ഭൂഖണ്ഡത്തിൽ വിപുലവും സുദൃഢവുമായ ഐക്യം കെട്ടിപ്പടുക്കാനും, പാക്കിസ്ഥാനും സ്വാതന്ത്ര്യവും പ്രാപിക്കാനും

ഫാസിസ്റ്റ് ആക്രമണത്തിൽനിന്ന നാട്ടിനെ രക്ഷിക്കാനും ഇതുകൊണ്ട് സാധിക്കുമെന്നതിന്ന സംശയമില്ല.

അതിന്ന ഹൃദയംഗമമായിക്കൊതിക്കുന്ന ഏതൊരു യഥാർത്ഥദേശാഭിമാനിക്കും പാക്കിസ്ഥാൻവിഷയത്തിൽ കൂടുതൽ വെളിച്ചം കിട്ടുവാൻ ഡാക്ടർ അധികാരിയുടെ ഈ വിശദീകരണം സഹായകമാണെന്നു് തീർച്ചയാണ്.

കോഴിക്കോട്,
10—4—'44

കെ. പി. മുഹമ്മദുകോയ

S. N. V.

# പാക്കിസ്ഥാനും ദേശീയൈക്യവും

[1942 സപ്തെമ്പർ 19-ാംനു- ഇന്ത്യൻകമ്മ്യൂണിസ്റ്റ് പാൎട്ടിയുടെ സെൻട്രൽകമ്മിററിയുടെ വിപുലീകൃതപ്ലീനം പാസ്സാക്കിയതും 1943 മെയ് മാസത്തിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാൎട്ടിയുടെ ഒന്നാംകോൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ളതുമായ പ്രമേയം.]

ഇന്നത്തെ ദേശീയസ്തംഭനാവസ്ഥ പരിഹരിക്കാനും സാമ്രാജ്യവാദികളായ ബ്രിട്ടീഷ് ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ കയ്യിൽനിന്നു ദേശീയഗവമ്മെണ്ടു വാങ്ങുവാനും നമ്മുടെ മാതൃഭൂമിയെ ഫാഷിസ്റ്റ് ആക്രമത്തിൽനിന്നു രക്ഷിക്കാനുംവേണ്ടി സമുദായമൈത്രിയുടേയും കോൺഗ്രസ്സ്-ലീഗ് സംയുക്തമുന്നണിയുടേയും അടിസ്ഥാനത്തിലുള്ള, എല്ലാവരും ചേൎന്ന ദേശീയൈക്യം ഇന്ന് ഒരത്യന്താവശ്യമായിരിക്കുന്നു. ഇന്ത്യയുടെ ഐക്യത്തിന്റെ കാൎയ്യത്തിൽ പാക്കിസ്ഥാൻപ്രശ്നം ഒരു വമ്പിച്ച വാദപ്രതിവാദവിഷയമായി മുന്നോട്ടുവന്നിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തിലുള്ള കമ്യൂണിസ്റ്റ് നയത്തിന്റെ പ്രധാന അടിസ്ഥാനതത്വങ്ങൾ കമ്യൂണിസ്റ്റ് പാൎട്ടി വ്യക്തമാക്കുന്നു.

1. കമ്യൂണിസ്റ്റ് പാൎട്ടി എല്ലാ ജാതിയിലും സമുദായത്തിലും ജനവിഭാഗത്തിലും ചേൎന്ന തൊഴിലെടുക്കുന്നവരെയെല്ലാം ഒരു പൊതുവൎഗ്ഗസംഘടനയിൽ ഏകോപിപ്പിക്കുന്നു (ട്രേഡ്‌യൂണിയനുകൾ, കിസാൻസഭകൾ മുതലായവ). നമ്മുടെ നാട്ടിന്റെ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള ഏകീകൃതദേശീയമുന്നണിയുടെ മുന്നണിവിഭാഗമെന്ന നിലക്കു കമ്യൂണിസ്റ്റ് പാൎട്ടി അവരെ രാഷ്ട്രീയമായി യോജിപ്പിക്കുന്നു. സമുദായൈക്യം നേടാനുള്ള നയത്തിന്റെ അടിക്കല്ല് ഇതാണ്.

2. നമ്മുടെ നാടിന്റെ രക്ഷക്കും സ്വാതന്ത്ര്യത്തിനും വേണ്ടി ഇന്ത്യയിലധിവസിക്കുന്ന വിവിധസമുദായങ്ങളിലും ജനവിഭാഗങ്ങളിലും പെട്ട ജനങ്ങളുടെ ഏകീകൃതദേശീയമുന്നണി കെട്ടിപ്പടുക്കണമെങ്കിൽ അവർ തമ്മിലുള്ള വിശ്വാസക്കേടും തെറ്റിദ്ധാരണയും നീക്കംചെയ്യേണ്ടതാവശ്യമാണ്. ചരിത്രത്തിന്റെ കഴിഞ്ഞുപോയ കാലങ്ങളിൽ നടന്നിട്ടുള്ള മർദ്ദനങ്ങളുടേയും നാടുവാഴിപ്രഭുത്വവും സാമ്രാജ്യത്വവും ചേർന്നു നടത്തുന്ന ചൂഷണത്തിൽനിന്നുളവായിട്ടുള്ള ഇന്നത്തെ സാമൂഹ്യമായ അസമത്വങ്ങളുടേയും അവശിഷ്ടമാണിതു്. അതുകൊണ്ടു ഇക്കാര്യത്തിൽ ചെയ്യേണ്ടത്, ഏകീകൃതദേശീയമുന്നണിയുടെ പരിപാടിയിൽ സമുദായങ്ങളുടേയും പ്രത്യേക ജനവിഭാഗങ്ങളുടേയും മൗലികാവകാശങ്ങൾക്ക് അതിപ്രധാനമായ ഒരു സ്ഥാനം കൊടുക്കുകയാണ്.

3 ഒരു സ്വതന്ത്രഇന്ത്യയിൽ ഒന്നിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങളും സമുദായങ്ങളും തമ്മിൽ പരിപൂർണ്ണസമത്വം ഉണ്ടാവുന്നതാണെന്ന് ദേശീയമുന്നണിയുടെ പരിപാടി വ്യക്തമായി പ്രഖ്യാപിക്കണം. ജനസമുദായം മറ്റൊന്നിനെ മർദ്ദിക്കില്ല. ജാതിയുടേയോ സമുദായത്തിന്റേയോ പേരിൽ അസമത്വങ്ങളും അവശതകളും ഉണ്ടാവുന്നതല്ല. ദേശീയൈക്യത്തിനുള്ള പരിപാടിയിൽ താഴെ കൊടുക്കുന്ന അവകാശങ്ങളെ ദേശീയപ്രസ്ഥാനം സ്വീകരിച്ചാൽ മാത്രമേ ഇതു സാധ്യമാവുകയുള്ളൂ

(a) സ്വന്തം ജന്മദേശമെന്നു പറയാവുന്ന തൊട്ടുകിടക്കുന്ന ഒരു സ്ഥലവിഭാഗം, ചരിത്രപരമായ പൊതുപാരമ്പര്യം, പൊതുഭാഷ, സംസ്കാരം, മനോഭാവം, പൊതുസാമ്പത്തികജീവിതം ഇതെല്ലാമുള്ള ഇന്ത്യൻജനതയുടെ ഏതൊരു വിഭാഗത്തേയും ഒരു പ്രത്യേകജനസമുദായമായി കണക്കാക്കണം. ഒരു സ്വതന്ത്രഇന്ത്യൻയൂണിയനിലോ ഫെഡറേഷനിലോ ഇവ ഓരോ ജനസമുദായത്തിന്നും സ്വയംഭരണാവകാശമുള്ള ഗവർമ്മേണ്ടുകളായി നിലനില്ക്കാനും ആഗ്രഹമുണ്ടെങ്കിൽ അതിൽനിന്നു വിട്ടുപോരുവാനും അവകാശമുണ്ടായിരിക്കണം. ഇത്തരം ജനസമുദായങ്ങളുടെ ജന്മദേശങ്ങളായ സ്ഥലവിഭാഗങ്ങൾ ഇന്നത്തെ ബ്രിട്ടീഷ് സംസ്ഥാനങ്ങളും ''നാട്ടുരാജ്യങ്ങ''ളുമായി പിരിഞ്ഞുകിടക്കുന്ന കൃത്രിമമായ അതിർത്തികളാൽ മുറിഞ്ഞുപോയിരിക്കയാണ്. ഒരു സ്വതന്ത്രഇന്ത്യയിൽ അവയെല്ലാം സംയോജിപ്പിക്കപ്പെടുന്നതാണ്. അതായത് ഭാവിയിലെ സ്വതന്ത്രഇന്ത്യ പഠാണൻകാർ, പടിഞ്ഞാറൻപഞ്ചാബികൾ (പ്രധാന

മായും മുസ്ലീം), സിക്കുകാർ, സിന്ധികൾ, ഹിന്ദുസ്ഥാനികൾ, രാജസ്ഥാനികൾ, ഗുജറാത്തികൾ, ബംഗാളികൾ, ആസ്സാമികൾ, ബീഹാറികൾ, ഒറിയക്കാർ, ആന്ധ്രക്കാർ, തമിഴർ, കർണ്ണാടകക്കാർ, മഹാരാഷ്ട്രർ, കേരളീയർ മുതലായ വിവിധജനസമുദായങ്ങളുടെ ഒരു ഫെഡറേഷനോ യൂണിയനോ ആയിരിക്കും.

(b) ഇങ്ങിനെ രൂപീകരിക്കപ്പെടുന്ന രാഷ്ട്രങ്ങൾക്കിടയിൽ ന്യൂനപക്ഷസമുദായങ്ങളുണ്ടെങ്കിൽ അവയുടെ സംസ്കാരപരവും ഭാഷാപരവും വിദ്യാഭ്യാസപരവും മററുമായുള്ള അവകാശങ്ങൾക്കു നിയമനിർമ്മാണം വഴി ഉറപ്പുകൊടുക്കുന്നതും അവയെ ലംഘിക്കുന്നതു നിയമം വഴി ശിക്ഷാർഹമാക്കുന്നതുമായിരിക്കും.

(c) ജാതി, വർഗ്ഗം, സമുദായം ഇവയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള അവശതകളും അവകാശങ്ങളും പ്രത്യേകാധികാരങ്ങളുമെല്ലാം (അയിത്തം മുതലായവ) നിയമനിർമ്മാണം വഴി ഇല്ലാതാക്കുന്നതും അവയെ ലംഘിക്കുന്നതുമായ നിയമം വഴി ശിക്ഷാർഹമാക്കുന്നതുമായിരിക്കും.

4 ഇത്തരത്തിലുള്ള ഒരു അവകാശപ്രഖ്യാപനം, മുകളിൽ നിർവ്വചിച്ചപ്രകാരമുള്ള എല്ലാ ജനസമുദായങ്ങൾക്കും (അതുവഴി മുസ്ലീംജനസമുദായങ്ങൾക്കും) സ്വതന്ത്രരാഷ്ട്രങ്ങളായി നിലനില്ക്കാനും വിട്ടുപോകാനുമുള്ള അവകാശം അനുവദിക്കുന്നുണ്ട്. അതുകൊണ്ടു ഇതു കോൺഗ്രസ്സിനും ലീഗിനും യോജിക്കാനുള്ള അടിസ്ഥാനമാകുന്നുണ്ട്. കാരണം, മുസ്ലിമിങ്ങൾക്കു അവരുടെ ജന്മദേശമായി തൊട്ടുകിടക്കുന്ന സ്ഥലങ്ങളെവിടെയെല്ലാമുണ്ടോ അവിടെയെല്ലാം അവർക്കു സ്വതന്ത്രഗവർമ്മേണ്ടുകൾ രൂപീകരിക്കുകയും ഇഷ്ടമുണ്ടെങ്കിൽ വിട്ടുപോകുകയും ചെയ്യാവുന്നതാണ്. വമ്പിച്ച മുസ്ലീംഭൂരിപക്ഷമുള്ള ബംഗാളിന്റെ കിഴക്കും വടക്കുമുള്ള ജില്ലകളിൽ അവർക്കു സ്വയംഭരണം സ്ഥാപിക്കുകയും ഒരു സ്വതന്ത്രരാഷ്ട്രമായി ഒററക്കു നില്ക്കുകയും ചെയ്യാവുന്നതാണ്. അതുകൊണ്ടു ഇത്തരത്തിലുള്ള ഒരു പ്രഖ്യാപനം പാക്കിസ്ഥാന്റെ ന്യായമായ ഭാഗം വകവെച്ചുകൊടുക്കലാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയെ രണ്ടായി ഭാഗിക്കുകയെന്ന വെട്ടിമുറിക്കൽ സിദ്ധാന്തവും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല.

5. എന്നാൽ വിട്ടുനില്ക്കാനുള്ള അവകാശം ഈ രൂപത്തിൽ അംഗീകരിക്കുന്നതുകൊണ്ടു യഥാർത്ഥത്തിലുള്ള വിട്ടുപോക്ക് ഉണ്ടായിരിക്കും

ജനമെന്നില്ല. നേരെമറിച്ച്, തമ്മിൽത്തമ്മിലുള്ള അവിശ്വാസം അകററിക്കൊണ്ടു അതു ഇന്ന ചേർന്നുപ്രവർത്തിക്കാൻ അവരെ ഐക്യമുണ്ടാക്കുന്നു; നാളെ സ്വതന്ത്ര ഇന്ത്യയിലേക്കു കൂടുതൽ വിപുലമായ ഐക്യത്തിനുള്ള അടിസ്ഥാനമിടുന്നു. ഈ മാതിരിയിലുള്ള ഒരു പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാവുന്നതും നമ്മുടെ മാതൃഭൂമിയെ സംരക്ഷിക്കാനുള്ള കൂട്ടായസമരത്തിലൂടെ ഉറച്ചുവരുന്നതുമായ ഒരു ദേശീയൈക്യത്തിന്റെ ഫലമായി ഇന്ത്യയിലെ വിവിധജനസമുദായങ്ങൾക്ക് ബോദ്ധ്യപ്പെടാതിരിക്കയില്ല: ഇന്ന അടിയന്തിരമായി വേണ്ടതു എല്ലാവരും ഒരൊററ കെട്ടായിനിന്നു ഒരു സ്വതന്ത്ര ഇന്ത്യൻയൂനിയൻ അഥവാ ഫെഡറേഷൻ രൂപീകരിക്കുക, അതിന്റെ ഘടകങ്ങളായ വിവിധജനസമുദായങ്ങൾക്ക് പരിപൂർണ്ണസമത്വത്തോടും സ്വാതന്ത്ര്യത്തോടും കൂടിയ സർക്കാരുകളായി ജീവിയ്ക്കാനും വിട്ടുപോകാനുമുള്ള അവകാശമുണ്ടായിരിക്കുക, നമ്മൾ നേടുന്ന സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും സംരക്ഷിക്കുവാനും, അതിന്റെ സുരക്ഷിതമായ അടിസ്ഥാനത്തിൽ ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത മഹത്വപൂർണ്ണവും ശ്രേഷ്ഠതരവുമായ ഒരു ഭാരതീയൈക്യം കെട്ടിപ്പടുക്കാനും ഇതുമാത്രമാണ് വഴിയെന്നു അവർ മനസ്സിലാക്കും.

ഇന്നു പ്രത്യക്ഷത്തിൽ വഴക്കുകൾ പലതുമുണ്ട്; തീർക്കാനാവാത്തവയാണെന്നു തോന്നുന്ന കുഴപ്പങ്ങളും ധാരാളമുണ്ട്. എങ്കിലും ഇന്ന കോൺഗ്രസ്സിന്റെയും ലീഗിന്റെയും അനുയായികളായിട്ടുള്ളവരുടെ ഹൃദയത്തിൽ യോജിപ്പിനുള്ള ആഗ്രഹം കൂടുതൽ ശക്തിയോടെ ജ്വലിക്കാൻ തുടങ്ങിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഫാസിസ്റ്റാക്രമണഭീഷണിയുടേയും നിലവിലുള്ള ദേശീയസ്തംഭനാവസ്ഥയുടേയും സമ്മർദ്ദത്തിൽപ്പെട്ട് ഈ രണ്ടു സംഘടനകളുടേയും നേതൃത്വം അധികമധികം അടുക്കാൻ തുടങ്ങീട്ടുണ്ട്. അതുതന്നെ ഈ പ്രമേയത്തിൽ കൊടുത്തിട്ടുള്ള പരിഹാരമാർഗ്ഗത്തിന്റെ വഴിക്കാം. ഐക്യത്തിന്റെ കാര്യത്തിൽ വൈകാനിനി യാതൊരവകാശവുമില്ല. നമ്മുടെ മാതൃഭൂമിക്ക് ഏററവും ഗൗരവതരമായ ഒരാപത്തു നേരിട്ടിട്ടുള്ള ഈ ഘട്ടത്തിൽ അതിന്റെ ഏകരക്ഷാമാർഗ്ഗമായ കോൺഗ്രസ്സ്‌ലീഗൈക്യം കഴിയുന്ന വേഗം സാധിക്കാൻ ഈ പ്രമേയത്തിലടങ്ങീട്ടുള്ള തത്വങ്ങളെ പ്രചരിപ്പിക്കേണ്ടതിന്ന കമ്മ്യൂണിസ്റ്റ്പാർട്ടിയുമായി കൈകോർത്തുപിടിക്കാൻ എല്ലാം ദേശാഭിമാനികളോടും അതു ആഹ്വാനം ചെയ്യുന്നു.

# ചരിത്രപരവും ശാസ്ത്രീയവുമായ പരിശോധന

[1942 സപ്തമ്പറിൽചേൎന്ന ഇന്ത്യൻകമ്മ്യൂണിസ്റ്റ് പാൎട്ടിയുടെ സെൻട്രൽകമ്മിററിയുടെ വിപുലീകൃതപ്ലീനത്തിൽ മുകളിൽ കൊടുത്തിട്ടുള്ള പ്രമേയത്തെസംബന്ധിച്ച ജി. അധികാരി ചെയ്ത റിപ്പോൎട്ട്.]

## I മൂന്നു കാലഘട്ടങ്ങൾ— മൂന്നു വീക്ഷണരീതികൾ

ദേശീയൈക്യത്തിന്റെ പ്രശ്നം, ഹിന്ദുമുസ്ലീം ഐക്യത്തിന്റെ പ്രശ്നം പല ദശാഘട്ടങ്ങളിലൂടെയും തരണംചെയ്തുകൊണ്ടാണ് വളൎന്നുവന്നിട്ടുള്ളത്. നമ്മുടെ ദേശീയപ്രസ്ഥാനംതന്നെ ഏതെല്ലാം കാലഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ടോ ആ കാലഘട്ടങ്ങളോടൊപ്പംതന്നെയാണ്, അതിന്റെ ഒരു ഭാഗമായിട്ടുതന്നെയാണ്, ഇതും വളൎന്നുവന്നിട്ടുള്ളത്. അതുകൊണ്ട് ഇന്നത്തെ കാലഘട്ടത്തിൽ ഈ പ്രശ്നത്തെ ശരിക്കു മനസ്സിലാക്കണമെങ്കിൽ ചരിത്രപരമായ വഴിക്കു അതിനെ പരിശോധിക്കേണ്ടിയിരിക്കുന്നു.

ചരിത്രപരമായി—ഇതിന്റെ വളൎച്ചയിലൂടെ—ഈ വിഷയം പരിശോധിക്കാതിരുന്നാൽ പഴയരീതിയിൽ മാത്രമേ നോക്കിക്കാണാനിടവരും; എത്രയോ കാലമായി കാലഹരണംവന്നിട്ടുള്ള പഴയ പരിഹാരമാൎഗ്ഗങ്ങൾ നമ്മുടെ തലയിൽ തങ്ങിനില്ക്കും. നമ്മുടെ ദേശീയപ്രസ്ഥാനത്തിലെ കഴിഞ്ഞുപോയ ഒരു കാലഘട്ടത്തിന്റെ പൈതൃകങ്ങളായ ഇത്തരം വാസനകളെയും ചിന്താരീതികളെയും സിദ്ധാന്തപരമായും ചരിത്രപരിണാമത്തിന്റെ അടിസ്ഥാനത്തിലും തുറന്നുകാട്ടേണ്ടതുണ്ട്; അങ്ങിനെ ചെയ്യില്ലെങ്കിൽ ഈ വാസനകളുടെയും ചിന്താരീതികളുടെയും ഉത്ഭവസ്ഥാനമേതെന്നു വ്യക്തമാക്കാനും അവയെ വേരറുക്കുവാനും സാധിക്കയില്ല.

അതുകൊണ്ടാണ് ഒരു ചരിത്രപരവും രാഷ്ട്രീയവുമായ വീക്ഷണം—അതായതു, ഹിന്ദുമുസ്ലീം ഐക്യപ്രശ്നം അന്നുമുതൽ ഇന്നുവരെ

എങ്ങിനെ വളൎന്നുവന്നുവെന്ന ഒരു പഠനം—ആവശ്യമായിത്തീൎന്നിട്ടുണ്ട്. ഇങ്ങിനെ മാത്രമേ നമുക്ക പാക്കിസ്ഥാൻവാദത്തിന്റെയും വിവിധജനസമുദായങ്ങൾക്ക സ്വയംനിൎണ്ണയാവകാശം വേണമെന്നാവശ്യപ്പെടുന്നതിന്റെയും ആന്തരാൎത്ഥം മനസ്സിലാക്കാൻ സാധിക്കയുള്ളു; എന്തുകൊണ്ടിതെല്ലാം ഇപ്പോൾ ആവശ്യപ്പെട്ടുതുടങ്ങി, ഇതിലും മുമ്പുണ്ടായില്ല, എന്നെല്ലാം മനസ്സിലാക്കണമെങ്കിൽ ഇങ്ങിനെമാത്രമേ സാധിക്കയുള്ളൂ.

കഴിഞ്ഞുപോയ കാലത്തേക്കൊന്നു തിരിഞ്ഞുനോക്കിക്കൊണ്ടു ഈ പ്രശ്നത്തിന്റെ ചരിത്രം പരിശോധിക്കുന്നതായാൽ അതിൽ വ്യക്തമായ മൂന്നു കാലഘട്ടമുണ്ടായിട്ടുണ്ടെന്നും ഈ ഘട്ടങ്ങളിൽ ഈ പ്രശ്നത്തെ വ്യക്തമായ മൂന്നു വ്യത്യസ്തരീതിയിലാണ് സമീപിച്ചിട്ടുള്ളതെന്നും ഇവയിലോരോന്നും അന്നത്തെ ദേശീയപ്രസ്ഥാനത്തിന്റെ പ്രത്യേക ഘട്ടത്തിന്നനുരൂപമായിരുന്നുവെന്നും കാണാൻകഴിയും.

ഒന്നാമത്തെ ഘട്ടത്തിൽ, ദേശീയപ്രസ്ഥാനംതന്നെ അതിന്റെ ഏററവും ആദിമഘട്ടത്തിലായിരുന്നപ്പോൾ, ഇന്ത്യ ഒരൊററ രാഷ്ട്രമാണെന്നുള്ളതു ദേശീയപ്രസ്ഥാനത്തെസ്സംബന്ധിച്ചിടത്തോളം സ്വയംവ്യക്തമായ ഒരു മൌലികസത്യമായിരുന്നു; “ഹിന്ദുക്കളും മുസ്ലീമിങ്ങളും തമ്മിലുള്ള വ്യത്യാസം വെറും മതപരമായ ഒന്നു മാത്രമാണ്; രണ്ടു മതങ്ങളിലുംപെട്ട സമുദായങ്ങൾക്കിടയിൽ ദേശീയബോധം എത്രത്തോളം ശക്തിപ്പെടുന്നുവോ അത്രത്തോളംവേഗം ഈ വ്യത്യാസം ഇല്ലാതാവും, ഹിന്ദുക്കളും മുസ്ലീമിങ്ങളും ഒന്നായിവളരാൻ തുടങ്ങും”—ഇങ്ങിനെയാണ് അന്നത്തെ ദേശീയവാദികളായിരുന്ന മിതവാദികൾ ന്യായവാദംചെയ്തിരുന്നതു്.

സാമ്രാജ്യത്വത്തിന്നെതിരായ ദേശീയത്വത്തിന്റെ അടിസ്ഥാനത്തിൽ ഐക്യത്തിന്നുവേണ്ടി പ്രചാരവേലനടത്തുക, “മതപരമായ പുരോഗമനമില്ലായ്മ”യെ അവസാനിപ്പിക്കാനുള്ള ഒരു മാൎഗ്ഗമെന്നനിലക്കു സമുദായപരിഷ്കാരത്തിന്നുവേണ്ടി പ്രചാരവേലനടത്തുക, ഇതുകൊണ്ടെല്ലാം ഈ പ്രശ്നത്തിന്നു ശരിയായ പരിഹാരം കാണാമെന്നാണ് ഈ ഘട്ടത്തിൽ കരുതിയിരുന്നതു്. നമ്മുടെ ദേശീയപ്രസ്ഥാനത്തിന്റെ ആദ്യഘട്ടങ്ങളിൽ മിതവാദികൾ ഇത്തരം പ്രചാരപ്രവൃത്തി നടത്തിയിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ ആ ശൈശവഘട്ടത്തിലെ നേതാക്കന്മാർ അവരായിരുന്നു. “ഈ പ്രശ്നം പരിഹരിക്കാനാവശ്യമായിട്ടുള്ളതു ദേശീയബോധമാണ്”, ഇതായിരുന്നു അവരുടെ ന്യായം.

സുമാർ 1934 വരെ നീണ്ടുനിന്ന രണ്ടാംഘട്ടത്തിൽ ദേശീയപ്രസ്ഥാനം കുറെക്കൂടി മുന്നോട്ടുപോയി; അതോടൊന്നിച്ച്, അതിന്റെ ഒരവിഭാജ്യഘടകമായിട്ടുതന്നെ, ഹിന്ദുമുസ്ലീംഐക്യത്തിന്റെ പ്രശ്നവും കൂടി വളർന്നു. ഈ ഘട്ടത്തിൽ ദേശീയമുതലാളിത്തം വളർന്നിരുന്നു; ആദ്യകാലത്തെ രാജഭക്തന്മാരും മിതവാദികളുമായ പരിഷ്കരണവാദികളുടെ സ്ഥാനത്ത് ദേശീയമുതലാളിത്തം ദേശീയപ്രസ്ഥാനത്തിന്റെ നേതാവായി. ഈ വളർച്ചയോടുകൂടിത്തന്നെ ഒരു ഭാഗത്തു ഈ രണ്ടു മുതലാളിവിഭാഗങ്ങളും തമ്മിൽ സംഘട്ടനവും വടംവലിയും, മറുഭാഗത്ത് അതോടൊപ്പംതന്നെ, അതിന്റെതന്നെ മറുവശമായിട്ടുതന്നെ, തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഏകീകൃതമായ വർഗ്ഗസമരങ്ങളും വളർന്നുവരുന്നതായി നാം കാണുന്നു. ഇങ്ങിനെ ഒരേസമയത്തുതന്നെ രണ്ടുവശങ്ങൾ പ്രത്യക്ഷപ്പെടുന്നു: ഒന്ന്—സ്ഥാപിതതാല്പര്യക്കാർ തമ്മിൽ സംഘട്ടനങ്ങളും വടംവലിയും; മറ്റേത്—കർഷകതൊഴിലാളിവർഗ്ഗങ്ങളുടെ വളർന്നുവരുന്ന പ്രസ്ഥാനത്തിലെ വളർന്നുവരുന്ന ഐക്യം.

അതുകൊണ്ടു ഈ ഘട്ടത്തിൽ ഇടതുപക്ഷക്കാർ ഹിന്ദുമുസ്ലിം പ്രശ്നത്തെ മുന്നോട്ടുകൊണ്ടുവന്നതു ഇങ്ങിനെയൊരു രൂപത്തിലാണ്:

"ഈ രണ്ടുവിഭാഗവും തമ്മിലുള്ള വഴക്ക് മുതലാളികൾക്കും സ്ഥാപിതതാല്പര്യക്കാർക്കും മാത്രമുള്ളതാണ്; രണ്ടു ഭാഗത്തിലുംപെട്ട ബഹുജനങ്ങൾക്ക് ഇതിലൊന്നും ചെയ്യാനില്ല. രണ്ടുവിഭാഗത്തിലുംപെട്ട ബഹുജനങ്ങളെ സാമ്പത്തികപ്രശ്നങ്ങളുടെ—സാമ്പത്തികാവശ്യങ്ങൾക്കുവേണ്ടിയുള്ള പൊതുസമരങ്ങളുടെ— അടിസ്ഥാനത്തിൽ യോജിപ്പിക്കുക; അതോടുകൂടിതന്നെ മുസ്ലീങ്ങൾക്ക് അവരുടെ സാംസ്കാരികാവകാശങ്ങൾ വകവെച്ചുകൊടുക്കുക—ഇങ്ങിനെചെയ്താൽ പ്രശ്നത്തിനു പരിഹാരമായി."

സുമാർ 1934 മുതല്ക്കാണ്, പുതിയ ഭരണഘടനയുടെ വരവോടുകൂടിയാണ്, മൂന്നാംഘട്ടം തുടങ്ങുന്നതു്. ഈ ഘട്ടത്തിൽ രണ്ടു സംഗതികൾ ഒരേസമയം നടക്കുന്നുണ്ട്: ഒരുഭാഗത്തു് ദേശീയപ്രസ്ഥാനം ഏററവും വർദ്ധിച്ച ശക്തിയോടുകൂടി അലച്ചുകയറുന്നു, ഇന്ത്യയുടെ കോണുമുക്കിലും മൂലയിലും അതു ഇരച്ചുകയറുന്നു. മറുഭാഗത്തു് ഫാഷിസത്തിന്റെ മുന്നേററം ലോകവ്യാപിയായതോതിൽ വളർന്നുവരുന്നു

ഷിയതോടുകൂടി, യുദ്ധപരിതസ്ഥിതിയും ലോകസാമ്രാജ്യത്വത്തിന്റെ കുഴപ്പവും മൂർച്ഛിക്കാൻതുടങ്ങിയതോടുകൂടി, സാമ്രാജ്യത്വത്തിന്റെ കയ്യിൽനിന്ന് അധികാരം കൈക്കലാക്കുകയെന്ന പ്രശ്നം മുന്നോട്ടുവന്നു. ഈ രണ്ടു സംഗതികൾ കാരണമായി ഹിന്ദുമുസ്ലീംപ്രശ്നം ഒരു അതിപ്രധാന പരിപാടിയായിത്തീർന്നു; പക്ഷേ ഒരു പുതിയ രൂപത്തിലാണെന്നുമാത്രം. ഈ അവസരത്തിൽ ദേശീയപ്രസ്ഥാനം ആവശ്യപ്പെട്ടിരുന്നതു ഭരണവിഷയകമായ ചില ആനുകൂല്യങ്ങളോ, സാമുദായികനിയോജകമണ്ഡലങ്ങളും പൊതുനിയോജകമണ്ഡലങ്ങളും എന്ന വാദമോ, ഇതുപോലെ മററു വല്ലതുമോ ആയിരുന്നില്ല; അതു് അധികാരത്തിനുവേണ്ടിയുള്ള ഒന്നായിരുന്നു. യുദ്ധസ്ഥിതിയുടെ ഫലമായി അധികാരം കൈക്കലാക്കുകയെന്ന പ്രശ്നം ഇന്ത്യക്കാരുടെ മുമ്പിൽ തെളിഞ്ഞു പ്രത്യക്ഷപ്പെട്ടു.

ഈ സന്ദർഭത്തിലാണ് മുസ്ലിംലീഗ് മുസ്ലീമിങ്ങൾക്ക് ഒരു പ്രത്യേകഗവണ്മെണ്ടോ ഗവണ്മെണ്ടുകളോ വേണമെന്ന ആവശ്യം മുന്നോട്ടു കൊണ്ടുവന്നതു്. ഒരു "മർദ്ദിതജനസമുദായ"മെന്ന നിലക്കുള്ള മുസ്ലീമിങ്ങളുടെ ആവശ്യങ്ങളും ആവലാതികളും അധികമധികം രാഷ്ട്രീയവാദപ്രതിവാദങ്ങളിൽ മുഴച്ചുവരാൻ തുടങ്ങി. ഹിന്ദുമുസ്ലിംപ്രശ്നം ഈ രൂപത്തിലാണ്, മുസ്ലീമിങ്ങൾക്ക് ഒരു പ്രത്യേക രാഷ്ട്രമായി നില്ക്കണമെന്ന ആവശ്യത്തിന്റെ രൂപത്തിലാണ്, ഇപ്പോൾ പ്രത്യക്ഷപ്പെടുന്നതു്. യുദ്ധം പൊട്ടിപ്പുറപ്പെട്ടതോടുകൂടി കോൺഗ്രസ്സ് സ്വാതന്ത്ര്യമാവശ്യപ്പെടാൻ തുടങ്ങി, ലീഗ് പാക്കിസ്ഥാനും. "പാക്കിസ്ഥാനു് എതിരായി ഇന്ത്യയുടെ ഐക്യവും സ്വാതന്ത്ര്യവും," എന്ന വാദം ഇതോടുകൂടി തുടങ്ങി.

സാമുദായികപ്രശ്നത്തിന്റെ യഥാർത്ഥസ്വഭാവം—അതു വളർന്നുവരുന്ന ജനസമുദായങ്ങളെസ്സംബന്ധിച്ച ഒരു ഒരു പ്രശ്നമാണെന്നുള്ള വസ്തുത—ഈ ഘട്ടത്തിലാണു വ്യക്തമാകുന്നതു്. ഈ സംഗതി പിന്നീടു സവിസ്തരം പ്രതിപാദിക്കുന്നതാണ്.

ഇങ്ങിനെ ഒരു ചരിത്രപരവും രാഷ്ട്രീയവുമായ ദൃഷ്ടിയിലൂടെ ഈ പ്രശ്നത്തെ നോക്കിക്കാണുമ്പോളാണ് ദേശീയപ്രസ്ഥാനത്തിന്റെ മൂന്നു പ്രത്യേക കാലഘട്ടത്തിന്നനുസരിച്ച് ഈ പ്രശ്നത്തെ മൂന്നു പ്രത്യേകരീതിയിൽ സമീപിക്കുകയുണ്ടായിട്ടുണ്ടെന്നു മനസ്സിലാകുന്നതു്. ഈ മൂന്നു രീതിയിലുള്ള സമീപിക്കലും ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയു

ടെ ഓരോ ഘട്ടത്തിൽനിന്നുളവാകുന്നതും അതിന്നനുയോജ്യമാകുന്നതും എന്തിനെയെന്ന് ഈ ഒരു വീക്ഷണംകൊണ്ടു മാത്രമാണ് നമുക്കു മനസ്സിലാകുന്നത്. ഇന്നത്തെ ഘട്ടത്തിൽ ഈ പ്രശ്നം കൈക്കൊണ്ടിട്ടുള്ള പുതിയ രൂപത്തിന്റെ ആന്തരാത്മാവും അതനുസരിച്ച് ഈ പ്രശ്നത്തെ തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടി പുതിയ രീതിയിൽ സമീപിക്കേണ്ടതിന്റെ ആവശ്യകതയും നമുക്കു മനസ്സിലാക്കാൻ കഴിയും.

നമുക്കിനി ഈ ഓരോ ഘട്ടത്തെയും വെവ്വേറെ എടുത്തു സവിസ്തരം പരിശോധിച്ചുനോക്കാം.

## II സാമുദായികപ്രശ്നത്തിന്റെ വളർച്ച

നമ്മുടെ ദേശീയപ്രസ്ഥാനം അതിന്റെ ഏററവും താഴ്ന്നപടിയിലിരിക്കുമ്പോളാണ് ഒന്നാം കാലഘട്ടം തുടങ്ങുന്നത്. "ബുദ്ധിജീവികൾ", വക്കീലന്മാർ, ഡോക്ടർമാർ മുതലായ ഇടത്തരക്കാർ. ഇവരിൽ ഉയർന്ന നിലയിലുള്ളവർ മാത്രമായിരുന്നു അന്നു പ്രസ്ഥാനത്തിലുണ്ടായിരുന്നത്; അവരായിരുന്നു അതിന്റെ നേതാക്കന്മാർ, വിക്ടോറിയൻ കാലഘട്ട (ഇംഗ്ലണ്ടിലെ) ത്തിലെ ലിബറൽസിദ്ധാന്തത്തിൽ മുങ്ങിക്കുളിച്ചിട്ടുള്ള ഈ ബുദ്ധിജീവികളുടെ ദൃഷ്ടിയിൽ ബ്രിട്ടൻ ഇന്ത്യക്ക് അനുകരണീയമായ ഒരു മാതൃകയാണ്. "ഇന്ത്യ ഏകീകരിച്ച് ബ്രിട്ടനെപ്പോലെ ഒരു രാഷ്ട്രമാവണം" ഇതാണവരുടെ ആദർശം. ഇന്ത്യയും ബ്രിട്ടനും തമ്മിലുള്ള വ്യക്തമായ വ്യത്യാസങ്ങൾ അവർ കാണുന്നില്ല, ഇന്ത്യയുടെ വളർച്ചയിലുള്ള വിവിധസ്വഭാവങ്ങളുവർ കാണുന്നില്ല. ഇന്ത്യയിലെ മതപരമായ വ്യത്യാസങ്ങൾ അവർ കാണുന്നുണ്ട്; ഈ വ്യത്യാസം മാത്രമാണ് ബ്രിട്ടനെപ്പോലെ ഇന്ത്യയും ഒരൊററ രാഷ്ട്രമായിത്തീരുന്നതിനുള്ള ഏകതടസ്ഥമെന്ന് അവർ കരുതുന്നു. അതിനാൽ അവരുടെ പ്രചാരവേല സമുദായപരിഷ്കാരത്തിന്നുവേണ്ടിയുള്ളതാണ്. എന്തിനുവേണ്ടി? "രാഷ്ട്രീയകാര്യ"ങ്ങളിൽ മതത്തിന്റെ പ്രശ്നം കൊണ്ടുവരുന്നത് "അസ്ഥാന"ത്തിലാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ. രാഷ്ട്രീയകാര്യങ്ങളിൽനിന്ന് മതത്തെ ചവിട്ടിപ്പുറത്താക്കുക എന്ന നിലക്കാണ് ഈ പ്രശ്നത്തെയാകെ അവർ നോക്കിക്കണ്ടത്. "മതം ബ്രിട്ടീഷുകാരെ യാതൊരുവിധത്തിലും ശല്യപ്പെടുത്തുന്നില്ല, അപ്പോൾ അതു നമ്മെ എന്തിന്നു ശല്യപ്പെടുത്തണം?" ഇങ്ങിനെയാണവർ ന്യായവാദം ചെയ്തത്.

ബ്രിട്ടൻ വളൎന്നുവന്നിട്ടുള്ള രീതിയിൽ ഇന്ത്യയുടെ വളൎച്ചയെ “മാതൃക”മാക്കി ദർശിക്കുന്ന അക്കാലത്തെ മിതവാദികളുടെ ഇടുങ്ങിയ രാഷ്ട്രീയജ്ഞാനത്തിലൂടെ നോക്കിയാൽ ഈ പ്രശ്നം പ്രത്യക്ഷപ്പെടുന്നു ഇങ്ങിനെയാണ്.

ദേശീയപ്രസ്ഥാനം വളൎന്നുവരുന്നതോടുകൂടി രണ്ടു സംഗതികൾ പൊന്തിവരുന്നു: “ഇന്ത്യ ഒരു രാഷ്ട്രംതന്നെയല്ല, പിന്നെയെങ്ങിനെയാണ് അതിന്നു സ്വയംഭരണം സാധിക്കുക?” എന്ന സാമ്രാജ്യത്വത്തിന്റെ വളൎന്നുവരുന്ന വെല്ലുവിളിയാണ് ഇതിലൊന്ന്. ഇതിന്നെതിരായി, ഈ ഔദ്ധത്യം നിറഞ്ഞ വെല്ലുവിളിക്കൊരു മറുപടിയെന്ന നിലക്ക് 1906—18 കാലത്തെ ദേശീയപ്രസ്ഥാനം ഇന്ത്യ ഒരു രാഷ്ട്രമാണെന്നും അതുകൊണ്ടു സ്വതന്ത്രമായി ഭരിക്കാൻ കഴിയുമെന്നും സ്വയം ഉയൎന്നു.

ഇന്ത്യ ഒരു രാഷ്ട്രമാണെന്നും അതിന്നു തന്നത്താൻ ഭരിക്കാനുള്ള കഴിവുണ്ടെന്നും ഉറപ്പിച്ചുപറഞ്ഞുകൊണ്ടാണ്, ഇതിന്റെ കൊടി പിടിച്ചുകൊണ്ടാണ് ഈ ഘട്ടത്തിൽ ദേശീയപ്രസ്ഥാനം വളൎന്നുവന്നത്. “ബ്രിട്ടനെപ്പോലെതന്നെ ഞങ്ങളും ഒരു രാഷ്ട്രമാണ്” ഇതാണ് ഇക്കാലത്തെ ദേശീയവാദി പറയുന്നത്. ഇതനുസരിച്ചുതന്നെ ഇക്കാലത്തെ ദേശീയപ്രസ്ഥാനം ആവശ്യപ്പെട്ടിരുന്നത് ബ്രിട്ടനിലെപ്പോലുള്ള ജനാധിപത്യപരവും പാർല്ലിമെണ്ടറിരീതിയിലുള്ളതുമായ സ്ഥാപനങ്ങൾക്കുവേണ്ടിയാണ്. കാരണം, “ബ്രിട്ടനെപ്പോലെതന്നെ ഇന്ത്യയും ഒരു രാഷ്ട്രമാണ്.” അക്കാലത്തെ ദേശീയപ്രസ്ഥാനത്തിന്റെ അടിസ്ഥാനം സാമ്രാജ്യത്വത്തിന്റെ വെല്ലുവിളിക്കുള്ള മറുപടിയെന്ന നിലക്ക്, ഇന്ത്യ ഒരു രാഷ്ട്രമാണെന്ന് ഉറപ്പിച്ചുപറയലാണ്.

ഇക്കാലത്ത് ദേശീയപ്രസ്ഥാനത്തിന്റെ വളൎച്ചയോടുകൂടിത്തന്നെ തെറ്റിദ്ധാരണക്കിടയാക്കുന്ന ചില മനോഭാവങ്ങളും വളൎന്നുവന്നു. ദേശീയപ്രസ്ഥാനം ഒന്നാമതായി വളരാൻ തുടങ്ങിയതു വിദ്യാഭ്യാസം സിദ്ധിച്ച ഇടത്തരക്കാരായ ഹിന്ദുക്കൾക്കിടയിൽനിന്നാണെന്നുള്ള സംഗതിയാണ് ഈ മനോഭാവത്തിന്റെ അടിസ്ഥാനം. പിന്നീട് വന്ന ഘട്ടങ്ങളിലും ഈ മനോഭാവം നിലനിന്നത് ദേശീയൈക്യത്തിന്റെ വളൎച്ചക്ക് വിഘ്നമായി പരിണമിച്ചു. അന്നത്തെ ദേശീയപ്രസ്ഥാനത്തിന് മിക്കവാറും ഒരു ഹിന്ദുസ്വഭാവമാണുണ്ടായിരുന്നത്; അതിനെ നയിച്ചിരുന്നത് ഇടത്തരക്കാരായ ഹിന്ദുനേതാക്കന്മാരായിരുന്നു. അ

ഇക്കാരണമായി അന്നത്തെ ദേശീയപ്രസ്ഥാനം ഹൈന്ദവാദർശങ്ങളുടെ വസ്ത്രമണിഞ്ഞുകൊണ്ടാണ് സ്വയം പ്രത്യക്ഷപ്പെട്ടത്. ഇന്ത്യ ഒരൊറ്റ രാഷ്ട്രമാണെന്നുള്ള ബോധവും ഇന്ത്യയുടെ അഭിന്നതയെ പ്രകാശിപ്പിക്കാൻവേണ്ടി ഹിന്ദുമതത്തിന്റെയും ഹിന്ദുസംസ്കാരത്തിന്റെയും മഷിയിൽ വരച്ചിരുന്ന ചിത്രവും തമ്മിൽ വേർതിരിക്കാൻ സാദ്ധ്യമല്ലാത്ത വിധം അത്രയും കൂട്ടിക്കുഴച്ചിരുന്നു.

ഇങ്ങിനെയാണ് ദേശീയപ്രസ്ഥാനം ഉണ്ടായത്. എന്നാൽ ഈ കാലഘട്ടം കഴിഞ്ഞ് എത്രയോ കഴിഞ്ഞിട്ടും നാട്ടുകാരുടെ ഹൃദയത്തിൽ മതത്തിന്റെ മഷിയിൽ വരച്ച ഈ ചിത്രവും സാഹചര്യങ്ങളും മായാതെ കിടക്കുന്നുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെ ആദിമഘട്ടത്തിലുണ്ടായിരുന്ന ഹിന്ദുനേതൃത്വം ആ പ്രസ്ഥാനത്തിന്മേൽ ഹിന്ദുസംസ്കാരത്തിന്റെ ഒരു പ്രാന്ത്യകമുദ്ര പതിച്ചു. ഇന്ത്യ ഒന്നാണെന്നുള്ള ബോധവും ഇന്ത്യയുടെ സാംസ്കാരികമായ ഐക്യം ഒരു ഹിന്ദുസംസ്കാരത്തിന്റെ ഐക്യമാണെന്നുള്ള ബോധവും തമ്മിൽ ബന്ധപ്പെട്ടു—ഈരണ്ടു സാഹചര്യവും പിന്നീട് വളരെയേറെ തടസ്ഥമായിത്തീർന്നുവെന്നു നമുക്കു കാണാൻ സാധിക്കും.

ഇടക്കാലത്തു പുഷ്ടിപ്പെട്ട വ്യവസായമുതലാളിത്തം 1920_21ൽ ദേശീയപ്രസ്ഥാനത്തിന്റെ മുന്നണിയിലേക്ക് വരാൻ തുടങ്ങി. ഹിന്ദുമുസ്ലിം ഐക്യത്തിന്നു ഇതുവരെയുണ്ടായിരുന്ന അർത്ഥം ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ മുമ്പിൽ "ഹരജി" സമർപ്പിക്കാൻവേണ്ടി (1916ലെ ലക്നോ കരാറ്) കൂടിച്ചേരൽ എന്ന മാത്രമായിരുന്നു. ഇന്നത് ഒരു പുതിയ രൂപത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. യുദ്ധാനന്തരമുണ്ടായ കോളിളക്കം ഹിന്ദുക്കളും മുസ്ലീമീങ്ങളുമായ ബഹുജനങ്ങളെ പിടിച്ചുകുലുക്കാൻ തുടങ്ങി. മുസ്ലീംബഹുജനങ്ങൾ ഉണർന്നെഴുന്നേല്ക്കുന്ന ഒരു കാലമായിരുന്നു അത്. മദ്ധ്യപൌരസ്ത്യദേശത്തിലെ മുസ്ലിംരാജ്യങ്ങൾ ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്നെതിരായി ശക്തിയായി കലാപമുണ്ടാക്കുന്ന ഒരു സന്ദർഭമായിരുന്നു അത്. പഴയ തുർക്കിസാമ്രാജ്യത്തെ ഛിന്നഭിന്നമാക്കിയതിൽ ലോകത്തിലെല്ലാമുള്ള മുസ്ലിമീങ്ങൾ ക്ഷോഭിച്ചിരുന്നു.

പൌരസ്ത്യ മുസ്ലിംജനസമുദായങ്ങൾക്കിടയിലുണ്ടായ കോളിളക്കത്തിന്റെ ഒരു പ്രതിഫലനമായിരുന്നു ഖിലാഫത്തുപ്രസ്ഥാനം. ഖി

ഖിലാഫത്തുപ്രസ്ഥാനവും ശക്തിപ്പെട്ടുവരുന്ന ഇന്ത്യൻദേശീയപ്രസ്ഥാനവും ഒരുകൈകോർത്തുപിടിച്ചു. രണ്ടു വിഭാഗവും—ഹിന്ദുക്കളും മുസ്ലീമിങ്ങളും—ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്നെതിരായ സമരത്തിൽ ഒന്നിച്ചുനില്ക്കുന്നു. എന്നാൽ ഈ സമരത്തിൽപോലും പ്രശ്നങ്ങൾ വ്യക്തമായിരുന്നില്ല. ഇതൊരു ബഹുജനസമരമായിരുന്നുവെങ്കിലും സമരംകൊണ്ടാവശ്യപ്പെട്ടിരുന്ന കാര്യങ്ങൾ മിതവാദിതാല്പര്യങ്ങളായിരുന്നു; സമരത്തിന്റെ രൂപം മാത്രം വിപ്ലവകരമായിരുന്നു.

ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്നെതിരായി ദേശീയസ്വാതന്ത്ര്യശക്തികളും ഊന്നിപ്പറയുകയെന്ന ദേശീയമനോഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള ഐക്യം—ഈ നിലക്കാണ് ഐക്യത്തിന്റെ പ്രശ്നത്തെ അന്നു മുന്നോട്ടുകൊണ്ടുവന്നത്. അന്നും ദേശീയപ്രസ്ഥാനമാകെതന്നെ ഇടത്തരക്കാർക്കിടയിൽ മാത്രമായിരുന്നു. പ്രശ്നങ്ങളൊന്നുംതന്നെ ബഹുജനങ്ങൾക്കിടയിലേക്ക് ആണ്ടുപോയിട്ടുണ്ടായിരുന്നില്ല. ആവശ്യങ്ങളൊന്നുംതന്നെ അവരുടെ ആവശ്യങ്ങളെന്ന നിലക്ക് വ്യക്തമാക്കപ്പെട്ടിരുന്നില്ല. മുസ്ലിംബഹുജനങ്ങളെസ്സംബന്ധിച്ചിടത്തോളമാണെങ്കിൽ അവർ ഈ സമരത്തിൽ പങ്കെടുത്തത് മുസ്ലിംജനസമുദായങ്ങൾക്കിടയിലുള്ള സ്വാതന്ത്ര്യതൃഷ്ണയുടെ പ്രത്യക്ഷപ്രകടനമായിരുന്നു. അന്ന് അതിന്മേലൊരു മതച്ഛായ കലർന്നിട്ടുണ്ടായിരുന്നു. ബഹുജനങ്ങൾക്ക് ജനാധിപത്യപരമായ ഒന്നിനും ആവശ്യങ്ങളെല്ലാമൊന്നും കാണിച്ചുകൊണ്ടു ഹിന്ദുമുസ്ലിംബഹുജനങ്ങളെ സമരത്തിൽ ഇണക്കുകയുണ്ടായില്ല. നേതൃത്വം മുന്നോട്ടുകൊണ്ടുവന്നിട്ടുള്ള ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഖിലാഫത്തുവാദികളും സ്വരാജ്യകക്ഷിയും തമ്മിലുള്ള, വെറും നേതൃത്വത്തിന്റേതായ, ഒരു യോജിപ്പായിരുന്നു അത്. ഇങ്ങിനെ രേഖീയ ഈ ഐക്യത്തിന്ന് യാതൊരു ഉറച്ച ബഹുജനാടിസ്ഥാനവുമുണ്ടായിരുന്നില്ല. അതുകൊണ്ട് സമരം തകർന്നതോടുകൂടി, മോണ്ടേഗു-ചെംസ്ഫോർഡ് ഭരണപരിഷ്കാരം വന്നതോടുകൂടി, ഈ ഐക്യവും തകർന്നു.

ഐക്യത്തിന്നു വന്ന ഈ തകർച്ച ഇരുവരെയുമുണ്ടായിരുന്ന ഒരു കാലഘട്ടത്തിന്റെ അവസാനത്തെയും ഒരു പുതിയ ഘട്ടത്തിന്റെ തുടക്കത്തെയും വ്യക്തമായി കുറിക്കുന്ന ഒരു സംഭവകല്ലാണ്. സാമ്രാജ്യത്വം വിലയിടിച്ചുതള്ളുന്നതുകൊണ്ട് വികൃതമാക്കപ്പെട്ട മട്ടിലാണെങ്കിൽകൂടി സാവധാനത്തിൽ വളർന്നുവരുന്ന വ്യവസായമുതലാളിത്തം സാമ്രാജ്യ

ഭാരതത്തോടും സ്വന്തം ചേരിയിലുള്ള വിവിധവിഭാഗങ്ങളോടും വഴക്കടിച്ചുകൊണ്ടിരിക്കുന്ന കാഴ്ച ഒരുഭാഗത്തും, വളൎന്നുവരുന്ന തൊഴിലാളിപ്രസ്ഥാനത്തിലൂടെ ഹിന്ദുക്കളും മുസ്ലീമിങ്ങളുമായ ബഹുജനങ്ങൾ ഐക്യം നേടുന്ന കാഴ്ച മറുഭാഗത്തും ഇക്കാലം മുതല്ക്കാണ് നാം കാണാൻ തുടങ്ങുന്നതു്.

രണ്ടു മുതലാളിത്തങ്ങൾ തമ്മിലുള്ള വടംവലിയിലടങ്ങിയിട്ടുള്ളതും ഒന്നും ഇടത്തരക്കാരെമാത്രം ബാധിക്കുന്നതുമായ ഒരു പ്രശ്നമെന്നതിലക്ക് സാമുദായികപ്രശ്നത്തെ നോക്കിക്കാണുവാനുള്ള ഒരു വാസന ഈ കാലഘട്ടത്തിന്റെ പ്രത്യേകസ്വഭാവങ്ങളുടെ പ്രേരണമൂലം ശക്തിയാർജ്ജിച്ചിരുന്നു. “തൊഴിലാളികൾക്കുമാത്രമേ ഒരു പൊതുസമരത്തിൽ കന്നിച്ചുവരാൻ കഴികയുള്ളൂ. ഈ പൊതുസമരത്തിന്റെ അടിസ്ഥാനം സാമ്പത്തികം മാത്രമാണ്”—ഇതായിരുന്നു വാദത്തിന്റെ പോക്ക്. സാമുദായികപ്രശ്നത്തിന് സാമ്പത്തികമാൎഗ്ഗത്തിലൂടെ പരിഹാരം കാണാനുള്ള ഒരു ശ്രമമായിരുന്നു അതു്.

ഈ വീക്ഷണത്തിനുള്ള തകരാറ് അതു അപ്പടി തെറ്റാണെന്നുള്ളതല്ല, അതു കാൎയ്യത്തിന്റെ ചില വശങ്ങളെമാത്രമേ കാണിക്കുന്നുള്ളൂവെന്നതാണ്—തൊഴിലാളികളും അതൊഴിലാളികളുമായ ബഹുജനങ്ങൾ കന്നിച്ചുചേരലാണ് മുതലാളിത്തത്തിലുള്ള വഴക്കിന്നുള്ള പരിഹാരം എന്നതാണ് അതു. “വൎഗ്ഗസിദ്ധാന്ത”ത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ വിശദീകരണം ഒരു താഴ്ന്നതരം സാമ്പത്തികവാദത്തിന്റെ രീതിയാണെടുത്തിട്ടുള്ളതു്—അതായതു, ഈ പ്രശ്നം ഒരുവും ഇടത്തരക്കാരുടെ പരസ്പരമത്സരത്തിന്റെ ഒരു പ്രശ്നമാണ്, ഇതിനുള്ള പരിഹാരം ബഹുജനങ്ങളുടെ പൊതു സാമ്പത്തികസമരമാണ്. “മുസ്ലിമീങ്ങൾക്കു സംസ്കാരാവകാശങ്ങൾ കൊടുക്കുക, എന്നാൽ പ്രശ്നത്തിന്നു പരിഹാരമായി” എന്ന നിലക്കു സാമുദായികപ്രശ്നത്തിന്നു ഒരു “പ്രായോഗിക”നിവൃത്തി കണ്ടെത്തുവാൻ ഇടതുപക്ഷക്കാരെ പ്രേരിപ്പിച്ചതു ഇതേയൊരു വീക്ഷണഗതിയാണ്. അതേസമയത്തുതന്നെ ഈ “പ്രായോഗിക”പരിഹാരം മുതലാളിത്തത്തിലെതന്നെ മേധാവിയായ വിഭാഗത്തിന്റെ “പ്രായോഗിക”നയവുമായിരുന്നു.

1920—22-ലെ ശ്രുതിപ്പെട്ട ഐക്യത്തിന്റെ തകൎച്ചയോടുകൂടി തുടങ്ങിയ ഈ രണ്ടാംകാലഘട്ടത്തിന്റെ അവസാനഭാഗത്തിൽ നമ്മുടെ

നാട്ടിലെ ഈ രണ്ടു ജനവിഭാഗങ്ങളും തമ്മിൽ ശക്തിയായ സംഘട്ടനങ്ങളും കുഴപ്പം ഉണ്ടായി. കൂട്ടായ സമരകാലത്തുതന്നെ മോണ്ടഫോഡ് കൌൺസിലുകളിൽ വഴക്കടി തുടങ്ങി. സൈമൺകമ്മീഷനെതിരായി കോൺഗ്രസ്സും ലീഗും തമ്മിൽ ഫലപ്രദമായി ഒരു കൂട്ടുമുന്നണിയുണ്ടായിരുന്നില്ല. പിന്നീട് സൈമൺകമ്മീഷൻവഴി സാമ്രാജ്യത്വം ഇന്ത്യയുടെ നേർക്കയച്ച വെല്ലുവിളിക്ക് മറുവെല്ലുവിളി കൊടുക്കാൻവേണ്ടി 1928 ഡിസമ്പറിൽ സർവ്വകക്ഷി കൺവെൻഷൻ ചേരുകയും ഒരു സർവ്വസമ്മതമായ ഭരണഘടന ഉണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അതു പരാജയപ്പെടുകയാണുണ്ടായതു്. അന്നുണ്ടാക്കിയ ഭരണഘടനയെ മുസ്ലീംലീഗു തള്ളിക്കളഞ്ഞു; കാരണം, ഒരു സ്വതന്ത്ര ഇന്ത്യൻഫെഡറേഷനിൽ അവശിഷ്ടാധികാരങ്ങൾ കേന്ദ്രത്തിലായിരിക്കരുതെന്നും ഫെഡറേഷന്റെ ഘടകങ്ങളിലാവണമെന്നും എന്നാൽ മാത്രമേ ഘടകങ്ങൾക്കു വിപുലമായ സ്വയംഭരണാധികാരങ്ങളുണ്ടാകുകയുള്ളുവെന്നുമുള്ള ലീഗിന്റെ വാദത്തെ കോൺഗ്രസ്സും മററുപല കക്ഷികളും, പ്രത്യേകിച്ചു ഹിന്ദുസഭയും, അവഗണിച്ചു.

ഫലമെന്തായി? കോൺഗ്രസ്സു 1930—32 സമരം തുടങ്ങിയപ്പോൾ ലീഗ് അതിൽ ചേർന്നില്ല. മുസ്ലീംനേതൃത്വത്തിൽ ഒരു വിഭാഗം അതിൽ ചേർന്നു; പക്ഷേ 1920—22-ലെപ്പോലെ മുസ്ലീംബഹുജനങ്ങളുടെ ഒരു വമ്പിച്ച ഭാഗം അതിലേക്കാകർഷിക്കപ്പെട്ടില്ല. ലീഗുതന്നെ ഛിന്നഭിന്നമാവാൻ തുടങ്ങി, 1924—36 കൊല്ലങ്ങൾക്കിടയിൽ അതു ദുർബ്ബലമായിരുന്നു. വട്ടമേശസമ്മേളനത്തിന്റെ സന്ദർഭത്തിലും കോൺഗ്രസ്സും ലീഗും തമ്മിൽ ഒത്തുതീർപ്പുണ്ടായില്ല.

ഈ അനൈക്യത്തിന്റെ കാലഘട്ടം സാമുദായിക ലഹളകൾ ചിന്തിയ രക്തംകൊണ്ടു അടയാളപ്പെട്ട ഒന്നാണ്. ഉശിരനിറഞ്ഞ ദേശീയപ്രസ്ഥാനത്തെയും ഉയർന്നുവരുന്ന തൊഴിലാളികർഷകപ്രസ്ഥാനത്തെയും തകർക്കണമെന്ന ആഗ്രഹത്തോടുകൂടി ഈ അനൈക്യത്തെ ഉപയോഗപ്പെടുത്തിയ മുരത്ത പിന്തിരിപ്പൻശക്തികളുടെ ശമ്പളം വാങ്ങിത്തിന്നുന്ന ചില തെമ്മാടികളാണ് ഈ ലഹളകളെല്ലാം ഉണ്ടാക്കിത്തീർത്തതു്.

ദേശാഭിമാനികളായ മുസ്ലീംനേതാക്കന്മാരിൽ ഒരു വിഭാഗം ഭിന്നിപ്പുകാരും അവസരസേവകന്മാരും നാട്ടുവാഴിപ്രഭുക്കന്മാരു

മായ ചില നേതാക്കന്മാർ ലീഗിന്നകത്തു് അടിഞ്ഞുകൂടുകയും ചെയ്തത കൊണ്ടു ഇക്കാലത്തു ലീഗിന്റെ ശക്തി ക്ഷയിച്ചു. ഇതിന്റെ ഫലമായി ലീഗിനെ നശിപ്പിച്ചു് മുസ്ലിമിങ്ങളുടെ സംസ്കാരത്തിന്നു രക്ഷകൊ ടുക്കുകയും അവരുടെ മതപരമായ ആവശ്യങ്ങളനുവദിക്കുകയും ചെ യ്താൽ ഹിന്ദുമുസ്ലിംഐക്യം യോജിക്കുമെന്നുള്ള വ്യാമോഹം കോൺഗ്ര സ്സിന്നകത്തു കടന്നുകൂടി. ഇടതുപക്ഷക്കാർ ഈ വ്യാമോഹത്തെ ഒരു സിദ്ധാന്തമാക്കി മാറ്റി: മുസ്ലിംലീഗു ഒരു പിന്തിരിപ്പൻ സാമുദായി കസംഘടനയാണു്; കോൺഗ്രസ്സ് ബഹുജനങ്ങളുടെ സാമ്പത്തികാ വശ്യങ്ങൾക്കുവേണ്ടി പോരാടാൻ തുടങ്ങുകയും, മുസ്ലിമിങ്ങളുടെ സാംസ്കാരികവും മതപരവുമായ ആവശ്യങ്ങളെ സംരക്ഷിക്കുകയും ചെയ്യുമ്പോൾ, മുസ്ലിംബഹുജനങ്ങൾ തനിയെ ലീഗുവിട്ടു കോൺ ഗ്രസ്സിൽ ചേരുകയും അങ്ങിനെ സാമുദായികപ്രശ്നം പരിഹരിക്കപ്പെടു കയും ചെയ്യും.

രണ്ടാം സിവിൽനിയമലംഘനപ്രക്ഷോഭം പൊളിഞ്ഞതിനെത്തു ടർന്നു തൊഴിലാളികർഷകപ്രസ്ഥാനത്തിൽ ഒരു പുതിയ കോളിളക്കമു ണ്ടായി; ദേശീയപ്രസ്ഥാനത്തിന്നു ഒരു പുതിയ ജീവൻകിട്ടി. ഈ കോളിളക്കത്തെത്തുടർന്നുണ്ടായ സംഭവഗതികൾ ഈ സിദ്ധാന്തത്തി ന്റെ പാപ്പരത്തം തെളിയിക്കുകമാത്രമല്ല, സാമുദായികപ്രശ്നത്തിന്റെ യഥാർത്ഥസ്വഭാവത്തെയും അതിന്റെ പരിഹാരമാർഗ്ഗത്തെയും വ്യക്തമാ യി പ്രകാശിപ്പിക്കുകകൂടി ചെയ്തു.

സംഘടിതമായ തൊഴിലാളി കർഷകപ്രസ്ഥാനങ്ങളുടെ ഉയർച്ച, കോൺഗ്രസ്സ് തിരഞ്ഞെടുപ്പുകൾക്കു മുമ്പും അതിനെത്തുടർന്നും നാടു ടെ ഇരമ്പിക്കയറിയ വമ്പിച്ച രാഷ്ട്രീയപ്രവർത്തനങ്ങൾ—ഇവയെ ല്ലാമാണു് ഈ കാലഘട്ടത്തിന്റെ പ്രാരംഭത്തെ കുറിക്കുന്നതു്.

ഈ അവസരത്തിൽ മൂന്നു സംഗതികൾ നടന്നു:

ഒന്നാമതായി, ഒന്നാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായതും മുന്ന ണിയിൽ നില്ക്കുന്ന ചില സംസ്ഥാനങ്ങളിലെ കേന്ദ്രങ്ങളിൽ മാത്രമുണ്ടാ യിരുന്നതുമായ വ്യവസായാഭിവൃദ്ധി ഈ രാജ്യത്തിന്റെ മറ്റു ഭാഗങ്ങ ളിലേക്കും വ്യാപിക്കാൻ തുടങ്ങി. 1926—32 കാലത്തെ വ്യാവസായ കുഴപ്പവും മാന്ദ്യവും കഴിഞ്ഞതിനുശേഷം പഴയ വ്യവസായകേന്ദ്രങ്ങളിൽ

ത്തിന്നു മുടക്കുമുതൽ പിന്നണിയിൽപ്പെട്ട സ്ഥലങ്ങളിലേക്കും സംസ്ഥാനങ്ങളിലേക്കും പ്രവഹിക്കാൻ തുടങ്ങി. പഞ്ചസാര, സിമൻറ് മുതലായ പുതിയ വ്യവസായങ്ങൾ വളരാൻ തുടങ്ങി. പിന്നിൽപ്പെട്ടവയായിരുന്ന സംസ്ഥാനങ്ങളിൽ വ്യവസായം പരന്നുപിടിക്കുകയും അവിടങ്ങളിൽ പുതിയ വ്യവസായകേന്ദ്രങ്ങളുണ്ടായിത്തീരുകയും ചെയ്യുന്നതോടുകൂടി, ഇന്ത്യൻ മുതലാളിത്തത്തിൻ്റെ വിവിധവിഭാഗങ്ങൾ തമ്മിൽ മുഴുത്ത കിടമത്സരവും വടംവലിയും വളർന്നുവന്നു. '35-ലെ ഭരണഘടനയിൻകീഴിലുള്ള മന്ത്രിസഭാഘട്ടത്തോടെ ഇതെല്ലാം മൂത്തുവന്നു.

രണ്ടാമതായി, ഇതുവരെയുണ്ടായിട്ടില്ലാത്തത്ര ശക്തിയോടും വേഗതയോടുംകൂടി ദേശീയപ്രസ്ഥാനം നാട്ടിൻപുറങ്ങളിലേക്കും കൃഷിക്കാരബഹുജനങ്ങൾക്കിടയിലേക്കും തുളച്ചുകയറി എന്ന സംഗതിയാണ്. ഇന്നുവരെ "മുന്നോട്ടുപോയിട്ടുള്ള" സംസ്ഥാനങ്ങളിലെന്നപോലെതന്നെ ഇന്നുവരെ "പിന്നിൽപ്പെട്ട"നിന്നിരുന്ന സംസ്ഥാനങ്ങളിലും തൊഴിലാളികൃഷിക്കാരബഹുജനങ്ങൾ ദേശീയപ്രസ്ഥാനത്തിൻ്റെ ഒഴുക്കിലേക്കു തള്ളിനീക്കപ്പെട്ടു.

മൂന്നാമതായി, പുതിയ ഭരണഘടന നടപ്പിലായതോടുകൂടി വിവിധരാഷ്ട്രീയകക്ഷികൾക്കും മുതലാളിത്തവിഭാഗങ്ങൾക്കും അധികാരങ്ങളെസ്സംബന്ധിച്ച പ്രശ്നങ്ങളിൽ, സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും സംബന്ധിച്ച പ്രശ്നത്തിൽ ഏതെങ്കിലും വ്യക്തമായ രാഷ്ട്രീയനില എടുക്കേണ്ടതെന്ന ഘട്ടമായി.

ഇവയോരോന്നിനെയും നമുക്കു വെവ്വേറെ പരിശോധിച്ചു നോക്കാം.

സംസ്ഥാനങ്ങൾ തമ്മിൽ "അസൂയ" പ്രത്യക്ഷപ്പെടുന്നതു—മുതലാളിത്തത്തിൻ്റെ വിവിധവിഭാഗങ്ങൾ തമ്മിലും, വിവിധസംസ്ഥാനങ്ങളിലെയും, ഇന്ത്യയുടെ വിവിധസ്ഥലങ്ങളിലെയും മുതലാളിത്തങ്ങൾ തമ്മിലും കിടമത്സരങ്ങളും കൂട്ടിമുട്ടലുകളും ഒന്നാമതായി പുറത്തുവന്നതു 1937 കോൺഗ്രസ്സ് തിരഞ്ഞെടുപ്പുകാലത്തും കോൺഗ്രസ്സ് മന്ത്രിസഭാകാലത്തുമാണ്. ഇതുവരെ താരതമ്യേന "പിന്നണി"യിലായിരുന്ന ഏതേതു സംസ്ഥാനങ്ങളിലെല്ലാം വ്യവസായം പരന്നുപിടിച്ചിട്ടുണ്ടോ, ആ സംസ്ഥാനങ്ങളിലെ മുതലാളിവർഗ്ഗവും സാമ്പത്തികമായും രാഷ്ട്രീയമായും പ്രബലമായതും "പുരോഗമിച്ചിട്ടുള്ളതു"മായ സം

സ്ഥാനങ്ങളിലെ മുതലാളിവർഗ്ഗവും തമ്മിൽ മത്സരം പൊട്ടിപ്പുറപ്പെടുന്നു.

കർണ്ണാടക-മഹാരാഷ്ട്രാതർക്കവും ഒരു "സംയുക്തകർണ്ണാടകം" വേണമെന്നുള്ള കർണ്ണാടകക്കാരുടെ ആവശ്യവും; തമിഴ്—ആന്ധ്രാതർക്കവും ഒരു പ്രത്യേകസംസ്ഥാനംവേണമെന്നുള്ള ആന്ധ്രക്കാരുടെ ആവശ്യവും; തങ്ങളുടെ അവകാശം വെച്ചുകിട്ടണമെന്നു ഒറിയക്കാരുടെ ആവശ്യം; ബംഗാളികളും ബിഹാറികളും തമ്മിലുള്ള കടിയോരസർ—ഇവയെല്ലാം മുന്നോട്ടുവരാൻ തുടങ്ങി.

ഈ സ്പർദ്ധേച്ഛയ്ക്കുള്ള വളരെ ആഴത്തിൽപ്പോയ ഒന്നാണ്. ഇതിന്റെ പ്രതിഫലനം കോൺഗ്രസ്സ് സംഘടനക്കകത്തുതന്നെ പ്രത്യക്ഷപ്പെടുന്നുണ്ട്. ഉദാഹരണത്തിന്ന്, കർണ്ണാടകകോൺഗ്രസ്സിന്നകത്ത് കന്നടലിംഗായത്തും മഹാരാഷ്ട്രബ്രാഹ്മണരും തമ്മിലുള്ള കക്ഷിമത്സരമായ വഴക്ക് മൂത്ത് '37 ലെ തിരഞ്ഞെടുപ്പുകാലത്തും അതിന്നു ശേഷവും ഏററവും ഗൗരവതരമായ ഒരു രൂപം കൈക്കൊണ്ടു. ഈ പിളപ്പ് വാസ്തവത്തിൽ എന്താണ് കാണിക്കുന്നതു? ഇക്കാലംവരെയും കർണ്ണാടകത്തിന്റെ സാമ്പത്തികരാഷ്ട്രീയജീവിതത്തിൽ മേധാവിത്വമുണ്ടായിരുന്ന പണമിടപാടുകാരായ മഹാരാഷ്ട്ര ബ്രാഹ്മണർ (ജന്മിമാർ) ഒരുഭാഗത്തും മറുഭാഗത്ത് ഉയർന്നുവരുന്ന കർണ്ണാടകത്തിലെ ഇടത്തരക്കാരും (കച്ചവടക്കാർ) ഒരു കർണ്ണാടകകർഷകവർഗ്ഗത്തിന്റെ ഒരു വമ്പിച്ച വിഭാഗവുംകൂടിയുള്ള ഒരു മത്സരമായിരുന്നു അതു്. ഒടുവിൽപ്പറഞ്ഞ രണ്ടുകൂട്ടരും ലിംഗായത്ത് സമുദായത്തിൽപ്പെട്ടവരാണ്, 1930-32 സമരത്തിന്റെ രണ്ടാംഘട്ടത്തോടുകൂടി രാഷ്ട്രീയബോധത്തിലേക്കു വരാൻ തുടങ്ങിയിട്ടുള്ളവരാണ്.

ഈ ആവശ്യങ്ങളുടെയും വഴക്കുകളുടെയും പിന്നിലുള്ള അടിസ്ഥാനം കുറെക്കൂടി ആഴത്തിൽപ്പോയ ഒന്നാണ്; മുതലാളിത്തവിഭാഗങ്ങളുടെ ഉപരിതലത്തിലുള്ള ചെറുതരമായ വഴക്കുമാത്രമല്ലിതു്. മുതലാളിത്തമത്സരം ഇതിന്റെ ഒരു വശംമാത്രമാണ്. ഇതിന്നു മറെറാരുവശംകൂടിയുണ്ട്. ഈ കാലഘട്ടത്തിന്റെ രണ്ടാമത്തെ പ്രത്യേകസ്വഭാവമെന്ന് മുമ്പു പ്രസ്താവിച്ചിട്ടുള്ള സംഗതിയാണ് ഈ വശത്തിന്ന് കാരണമാകുന്നതു്.

മുമ്പുപറഞ്ഞ കർണ്ണാടകത്തിന്റെ ഉദാഹരണമെടുക്കുക. മഹാരാ

ഷ്ട്ര-കൃഷകവഴിക്കിന്നും പുറമെ അതിന്റെ പിന്നിൽ മറ്റൊരു സംഘടിതശക്തിയുണ്ട്. ലിംഗായത്ത് (കൃഷക) കർഷകവർഗ്ഗം ഒന്നു മതാത്മീ രാഷ്ട്രീയജീവിതത്തിലേക്കും ദേശീയപ്രസ്ഥാനത്തിലേക്കും ഉണർന്നുവരുന്നതു ഇതരത്തിലായിട്ടാണ്. പുതുതായുണ്ടായ രാഷ്ട്രീയ ഉണർച്ചയുള്ള ഈ കൃഷിക്കാർ 1937ലെ തിരഞ്ഞെടുപ്പിൽ മഹാരാഷ്ട്ര സ്ഥാനാർത്ഥികൾക്കെതിരായി ലിംഗായത്ത് സ്ഥാനാർത്ഥികളെയാണ് അനുകൂലിച്ചതു്. ഇതുപോലെതന്നെ ആന്ധ്രാ—തമിഴ് ഉദാഹരണം എടുത്താലും ബംഗാളി—ബീഹാറി ഉദാഹരണമെടുത്താലും ഇതുപോലുള്ള ഉദാഹരണങ്ങളുതന്നെ എടുത്താലും നമുക്കു കാണാൻകഴിയും, ബിഹാർ, ആന്ധ്രാ മുതലായ പ്രദേശങ്ങളിലെ പുതുതായി രാഷ്ട്രീയബോധമുള്ളവരായിട്ടുള്ള കൃഷിക്കാരും മററു ബഹുജനങ്ങളും പ്രത്യേകസംസ്ഥാനം മുതലായ അവകാശങ്ങളെ വളരെ ആർത്തിയോടെ അനുകൂലിക്കുന്നുവെന്ന്. സംയുക്തകൃഷക പ്രസ്ഥാനം, ആന്ധ്രായുടെ പ്രത്യേകസംസ്ഥാനത്തിനുള്ള സമരം ഇവയെല്ലാം കൃഷിക്കാരെയും മററു ബഹുജനങ്ങളെയും ഹൃദയത്തിൽ വേരൂന്നിയിട്ടുണ്ട്. ഇതുതന്നെ ദേശീയപ്രസ്ഥാനം പരന്നതിന്റെ ഫലമായി കൃഷിക്കാർക്ക് രാഷ്ട്രീയമായ ഉണർവ്വുണ്ടായിക്കൊണ്ടിരിക്കുന്ന അവസരത്തിലാണുതാനും.

ഈ ഘട്ടത്തിൽ ഈ വശത്തിന്നാണ് കൂടുതൽക്കൂടുതൽ പ്രാധാന്യം ഉണ്ടായിക്കൊണ്ടുവരുന്നതു്. സമുദായൈക്യപ്രശ്നത്തിന്നും ദേശീയൈക്യപ്രശ്നത്തിന്നും മൌലികമായ ഒരു വിപ്ലവകാരിത്വം കൊടുക്കുന്നതും ഈ വശമാണ്. ഈ വശത്തെയാണ് നമുക്കിപ്പോൾ സവിസ്തരം പരിശോധിക്കേണ്ടിയിരിക്കുന്നതു്.

ദേശീയപ്രസ്ഥാനം വിപുലമാവുന്നതോടുകൂടി മുതലാളിത്തത്തിലുള്ള ഉപരിവിഭാഗങ്ങൾ തമ്മിലുള്ള മത്സരം പുതിയ രൂപം കൈക്കൊള്ളുന്നു. ഈ പുതിയ രൂപങ്ങളെന്തെല്ലാമാണ്, എന്താണവയുടെ ഉള്ളടക്കം? ഈ കാലഘട്ടത്തിലെ ദേശീയൈക്യപ്രശ്നത്തിന്റെ സത്തായ ഭാഗമെന്തെന്ന് മനസ്സിലാക്കണമെങ്കിൽ ഇതെല്ലാം ഗവേഷണം ചെയ്യണം.

## III വളർന്നുവരുന്ന ജനസമുദായങ്ങളുടെ പ്രശ്നം

താഴ്ന്ന ഇടത്തരക്കാരിൽനിന്ന് കൃഷിക്കാർക്കിടയിലേക്ക് ദേശീ

യപ്രസ്ഥാനം വ്യാപിക്കുന്നതോടുകൂടി, ഇന്ത്യൻജനതയാകെ ഒരുഭാഗത്തും ബ്രിട്ടീഷ് സാമ്രാജ്യത്വം മറുഭാഗത്തുമായി നടത്തുന്ന വഴക്കിന്റെ രൂപത്തിലിരുന്നിരുന്ന ദേശീയപ്രശ്നം കൂടുതൽ കുഴമറിച്ചതായിത്തീരുന്നു, പുതിയ രൂപങ്ങൾ കൈക്കൊള്ളുന്നു. ഈ മൌലികമായ വഴക്കിന്റെ ചട്ടക്കൂടുതന്നെയാണ് പൊതുവിൽ നിലനില്ക്കുന്നത്. എങ്കിലും ഈ ചട്ടക്കൂട്ടിനുള്ളിൽതന്നെ പലപ്രശ്നങ്ങളും—ഇതുവരെ ഉറങ്ങിക്കിടന്നിരുന്നതും ഇന്നാദ്യമായി ഉണർന്നെഴുന്നേറ്റുവരുന്നതുമായ എത്രയോ ജനസമുദായങ്ങളെസ്സംബന്ധിച്ച പ്രശ്നങ്ങൾ—പൊന്തിവരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കയ്യിൽനിന്ന് ഇന്ത്യൻസ്വാതന്ത്ര്യം നേടേണ്ടതിന് ഒരുക്കംകൂട്ടുവാൻ ഈ പ്രശ്നങ്ങളുടെ പരിഹാരംകാണൽ ഒരടിയന്തരാവശ്യമാണ്.

1935–'39 കാലത്ത് ദേശീയപ്രസ്ഥാനം വാസ്തവത്തിൽ അധികം വിപുലമായിത്തീരുന്നുണ്ട്, ഇതുവരെ തൊടാതെ കിടന്നിരുന്ന ഓരോ മുക്കിലും മൂലയിലും അതു ചെന്ന് അടിച്ചുകയറുന്നുണ്ട്. അതു ബഹുജനങ്ങൾക്കിടയിലേക്ക് ആഴത്തിൽ ആണ്ടുപോകുന്നുണ്ട്; കൃഷിക്കാർക്കും മറ്റു ബഹുജനങ്ങൾക്കും ഒന്നാമതായി രാഷ്ട്രീയബോധവും ദേശീയമായ ഉണർച്ചയും ഉണ്ടാകുന്നു. മിക്ക സംസ്ഥാനങ്ങളിലുമുള്ള കൃഷിക്കാരുടെ ബോധം സ്വന്തം വിഭാഗത്തിന്റെ സങ്കുചിതപരിധിയെ അതിലംഘിച്ച് വിപുലമായ സർവ്വേന്ത്യാപരിധിയിലേക്ക നീങ്ങുന്നു. പക്ഷെ ഈ സർവ്വേന്ത്യാബോധത്തിലേക്കുള്ള അവരുടെ പുരോഗതിക്ക അവർ പുതുതായി നേടീട്ടുള്ള ദേശീയബോധത്തിന്റെ പ്രത്യേകതകളുള്ളതായിക്കാണാം.

ഉദാഹരണത്തിന്ന്, കർണ്ണാടകമെടുക്കുക. ലിംഗായത്ത് കൃഷിക്കാരുക്ക വാസ്തവത്തിൽ സർവ്വേന്ത്യാതോതിലുള്ള സാമ്രാജ്യവിരോധമനോഭാവം ഉണ്ടാവുന്നുണ്ട്. എന്നാൽ അവർ ഈ ബോധത്തിലേക്കെത്തുന്നതും അതിനെ മനസ്സിലാക്കുന്നതും അവരുടെ സ്വന്തം കർണ്ണാടകഭാഷയുടെയും കർണ്ണാടകജനതയുടേതായ ബോധത്തിന്റെയും വെളിച്ചത്തിലാണ്. "സംയുക്തകർണ്ണാടക"ത്തിന്റെ—ഏകീകൃതവും സ്വതന്ത്രവുമായ കർണ്ണാടകത്തിന്റെ—സജീവമായ ചിത്രത്തിലൂടെയാണ് ഒരു സ്വതന്ത്രഇന്ത്യയുടെ ബോധം അവർക്ക പ്രത്യക്ഷമായിത്തീരുന്നത്.

ഈ മൌലികസ്വഭാവം ഇന്ത്യൻനാഷണൽകോൺഗ്രസ്സ് മനസ്സി

ചാക്കിട്ടുണ്ടെന്നുള്ളതിന്നുള്ള തെളിവാണ് ഭാഷയനുസരിച്ചുള്ള കോൺഗ്രസ്സ് സംസ്ഥാനങ്ങൾ.

അപ്പോൾ, ഈ ഘട്ടത്തിൽ സംഭവിക്കുന്നതിതാണ്: കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ദേശീയപ്രസ്ഥാനം ഓരോ സംസ്ഥാനത്തിലേക്കും വ്യാപിക്കുന്നതോടുകൂടി അതാതുസംസ്ഥാനത്തിന്റെ പ്രാദേശികനിറം അതിൽ കലരുന്നു ഒരു പരുക്കൻമട്ടിലാണെങ്കിലും അലങ്കാരഭാഷയിൽപ്പറകയാണെങ്കിൽ ഇന്ത്യൻദേശീയപ്രസ്ഥാനം ഒരു നദിയെപ്പോലെയാണ്; ഓരോ ജനസമുദായവും അധിവസിക്കുന്ന മണ്ണിലൂടെ അതു പ്രവഹിക്കുമ്പോൾ അതിന്ന സ്വാഭാവികമായി ആ മണ്ണിന്റെ നിറം കിട്ടുന്നു അത് ശാഖപിരിയാതെ ഒരൊറ്റ നദിയായി ഒരേ മാർഗ്ഗത്തിലൂടെ തന്നെയാണ് പ്രവഹിക്കുന്നതെങ്കിൽകൂടി അതു വിവിധവർണ്ണങ്ങളുള്ള ഒരു നദിയായിത്തീരുന്നു

ദേശീയൈക്യം സാധിക്കുകയെന്ന പ്രശ്നം ഈ ഘട്ടത്തിൽ കൂടുതൽ കെട്ടുപിണഞ്ഞ ഒന്നായിത്തീരുന്നു. അതു വിവിധജനസമുദായങ്ങൾ തമ്മിൽ ഐക്യം നേടുകയെന്ന പ്രശ്നമായിത്തീരുന്നു. മറ്റൊരുവിധത്തിൽ പറകയാണെങ്കിൽ, സ്വാതന്ത്ര്യവും ജനാധിപത്യവും നേടുകയെന്ന പൊതുകൃത്യത്തിന്നുവേണ്ടി ഇന്ത്യൻജനതയെയാകെ യോജിപ്പിക്കണമെങ്കിൽ, ഓരോ ജനവിഭാഗത്തിനും അതാതിന്റെ ഭാഷയോടും ജന്മദേശത്തോടുമുള്ള സ്നേഹാഭിമാനങ്ങളേയും, അവരവരുടെ ജന്മദേശത്ത് സ്വന്തം ജീവിതം സ്വതന്ത്രമായി കെട്ടിപ്പടുക്കാനുള്ള ആഗ്രഹത്തേയും, കാര്യമായി ഗൌനിക്കേണ്ടത്, അത്യാവശ്യമായിത്തീരുന്നു. നമ്മുടെ ജനങ്ങളിൽ വിവിധവിഭാഗങ്ങൾക്കുണ്ടാവുന്ന ഈ സ്നേഹത്തേയും അഭിമാനത്തേയും അഭിലാഷങ്ങളേയും അവഗണിക്കുകയെന്നുവെച്ചാൽ, ഇതെല്ലാം പ്രാദേശികമായ മർക്കടമുഷ്ടികളാണ്, സാമുദായികമായ ആവശ്യങ്ങളാണ്, എന്നെല്ലാം പറഞ്ഞ് ഇവയെ തള്ളുകയെന്നുവെച്ചാൽ, ഒരു വളർന്നുവരുന്ന യാഥാർത്ഥ്യത്തെ മറക്കുകയെന്നർത്ഥമാണ്. ഈ വികാരങ്ങളെ അവഗണിക്കുകയെന്നുവെച്ചാൽ ദേശീയൈക്യം കെട്ടിപ്പടുക്കുകയെന്ന കൃത്യം ചെയ്യാൻ കൂട്ടാക്കാതിരിക്കലാണ്.

ജന്മദേശത്തേയും ഭാഷയേയും സംബന്ധിച്ചുള്ള ഈ മനോഭാവങ്ങൾ — ഈ അഭിലാഷങ്ങൾ — പിന്തിരിപ്പനല്ല. സർവ്വേന്ത്യാദേശീയപ്രസ്ഥാനത്തെസ്സംബന്ധിച്ചുള്ള മനോഭാവങ്ങളുമായി ഇവക്കു വൈരുദ്ധ്യ

മില്ല, ഒരുവൈരുദ്ധ്യമുണ്ടാവണമെന്നില്ല. നേരെ മറിച്ച്, വിവിധജനസമുദായങ്ങളിൽപ്പെട്ട ജനങ്ങൾക്ക ഇത്തരം മനോഭാവങ്ങളും അഭിലാഷങ്ങളും വളർന്നുവരുന്നത് ബഹുജനങ്ങൾക്കിടയിൽ സാമ്രാജ്യവിരോധം പരക്കുന്നതോടുകൂടിയാണ്. വാസ്തവത്തിൽ ഇളകിവരുന്ന സാമ്രാജ്യവിരോധപ്രസ്ഥാനം—ദേശീയപ്രസ്ഥാനം—കൃഷിക്കാരായ ബഹുജനങ്ങൾക്കിടയിൽ പൂഴ്ന്നുചെല്ലുന്നതുമൂലമാണ്.

ഒപ്പം ഉള്ളിലുള്ള സാമ്രാജ്യവിരോധമനോഭാവം—ഇന്ത്യയ്ക്കൊട്ടാകെ സ്വാതന്ത്ര്യവും ജനാധിപത്യവും നേടണമെന്ന ആഗ്രഹം—കൃഷിക്കാരനുണ്ടായിത്തീരുന്നു. ഈ ഉണർവ്വിന്റെ രൂപം സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനുമുള്ള ഒരത്യാർത്തിയുടെ രൂപമായിത്തീരുന്നു—അതുതന്നെ സ്വന്തം ജന്മദേശം, സ്വന്തം ഭാഷ മുതലായവയുടെ വെളിച്ചത്തിലും സാമ്രാജ്യവിരോധമനോഭാവം "ദേശീയ" ഇന്ത്യൻജനതയുടെ ഘടകങ്ങളായ വിവിധജനസമുദായങ്ങൾ എന്ന പ്രത്യേകാർത്ഥത്തിലുള്ള ദേശീയമനോഭാവത്തെ ഉണർത്തിവിടുന്നു. ഒന്നിനെ മറ്റൊന്നിൽനിന്നും വേർതിരിക്കാനാവില്ല.

സാമ്രാജ്യവിരോധപ്രസ്ഥാനം കൃഷിക്കാർക്കിടയിലെത്തുമ്പോൾ മാത്രമാണ് ഈ മാറ്റം സംഭവിക്കുന്നത്. അതുകൊണ്ടാണ് സ്റ്റാലിൻ "ജനസമുദായപ്രശ്നം പ്രധാനമായും ഒരു കർഷകപ്രശ്നമാണ്" എന്നു പറയുന്നത്.

ഇങ്ങിനെ ഒരു ഭാഗത്തു ബഹുജനങ്ങളുടെ സാർവ്വേന്ത്യാതോതിലുള്ള രാഷ്ട്രീയബോധം വളർന്നുവരുന്നു, മറുഭാഗത്ത് വിവിധജനസമുദായങ്ങൾ ഉണർന്നുവരുന്നു. ഒന്നു മറ്റൊന്നിന്മേൽ പ്രതിഫലിക്കുകയും പരസ്പരം സഹായിക്കുകയും ചെയ്തുകൊണ്ടും ഇവ രണ്ടും കൂട്ടിയിണങ്ങുന്നു—ഇതാണ് ഈ ഘട്ടത്തിലുള്ള വഴക്കുകളേയും മത്സരങ്ങളുടെയും പുരോഗമനപരമായ കാമ്പ്. ഇതിന്റെതന്നെ മറുവശം—ചാംതൊലി—പ്രത്യക്ഷപ്പെടുന്നതു മുതലാളിത്തത്തിന്റെ ഉപരിതലത്തിലുള്ള (ഉദാഹരണം: ബംഗാൾ-ബിഹാർവഴക്ക) വഴക്കാണ്

ഇതാണ് വാസ്തവത്തിൽ നമ്മുടെ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയെ, വിവിധജനസമുദായങ്ങൾക്കു യഥാർത്ഥത്തിൽ പ്രായപൂർത്തിയും ബോധവും ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതിയെ, തെളിയിക്കുന്നത്. സമുദായികപ്രശ്നമെന്നുവെച്ചാൽ വെറും സംസ്കാരപരമായ വിഭിന്നത

യുടെയും സംസ്കാരസ്വാതന്ത്ര്യത്തിന്റെയും ഒരു പ്രശ്നമല്ലാതാ-
യിത്തീർന്നിട്ടുണ്ടെന്നു കാണിക്കുന്നതു ഈ വളർച്ചതന്നെയാണ്. നാനാ-
ജനവിഭാഗങ്ങളുടെയുന്ന ഈ ചട്ടക്കൂടിനുള്ളിൽ ഓരോ ജനവിഭാഗത്തി-
നും യാതൊരുവിധ മർദ്ദനമോ തടസ്ഥമോ കൂടാതെ തികഞ്ഞ സ്വാത-
ന്ത്ര്യത്തോടുകൂടി വളരാൻ സാധിക്കണമെന്ന ഏകകണ്ഠമായ ആശയമാ-
ണ് ഇതിന്റെ യഥാർത്ഥമായ ആസ്പദം. യാതൊരുവിധ അസ്വാതന്ത്ര്യ-
വും കൂടാതെ തങ്ങൾക്കു തങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ജീ-
വിതം നയിക്കാൻ തികച്ചും സാധിക്കണമെന്നതാണവരുടെ ആവശ്യം.
പുതിയ പരിതസ്ഥിതിയിൽ അവരുടെ പൂർണ്ണമായ വളർച്ചക്കിതുമാത്രമാ-
ണ് വഴിയെന്ന് അവർക്കറിയാം. ഉണർന്നുവരുന്ന ഓരോ ജനസമുദായ-
ത്തിന്റെയും കാര്യത്തിലും സംസ്കാരത്തിന്റെ കയ്യിൽനിന്നു സ്വാത-
ന്ത്ര്യം നേടണമെന്ന ആവശ്യം ഉറച്ച ഒരു രൂപം എടുത്തിട്ടുള്ളതായിക്കാ-
ണാം. രാഷ്ട്രീയമായും സാമ്പത്തികമായും സ്വതന്ത്രമായി നിലനി-
ല്ക്കാൻ സാധിക്കണമെന്ന ഈ ആവശ്യവും ആദ്യത്തേതും തമ്മിൽ വേർ-
പെടുത്തിയോ പരസ്പരം വിരുദ്ധമായ നിലക്കോ പരിഹരിക്കാൻ സാ-
ധിക്കയില്ല. രണ്ടാമത്തേതിലൂടെ മാത്രമേ ആദ്യത്തേതിനു പരിഹാരം
കാണാൻ സാധിക്കയുള്ളു.

ഈ അവകാശവാദത്തെയാണ് നമ്മൾ ഓരോ ജനസമുദായത്തി-
ന്റെയും സ്വയംനിർണ്ണയ വകാശത്തിനുവേണ്ടിയുള്ള ആവശ്യമെന്നു പ-
റയുന്നതു്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി തോളോടുതോൾ
ചേർന്നു പൊരുതേണ്ടതിന്ന ഇന്ത്യയിലെ വിവിധജനസമുദായങ്ങളെ
സംഘടിപ്പിച്ച് അണിനിരത്താനുള്ള ഏക പുരോഗമനപരമായ ഉപക-
രണമായിട്ടാണിതു തീരുന്നതു്. പ്രത്യേകം പ്രത്യേകമായുള്ള ഓരോ ജ-
നസമുദായത്തിന്റെയും ഫലഭൂയിഷ്ഠമായ വളർച്ചക്കുള്ള പുരോഗമനപ-
രമായ ഒരു ഉപകരണമായിത്തീരുന്നു ഈ ആവശ്യം. ജനസമുദായ-
ങ്ങളുടെ വൈവിധ്യം ഐക്യമുണ്ടാക്കാനും അതിനെ പുഷ്ടിപ്പെടുത്തി
വളർത്താനുമുള്ള ഒരായുധമായിത്തീരുന്നു.

കമ്മ്യൂണിസ്റ്റുകാരെസ്സംബന്ധിച്ചേടത്തോളം ഈ വശം [illegible] വ-
ളരെ വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ ഒരു സാധാരണ ദേ-
ശാഭിമാനിക്കാകട്ടെ സാമുദായികപ്രശ്നത്തിന്റെ ഈ പുതിയ വശം —
നാനാജനസമുദായങ്ങളെസ്സംബന്ധിക്കുന്ന ഒരു പ്രശ്നമാണിതെന്ന സം-

ഗതി—അത്ര സ്പഷ്ടമായിക്കഴിഞ്ഞിട്ടില്ല. കമ്മ്യൂണിസ്റ്റുകാരായ നമ്മൾക്കു നമ്മുടെ സിദ്ധാന്തത്തിന്റെയും ആദർശത്തിന്റെയും സഹായത്തോടുകൂടി ഭാവിയിലേക്കു കാണാൻ സാധിക്കുന്നുണ്ട്. ഈ വഴിക്കു ഭാവിയിൽ നടന്നുവരാതിരിക്കാൻ നിവൃത്തിയില്ലാത്ത ഈ കാര്യങ്ങളെ ഇന്നുതന്നെ വേഗത്തിൽ മനസ്സിലാക്കാൻ കഴിയുന്നതു്. ദേശീയപ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങൾ രാജ്യത്തിന്റെ ഭാവിപുരോഗതിയെ പിടിച്ചുനിർത്തുന്നവയെയും അതിന്റെ മുമ്പിൽ വിലങ്ങടിച്ചു നില്ക്കുന്നവയെയും ആവാൻ പാടില്ല നേരെമറിച്ച്, അവ ഭാവിയിലെ ചരിത്രപരമായ വളർച്ചയുടെ ഒഴുക്കിനൊപ്പം നമ്മെ കൊണ്ടുപോകുന്ന തുഴകളായി ഉപകരിക്കത്തക്കവയാവണം.

ഈ പുതിയ പരിതസ്ഥിതിയിൽ, "സമുദായപ്രശ്ന"ത്തിന്റെ വളർച്ചയിൽ വന്നിട്ടുള്ള ഈ പുതിയ മാറ്റത്തിന്റെ അടിസ്ഥാനം മനസ്സിലാക്കേണ്ടതു അത്യന്തിരവും ഒഴിച്ചുകൂടാൻ വയ്യാത്തതുമാണെന്ന് നാം പറയുന്നതിന്റെ കാരണം അതാണ്.

ഈ അടിസ്ഥാനം കണ്ടുപിടിക്കാൻവേണ്ടി പാർട്ടി അനവധി കാലമായി തപ്പിപ്പിടിച്ചു നടക്കുകയായിരുന്നു, അവിടെ എത്തുവാൻ പാർട്ടി മുന്നോട്ടുവെച്ച ഒരു കാൽവെപ്പായിരുന്നു. നാം മുമ്പു വിവരിച്ചിട്ടുള്ളതാണല്ലോ 1938-ൽ പാസ്സാക്കിയ പ്രമേയം. കോൺഗ്രസ്സ്-ലീഗ് ഐക്യമാണ് ദേശീയൈക്യത്തിന്റെ താക്കോൽ എന്ന മുഖമന്ത്രമേ അന്നു കാണാൻ കഴിഞ്ഞുള്ളു. കോൺഗ്രസ്സും ലീഗും തമ്മിൽ സന്ധിസംഭാഷണമാരംഭിക്കുവാൻ നാം മാത്രമാണ് അന്നാവശ്യപ്പെട്ടതു്. മുസ്ലീം ബഹുജനങ്ങൾക്കിടയിൽ വന്ന മാറ്റത്തെ മുഖമാത്രമേ കാണാൻ കഴിഞ്ഞുള്ളു. സി. എസ്. പി. യും മറ്റു സംഘടനകളും അന്നത്തെ പരിതസ്ഥിതിയിൽ യാതൊരു മാറ്റവും കണ്ടില്ല; അവർ ഈ പ്രശ്നത്തെ പഴയ രീതിയിൽതന്നെയാണ് വീക്ഷിച്ചതു: "മുസ്ലീംബഹുജനങ്ങൾ നമ്മുടെ ചേരിയിൽതന്നെ വരികയും ലീഗ് ഒറ്റപ്പെടുകയും ചെയ്യും."

മുസ്ലീംലീഗിൽ ഈ കാലത്തുവന്ന മാറ്റങ്ങൾ എന്തെല്ലാമായിരുന്നു? കോൺഗ്രസ്സ് തിരഞ്ഞെടുപ്പുകാലത്തു മുസ്ലീം അല്പസംഖ്യവിഭാഗത്തിലെ ഒരു വിഭാഗം കോൺഗ്രസ്സിലേക്ക് വന്നു അതിനെ സഹായിച്ചു. കോൺഗ്രസ്സ് തിരഞ്ഞെടുപ്പിന്റെ പുരോഗമനസ്വഭാവമായിരുന്നു അതി

ലേക്ക് അവരെ ആകർഷിച്ചതു്. ലീഗ് നേതൃത്വം സ്വന്തം സംഘടന ക്രമപ്പെടുത്തി തിരഞ്ഞെടുപ്പിന്നു മത്സരിക്കാൻ ശക്തിസംഭരിച്ചു. പക്ഷെ, കോൺഗ്രസ്സുകാരായ മുസ്ലിംസ്ഥാനാർത്ഥികൾക്കു നേരെയുള്ള ലീഗിന്റെ ഈ എതിർപ്പ് വേണ്ടത്ര ഫലവത്തായില്ല.

തിരഞ്ഞെടുപ്പിന്നുശേഷം, കോൺഗ്രസ്സ് കൂട്ടമന്ത്രിസഭകൾ സ്ഥാപിച്ചില്ല. മാത്രമല്ല, ചില സംസ്ഥാനങ്ങളിൽ അശ്രദ്ധമൂലം കോൺഗ്രസ്സ്മന്ത്രിസഭകൾ ചില തെറ്റുകൾകൂടി ചെയ്തു. ഇതു മുസ്ലിംബഹുജനങ്ങൾക്കിടയിൽ കോൺഗ്രസ്സ്മന്ത്രിസഭകളുടെ നേരെയുള്ള വെറുപ്പിന്നു കാരണമായി. ഈ വെറുപ്പിനെ ഉപയോഗപ്പെടുത്തി മുസ്ലിംലീഗ് നേതൃത്വത്തിന്നു അതിന്റെ പിന്നിൽ കൂട്ടംകൂട്ടമായി അണിനിരക്കുന്ന മുസ്ലിംബഹുജനങ്ങളുടെ ഉയർന്നുവരുന്ന സാമ്രാജ്യത്വവിരോധമുണർവ്വിനെ കോൺഗ്രസ്സിന്റെ നേരെ തിരിച്ചുവിടാൻ കഴിഞ്ഞു. ദേശീയനേതൃത്വത്തിലെ ഏറ്റവും പുരോഗമനപരമായ വിഭാഗത്തിന്നുകൂടി മുസ്ലിംബഹുജനങ്ങൾക്കിടയിൽ പടർന്നുപിടിക്കുന്ന ഈ ഉണർവ്വിനെ കാണാൻ കഴിഞ്ഞില്ല. ലീഗിന്റെ വളർന്നുവരുന്ന സ്വാധീനശക്തിയിൽ അതു "സമുദായവാദ"ത്തിന്റെ ആവിർഭാവം മാത്രമേ കണ്ടുള്ളു. "പിൻതിരിപ്പൻ" ലീഗുനേതൃത്വം മുസ്ലിംബഹുജനങ്ങളുടെ "പരിഷ്കാരമില്ലായ്മ"യെ ചൂഷണംചെയ്യുകയാണെന്നാണ് അവർ അതിന്നു കണ്ട കാരണം. അതിന്നു പരിഹാരമായി അവർ "മുസ്ലീം ബഹുജനസമ്പർക്ക" പരിപാടി നിർദ്ദേശിച്ചു. ഈ പരിപാടിയെ മുസ്ലിംലീഗുകാർ തങ്ങളുടെ സംഘടനയെ നശിപ്പിക്കാനുള്ള സംരംഭമായി കണക്കാക്കിയതിൽ തെറ്റില്ലല്ലോ.

കമ്മ്യൂണിസ്റ്റുകാരായ നമ്മൾ ഈ സംഭവവളർച്ചയിൽ ഇരുവിഭാഗങ്ങളിലും പെടുന്ന മുതലാളിത്തങ്ങൾ തമ്മിലുള്ള വളർന്നുവരുന്ന വടംവലിയെ മാത്രമല്ല, പുരോഗമനപരമായ വളർച്ചയെക്കൂടി കണ്ടു. ഭാവിയിലേക്കു നോക്കിക്കൊണ്ടു ഈ പരിതസ്ഥിതിയിൽ മുസ്ലിംബഹുജനങ്ങളുടെ "പരിഷ്കാരമില്ലായ്മ"യെയല്ല, അവരുടെ പരിഷ്കാരത്തെയാണ്, അവരുടെ മുന്നോട്ടുതള്ളിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയബോധത്തെയാണ് നാം കണ്ടതു്. മുസ്ലിംലീഗിന്റെ വളർച്ചയിൽ സമുദായവാദത്തെയല്ല, മുസ്ലിംബഹുജനങ്ങൾക്കിടയിലുള്ള സാമ്രാജ്യത്വവിരോധമായ ദേശീയബോധത്തിന്റെ വളർച്ചയാണ് നാം കണ്ടതു്. ഇ

ളു മുന്നോട്ടുള്ള ഒരു കാൽവെപ്പാണെന്നു നാം മനസ്സിലാക്കി. കോൺഗ്രസ്സിനെയും ലീഗിനെയും അടുപ്പിച്ചു, അവരുടെ പ്രജായത്തപരമായ പൊതു ആവശ്യങ്ങൾക്കായി ഇരുവരെയും യോജിപ്പിക്കാൻ മുസ്ലിം ബഹുജനങ്ങളുടെയും ജനസമുദായങ്ങളുടെയും ഉണർവ്വിനെ പുരോഗമനപരമാക്കാമെന്നും ബലവത്തായ ഒരു സാമ്രാജ്യവിരുദ്ധൈക്യമാക്കി ഉറപ്പിക്കാമെന്നും നാം മനസ്സിലാക്കി.

കോൺഗ്രസ്സ്–ലീഗ് ഐക്യമെന്ന മുദ്രാവാക്യം നാം പുറപ്പെടുവിച്ചു. കോൺഗ്രസ്സ് നേതൃത്വം ചെയ്തിരുന്നതുപോലെതന്നെ ലീഗുനേതൃത്വവും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ഒരു നിലയാണ് കൈക്കൊണ്ടിരുന്നതെന്ന് നാം കണ്ടു. ഇന്ത്യയുടെ മോചനസമരത്തിന്ന് ഈ രണ്ടു സ്ഥാപനങ്ങൾ തമ്മിലുള്ള ദേശീയൈക്യമുന്നണി പ്രജാതന്ത്രാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സൃഷ്ടിക്കേണ്ടതുണ്ടെന്ന് നാം കണ്ടു. പക്ഷെ, കോൺഗ്രസ്സ്–ലീഗ് ഐക്യത്തിന്റെ, ഹിന്ദുബഹുജനങ്ങളും മുസ്ലിം ബഹുജനങ്ങളും തമ്മിലുള്ള ശാശ്വതമായ ഐക്യത്തിന്റെ, ശരിയായ അടിസ്ഥാനം നമുക്ക് അന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല.

1935ലെ നിയമമനുസരിച്ചുള്ള ഒരു സാമ്രാജ്യത്വപരമായ ഫെഡറേഷന്ന് കോൺഗ്രസ്സ് എതിരായിരുന്നു. മുസ്ലിംലീഗും അങ്ങിനെയായിരുന്നു. പക്ഷെ, സ്വതന്ത്ര ഇന്ത്യൻഫെഡറേഷന്റെ ആകൃതിയെപ്പറ്റി രണ്ടു സംഘടനകളും തമ്മിൽ അഭിപ്രായൈക്യം സൃഷ്ടിച്ചാൽ മാത്രമേ ഈ സാമ്രാജ്യത്വഫെഡറേഷന്നെതിരായ ഐക്യമുന്നണി സൃഷ്ടിക്കാൻ സാധിക്കുകയുള്ളു. സ്വതന്ത്ര ഇന്ത്യൻഫെഡറേഷനെസ്സംബന്ധിച്ച കോൺഗ്രസ്സിന്റെ അഭിപ്രായം 1928ലെ നെഹ്റുനിയമപ്ലാനിൽ വ്യക്തമാക്കിയിട്ടുണ്ട്. അവശിഷ്ടാധികാരം കേന്ദ്രഗവൺമെണ്ടിന്നാണ്, ഫെഡറേഷനിലെ അംഗങ്ങൾക്കല്ല എന്നും അത് വിശദമാക്കുന്നുണ്ട്. മുസ്ലിംലീഗ് അന്ന് ഇതിനെ ശക്തിയായി എതിർത്തു. അവരുടെ അഭിപ്രായപ്രകാരം, സ്വതന്ത്ര ഇന്ത്യൻഫെഡറേഷൻ സ്വയംഭരണാധികാരത്തോടുകൂടിയ സ്വതന്ത്രരാഷ്ട്രങ്ങളുള്ളവയായിരിക്കണം. കാരണം, മുസ്ലിംലീഗിന്ന്, സിന്ധികൾ, പഠാൻകാർ, പഞ്ചാബികൾ, കിഴക്കൻബംഗാളികൾ മുതലായ മുസ്ലിംജനസമുദായങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾക്ക് സ്വയംഭരണം കൊടുക്കണമെന്നാഗ്രഹമുണ്ടായിരുന്നു. അതു ന്യായമായ ഒരു ആവശ്യം മാത്രമായിരു

ന്നതാണു്. മുസ്ലീംലീഗിന്റെ ആവിർഭാവം മുതല്ക്കു് ഇന്നേവരെയും അതു പുറപ്പെടുവിച്ചിട്ടുള്ള "സാമുദായിക"മെന്നു പറയപ്പെടുന്ന എല്ലാം ആവശ്യങ്ങളുടേയും കാമ്പു് വാസ്തവത്തിൽ ഇതാണു്. അതു അവസാനം ഇന്നു പാകിസ്ഥാൻ എന്ന വ്യക്തമായ രൂപമെടുത്തുവെന്നു മാത്രം.

ദേശീയവും, രാഷ്ട്രീയവും, സാമ്പത്തികവുമായി വളച്ചുകെട്ടിയിൽ സ്പഷ്ടമായിത്തുടങ്ങിയ സാമുദായികപ്രശ്നത്തിന്റെ യഥാർത്ഥസ്വഭാവം 1938ൽ നാം മനസ്സിലാക്കിയില്ല. നാം അതിലേക്കു് കണ്ണുകാണാതെ തപ്പിനടക്കുകയായിരുന്നു. 1940 മാർച്ചുമാസത്തിൽ മുസ്ലിംലീഗു പാക്കിസ്ഥാൻപ്രമേയം അംഗീകരിച്ചപ്പോൾ നമുക്കു് അതു് സ്ഫടികംപോലെ വ്യക്തമായി. 1938ൽ, മറ്റു ദേശീയവാദികളെപ്പോലെ ഇന്ത്യ ഒരു അവിഭാജ്യരാഷ്ട്രമാണെന്നും മുസ്ലീമിങ്ങൾ മതപരമായ ഒരു സാംസ്കാരികന്യൂനപക്ഷം മാത്രമാണെന്നും "മതപരവും സാംസ്കാരികവുമായ അവകാശങ്ങളുടേയും ആവശ്യങ്ങളുടേയും സംരക്ഷണം" അനുവദിച്ചുകൊടുത്താൽ കോൺഗ്രസ്സ്–ലീഗ് ഐക്യമുന്നണി സൃഷ്ടിക്കാൻ കഴിയുമെന്നുമുള്ള സിദ്ധാന്തത്തിൽ നാം മുഴുകി. കോൺഗ്രസ്സ് നിന്നിരുന്ന അതേ അടിസ്ഥാനത്തിൽതന്നെയായിരുന്നു നമ്മളും നിന്നിരുന്നതു്. സ്വതന്ത്രഇന്ത്യയിൽ സ്വയംഭരണം എന്ന മുസ്ലിംജനസമുദായങ്ങളുടെ ന്യായമായ ആവശ്യത്തെ നിഷേധിച്ചുവെന്ന കുറ്റത്തിലെ പങ്കാളിയായിരുന്നു നാം.

1940നുശേഷം ഈ പറയപ്പെടുന്ന സാമുദായികപ്രശ്നം—പ്രത്യേകിച്ച് ഇന്ത്യയിലെ ഹിന്ദുമുസ്ലിംപ്രശ്നം—വാസ്തവത്തിൽ വളർന്നുവരുന്ന ജനസമുദായങ്ങളുടെ പ്രശ്നമാണെന്നും അതിന്റെ ഏകപരിഹാരം വേറിട്ടുനില്ക്കാനുള്ള അധികാരത്തോടുകൂടിയ സ്വയംനിർണ്ണയാവകാശം മുസ്ലിംജനസമുദായങ്ങൾക്കു് അനുവദിച്ചുകൊടുക്കുകയാണെന്നും പാർട്ടി കാണാൻ തുടങ്ങി. വാസ്തവത്തിൽ ഈ അധികാരം ഇന്ത്യയിലെ ഓരോ ജനസമുദായത്തിനും കൊടുക്കേണ്ടതു് ആവശ്യമാണു്. ഇന്ത്യ ഒരു അവിഭാജ്യരാഷ്ട്രമല്ലെന്നും അതിന്റെ വളർച്ച് വിവിധരാഷ്ട്രങ്ങൾ തമ്മിലുള്ള ഐക്യത്തിലേക്കാണു് പോകുന്നതെന്നും പറയുന്നതു് കേൾക്കുമ്പോൾ ഇന്നു പല സഖാക്കളും ഞെട്ടിപ്പോകാറുണ്ടു്. 1941 മേമാസത്തിലെ പാർട്ടിക്കത്തിൽ ചില സംശയങ്ങൾ തീർത്തിട്ടുണ്ടു്.

# IV ദേശീയപ്രശ്നത്തെപ്പററിയുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തം

ഇത്രയും പറഞ്ഞതിൽനിന്ന് ഇന്ത്യയിലെ സാമുദായികപ്രശ്നം ഒരു പുതിയ പതനത്തിലേക്ക് എത്തിയിട്ടുണ്ടെന്ന് വ്യക്തമായിക്കഴിഞ്ഞു. അത് ഒരു ജാതിപ്രശ്നമോ മതപ്രശ്നമോ അല്ലാതായിട്ടുണ്ട്. ഇന്ത്യയിൽ വളർന്നുവരുന്ന ജനസമുദായങ്ങളുടെ പ്രശ്നമായി അതു രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്വതന്ത്ര ഇന്ത്യയിൽ തങ്ങളുടെ സ്വന്തം സ്വതന്ത്രജീവിതം കെട്ടിപ്പടുക്കാനുള്ള ഈ ജനസമുദായങ്ങളുടെ ന്യായവും പ്രജായത്തപരവുമായ ആശയെ നാം മനസ്സിലാക്കാതെ, ഈ ആവശ്യങ്ങൾക്കും ആശകൾക്കും ദേശീയഐക്യമുന്നണിയിൽ സ്ഥാനം കൊടുക്കാതെ, ഇന്ത്യയിലെ ജനങ്ങളെ സ്വാതന്ത്ര്യവും പ്രജായത്താവകാശങ്ങളും ലഭിക്കാൻവേണ്ടി ഒരേ ഒരു ചേരിയിൽ ഏകീകരിച്ച് അണിനിരത്തുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഇന്ത്യയിലെ സാമുദായികപ്രശ്നത്തിന്റെ പരിഹാരം കാണണമെങ്കിൽ നാം ദേശീയപ്രശ്നത്തെ സംബന്ധിച്ച് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തിലേക്ക്, അതിനെ സ്റ്റാലിൻ റഷ്യയിൽ എങ്ങിനെ പ്രയോഗത്തിൽ വരുത്തി എന്നതിലേക്ക് തിരിയണം.

രാഷ്ട്രം എന്ന വാക്കിനു സ്റ്റാലിൻ ചുരുങ്ങിയതെങ്കിലും ആശയഗർഭമായ ഒരു വിവരണം കൊടുത്തിട്ടുണ്ട്:

"പ്രാന്ത്യകഭാഷയും, ഭൂപ്രകൃതിയും, സാമ്പത്തികജീവിതവും മാനസികപ്രകൃതിയും, സംസ്കാരവും, ചരിത്രപാരമ്പര്യവും ഉള്ള ഒരു സമുദായത്തെയാണ് രാഷ്ട്രം എന്നു പറയുന്നതു."

ഈ പറഞ്ഞ പ്രത്യേകസ്വഭാവങ്ങളെ അപ്പടി സ്വീകരിച്ച് ഒരു ജനത രാഷ്ട്രം ആണോ അല്ലയോ എന്നു തീർച്ചപ്പെടുത്തുവാൻ ഉതകുന്ന ഒരു വിവരണം എന്ന നിലക്കല്ല ഇതിനെ എടുക്കേണ്ടതു്. വാസ്തവത്തിൽ, ഈ വിവരണം ഒരു ജനത രാഷ്ട്രമായി വളർന്നുവരുന്നതെങ്ങിനെയാണെന്ന് വിവരിക്കുകയാണ് ചെയ്യുന്നതു. സ്റ്റാലിന്റെ സിദ്ധാന്തത്തെ ഇന്ത്യയിൽ ഉപയോഗിക്കുവാൻ ആദ്യം നാം രാഷ്ട്രങ്ങളു

ടെ വളൎച്ചയെപ്പററിയാണ് മനസ്സിലാക്കേണ്ടതു. പിന്നീടു അതിൻെറ ഫലമായി ലഭിക്കുന്ന അറിവിനെ നമ്മുടെ രാജ്യത്തിലും ഉപയോഗിക്കുക.

മനുഷ്യൻെറ ഓൎമ്മയിൽനിന്നു് അകന്നുകിടക്കുന്നകാലംമുതൽ നിലനിന്നുപോരുന്ന അനാദ്യമായ ഒന്നല്ല രാഷ്ട്രം. രാഷ്ട്രവും രാഷ്ട്രീയബോധവും സാമുദായികവളൎച്ചയുടെ ഒരു പ്രത്യേകദശയിൽ മാത്രമെ ഉണ്ടാവുന്നുള്ളു. ഇതാണ് മാൎക്സ് സം-ലെനിനിസം നമ്മെ പഠിപ്പിക്കുന്നതു. ഇങ്ങിനെയാണ് സ്റ്റാലിൻ അതിനെപ്പററി പറയുന്നതു്:

"വളൎന്നുവരുന്ന മുതലാളിത്തത്തിൻെറ ഒരു പ്രത്യേകഘട്ടത്തിൽ പൊന്തിവരുന്നവയാണ് നവീനരാഷ്ട്രങ്ങൾ. നാടുവാഴിമേധാവിത്വം നശിച്ചു് മുതലാളിത്തം വളൎന്നുവരുന്ന ആ ഘട്ടംതന്നെയാണ് ജനങ്ങൾ രാഷ്ട്രങ്ങളായി വളൎന്നുവരുന്ന ഘട്ടവും. ഭിന്നിച്ചുനില്ക്കുന്ന നാടുവാഴിമേധാവിത്വത്തെ തോല്പിച്ചു് മുതലാളിത്തം വിജയഭേരി മുഴക്കിക്കൊണ്ടിരിക്കുന്ന കാലമാണ് ബ്രിട്ടൻ, ഫ്രാൻസ്, ജൎമ്മനി, ഇററലി എന്നീ രാജ്യങ്ങളിലെ ജനങ്ങൾ രാഷ്ട്രങ്ങളായിത്തീൎന്നതു."

മുതലാളിത്തത്തിൻെറ ജനനത്തിനു മുമ്പ് നാടുവാഴിമേധാവിത്വരാജ്യങ്ങളും സാമ്രാജ്യങ്ങളും ഉണ്ടായിരുന്നു. അവയിൽ ചിലതു ഒരൊററഭാഷ സംസാരിച്ചിരുന്നവരും ഒരേ സംസ്കാരമുള്ളവരുമായിരുന്ന ജനങ്ങൾ അടങ്ങിയവയായിരുന്നു. വേറെ ചിലതു, വ്യത്യസ്തഭാഷയും സംസ്കാരവുമുള്ള ജനങ്ങൾ അല്ലെങ്കിൽ വൎഗ്ഗങ്ങൾ അടങ്ങിയവയായിരുന്നു. പക്ഷെ ഈ രാജ്യങ്ങളെ രാഷ്ട്രങ്ങളെന്നു വിളിക്കാൻ പാടില്ല. നാടുവാഴിമേധാവിത്വം നശിച്ചു് മുതലാളിത്തം ആവിൎഭവിച്ചതോടുകൂടിയാണ് അവർ രാഷ്ട്രങ്ങളായിമാറിയതു്. ചിന്നഭിന്നമായ നാടുവാഴിമേധാവിത്വത്തിൻെറ ഗ്രാമീണസങ്കുചിതപ്രവൃത്തിത്തിൻെറ അടിസ്ഥാനത്തിലുള്ള സാമ്പത്തികഘടന പൊളിഞ്ഞതോടുകൂടിയാണ്, അതിൻെറ സ്ഥാനത്തു കച്ചവടസമ്പ്രദായം വന്നതോടുകൂടിയാണ്, മുതലാളിത്തത്തിൻെറ കമ്പോളവും ഈ കമ്പോളത്തിലേക്കുള്ള സാധനങ്ങളുടെ ഉല്പാദനവും എല്ലാ ഗ്രാമങ്ങളെയും ഒരു പൊതുസമ്പത്തികസമ്പ്രദായത്തിൻെറ കീഴിൽ ഏകീകരിച്ചതോടുകൂടിയാണ്, ഈ രാഷ്ട്രങ്ങൾ പൊന്തിവന്നതു്. ഇത്തരത്തിലുള്ള രാഷ്ട്രങ്ങളുടെ

വളൎച്ച മുതലാളിത്തത്തിന്റെ വളൎച്ചയെ സഹായിച്ചു. അതിന്നു പകരം, മുതലാളിത്തം രാഷ്ട്രങ്ങളെ സൃഷ്ടിക്കാൻ അങ്ങോട്ടും സഹായിച്ചു.

ജനങ്ങൾ രാഷ്ട്രങ്ങളായി വളൎന്നുവരുന്നതിന്റെ ഏററവും പ്രാചീനമായ നല്ല ഉദാഹരണങ്ങളാണ് ഗ്രേററ് ബ്രിട്ടൻ, ഫ്രാൻസ്, ഇററലി, ജൎമ്മനി എന്നിവയുടെ വളൎച്ച. ഈ രാഷ്ട്രങ്ങളെല്ലാം തന്നെ, ജനങ്ങൾ ഏകീകരിച്ച് രാഷ്ട്രങ്ങളായിത്തീൎന്നതിന്റെ ഫലമായി ഏകഭാഷയും ചരിത്രപാരമ്പൎയ്യവും സംസ്കാരപാരമ്പൎയ്യവുമുള്ള ഏകീകൃതരാജ്യങ്ങളായിത്തീൎന്നു. കഴിഞ്ഞ നൂററാണ്ടിൽ ജീവിച്ചിരുന്ന നമ്മുടെ പൂൎവ്വപിതാക്കൾ ഇംഗ്ലണ്ടും സ്കോട്ട്ലണ്ടും, വെൽസും കൂടി യോജിച്ച് ‘ഗ്രേററ് ബ്രിട്ടൻ’ എന്ന ഒരു ഏകീകൃതരാജ്യമായിത്തീൎന്നതു കണ്ട് അതിനെ അത്ഭുതത്തോടെ ബഹുമാനിച്ചു. ഇതു കഴിഞ്ഞ നൂററാണ്ടിന്റെ ആദ്യാൎദ്ധത്തിലുണ്ടായ മുതലാളിത്തവിപ്ലവകാലത്താണ് സംഭവിച്ചതു. ഇന്ത്യൻ ജനതയെ ഏകീകരിച്ച് ഒരു രാഷ്ട്രമാക്കിയാൽ ഇതുമാതിരി ഒരു രാഷ്ട്രമാവുമെന്ന് അവർ ആശയോടെ ചിന്തിച്ചു. അതിന്നുശേഷം, ദേശീയവാദികളുടെ ബുദ്ധിയിൽ ഈ ഒരു ആശയം സ്ഥാനം പിടിച്ചിട്ടുണ്ട്. അതാണ് ദേശീയൈക്യത്തെപ്പററി ഇന്നുള്ള സംശയങ്ങൾക്കെല്ലാം കാരണം.

ജനങ്ങൾ രാഷ്ട്രങ്ങളായി വളരുന്നതു ഈ അടിസ്ഥാനത്തിലല്ലാതെ മററൊരു രീതിയിലും സംഭവിക്കാറുണ്ട്. ഉദിച്ചുയരുന്ന മുതലാളിത്തത്തിന്റെ ആരംഭഘട്ടത്തിൽ മററൊരുതരം രാഷ്ട്രം പൊന്തിവന്നു. ചരിത്രകാരണങ്ങളാൽ, ഇവിടെ ജീവിച്ചുകൊണ്ടിരുന്ന നാടുവാഴിത്തം നശിക്കുന്നതിന്നു മുമ്പുതന്നെ, മുതലാളിത്തം വരുന്നതിന്നു മുമ്പുതന്നെ, ഒരു കേന്ദ്രീകൃതഭരണം സ്ഥാപിതമായിരുന്നു. “രാഷ്ട്രങ്ങളായിക്കഴിഞ്ഞിട്ടില്ലാത്ത കുറെ ജനസമുദായങ്ങൾ അടങ്ങുന്ന സമ്മിശ്രരാജ്യങ്ങൾ കേന്ദ്രീകൃതരാജ്യങ്ങളായി ഏകീകരിച്ചിരുന്നു”—ഇതാണ് ഈ കേന്ദ്രീകൃതരാജ്യങ്ങൾക്ക് സ്റ്റാലിൻ കൊടുത്ത വിവരണം. ആസ്ത്രോ-ഹങ്കേറിയൻ സാമ്രാജ്യം, സാറിസ്റ്റ് സാമ്രാജ്യം ഇവ ഇത്തരത്തിൽ നാടുവാഴിപ്രഭുത്വത്തിന്നുകീഴിലുള്ള രാജ്യങ്ങൾക്ക് ഉദാഹരണങ്ങളാണ്.

സാമ്രാജ്യത്വം വളൎന്നുവന്നതോടുകൂടി, ഈ സമ്മിശ്രരാജ്യങ്ങൾ, “ഏററവും മുന്നണിയിൽ കിടക്കുന്ന രാഷ്ട്രത്തിന്റെ കീഴിൽ രാഷ്ട്

ട്രീയമായും, സാമ്പത്തികമായും നരകിക്കുന്ന വ്യത്യസ്ഥങ്ങളായിരുന്നതായ വിവിധരാഷ്ട്രങ്ങളുമടങ്ങിയ ഒരു രാജ്യമായി വളർന്നു (സ്റ്റാലിൻ). ഉദാഹരണമായി, മുതലാളിത്തത്തിന്റെ ഏററവും ശക്തിയുള്ള 'ഗ്രേററ് റഷ്യൻ' രാഷ്ട്രമായിരുന്ന അധികാരത്തിൽ പിന്നണിയിൽ കിടക്കുന്ന രാഷ്ട്രങ്ങളായ ഉക്രേനിയക്കാർ, ജോർജ്ജിയക്കാർ, ലെററുകാർ, പോളണ്ടുകാർ, പിൻലണ്ടുകാർ മുതലായവരെ ഭരിച്ചിരുന്നതു, മർദ്ദിച്ചിരുന്നതും. ഇവയും രാഷ്ട്രമായി വളരുകയായിരുന്നു. പക്ഷേ അവയുടെ വളർച്ച തടയപ്പെട്ടു. അതിൻഫലമായി റഷ്യയിൽ മുഴുവൻ ദേശീയപ്രസ്ഥാനം പൊട്ടിപ്പുറപ്പെട്ടു, ദേശീയപ്രശ്നം ആവിർഭവിച്ചു.

പ്രജായത്തസിദ്ധാന്തത്തിനും സോഷ്യലിസത്തിനുംവേണ്ടിയുള്ള സമരത്തിൽ നേതൃത്വം വഹിച്ചിരുന്ന റഷ്യൻതൊഴിലാളിവർഗ്ഗത്തിനു ഈ പ്രശ്നത്തിനു പരിഹാരമാർഗ്ഗം ആരായേണ്ടതായി വന്നു. പ്രജായത്തസിദ്ധാന്തങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ എല്ലാ സമുദായങ്ങളെയും കൂട്ടിയോജിപ്പിക്കേണ്ട പ്രശ്നത്തിനു റഷ്യൻബോൾഷെവിക്കുകാർ കണ്ട പരിഹാരത്തിൽനിന്നു നമുക്കു ഏറെക്കുറെ പഠിക്കുവാനുണ്ട്.

അനവധി രാഷ്ട്രങ്ങളുള്ള ഒരു സാമ്രാജ്യത്തു എന്തു സംഭവിക്കുമെന്നതിനു വിപ്ലവത്തിനു മുമ്പുള്ള റഷ്യ ഒരു മകുടോദാഹരണമാണ്—മുതലാളിത്തത്തിന്റെ വളർച്ച വ്യാപിക്കുന്നതോടുകൂടി മർദ്ദിതജനസമുദായങ്ങളുടെ ഇടയിൽ ക്ഷോഭവും വർദ്ധിക്കുന്നു. റഷ്യയിൽ 1908-നും 1917-നും ഇടയിൽ വ്യവസായങ്ങൾ അതിവേഗത്തിൽ വളർന്നുവന്നു.

അതിർത്തിപ്രദേശങ്ങളിലെ കമ്പോളങ്ങളും അസംസ്കൃതപദാർത്ഥങ്ങളും ഗ്രേററ്റഷ്യയിലെ മുതലാളിത്തം കൈക്കലാക്കി. അതിൻഫലമായി ഈ പ്രദേശങ്ങളിൽ ഒരു ദേശീയമുതലാളിത്തം വളർന്നുവരികയും അതിന്റെ താല്പര്യവും ഗ്രേററ്റഷ്യൻമുതലാളിത്തത്തിന്റെ താല്പര്യവും തമ്മിൽ സംഘട്ടനത്തിനിടയാവുകയും ചെയ്തു.

അതേസമയത്തുതന്നെ, സാറിസ്റ്റ് സാമ്രാജ്യത്തിന്റെ ഒരു അററംമുതൽ മറേറ അററംവരെ ജനങ്ങളുടെ പ്രജായത്തപരമായ പ്രക്ഷോഭവും പടർന്നുപിടിക്കാൻ തുടങ്ങി. റഷ്യൻജനത മുഴുവനും അതിർത്തിപ്രദേശങ്ങളിലെ ജനങ്ങളുംകൂടി സാറിസ്റ്റ് ഏകാധിപത്യം അവസാനിപ്പിക്കാനും ജന്മിത്വം നശിപ്പിക്കാനും പ്രജായത്തരാജ്യം സ്ഥാപിക്കാനും എട്ടുമണിക്കൂർദിവസം നേടുവാനുംവേണ്ടി ആവശ്യം മുഴക്കിത്തുടങ്ങി.

ഈ പരിതസ്ഥിതിയിൽ അതിർത്തിരാജ്യങ്ങളിൽ വിമോചനപ്രസ്ഥാനവും പൊട്ടിപ്പുറപ്പെട്ടു. അവയുടെ നേതൃത്വം അതാതുരാജ്യങ്ങളിലെ ദേശീയമുതലാളിമാരുടെ കയ്യിലായിരുന്നു. ഈ പ്രസ്ഥാനങ്ങൾ സാറിസ്റ്റു ഭരണത്തിൽനിന്ന് മോചനവും, വേറിട്ടുനില്ക്കാനുള്ള അധികാരവും ആവശ്യപ്പെട്ടു. അതാതു ജനസമുദായങ്ങൾക്കിടയിൽ വളർന്നു വരുന്ന ദേശീയബോധത്തെ അവർ തങ്ങൾക്കും ഉപയോഗപ്പെടുത്തി. പക്ഷെ, അവർ തങ്ങളുടെ ജനസമുദായങ്ങളുടെ സ്വന്തം പ്രജായത്ത ആവശ്യത്തിനുവേണ്ടി മറ്റുള്ള ജനസമുദായങ്ങളുമായി യോജിപ്പിച്ചില്ല.

ഈ പ്രസ്ഥാനത്തിന്റെ ഫലം, പ്രയോഗത്തിൽ, സാറിസത്തിന്നെതിരായി ഏകോപിച്ചുനില്ക്കുന്ന റഷ്യൻജനതയെ ഭിന്നിപ്പിക്കലായിരുന്നു. അതു, ആ ജനസമുദായത്തിലെ ബഹുജനങ്ങളുടെ പൊതുസമരത്തിൽനിന്നു അകററലായിരുന്നു. സ്വാതന്ത്ര്യം, വിമോചനം എന്ന മുദ്രാവാക്യങ്ങൾ മുഴക്കിയിരുന്ന അതിർത്തിരാജ്യങ്ങളിലെ മുതലാളിമാരും, ഈ രാജ്യങ്ങളിലെ ജനങ്ങൾക്ക് യഥാർത്ഥമോചനം ലഭിക്കാനുള്ള പരിതസ്ഥിതി നിർമ്മിച്ചില്ല. ഈ മുദ്രാവാക്യങ്ങൾ അതിന്റെ കയ്യിൽ റഷ്യൻമുതലാളിമാരിൽനിന്നു അധികാരം പങ്കുവെച്ചുകിട്ടാനുള്ള ആയുധങ്ങളുമായിരുന്നു.

'ഗ്രേറ്റ്റഷ്യൻ' മുതലാളിമാരുടെ രാഷ്ട്രീയസംഘടനകൾ 'ഏകീകൃതവും അവിഭാജ്യവുമായ റഷ്യ' എന്ന മുദ്രാവാക്യം മുന്നോട്ടു കൊണ്ടുവരികയും ജനകീയപ്രസ്ഥാനത്തിന്റെ "പ്രജായത്ത ആവശ്യങ്ങളോടു നേരെ വാക്കിൽമാത്രം അനുഭാവം പ്രദർശിപ്പിക്കയും ചെയ്തു. അവരുടെ 'ഏകീകൃതവും അവിഭാജ്യവുമായ റഷ്യ' എന്ന മുദ്രാവാക്യത്തിന്നു സാറിസത്തെ തകിടംമറിക്കാൻ വേണ്ടിയുള്ള എല്ലാ പ്രജായത്ത ജനകീയപ്രസ്ഥാനങ്ങളും തമ്മിലുള്ള വിപ്ലവപരമായ ഐക്യം എന്നർത്ഥമില്ല. പ്രജായത്തസിദ്ധാന്തങ്ങൾക്കുനേരെയുള്ള അവരുടെ അനുഭാവത്തിൽ അതിർത്തിരാജ്യങ്ങളിലെ ജനതകൾക്ക് തികച്ചും രാഷ്ട്രീയസ്വയംഭരണം കൊടുക്കണമെന്നുകൂടി ഉൾപ്പെട്ടിട്ടില്ല. അവരുടെ നയം അതിർത്തിരാജ്യങ്ങളുൾപ്പെടെയുള്ള റഷ്യ മുഴുവൻ റഷ്യൻമുതലാളിത്തത്തിന്റെ സാമ്രാജ്യഭരണത്തിൻകീഴിലാക്കുകയെന്നതിന്നു സമമായിരുന്നു.

റഷ്യൻബോൾഷെവിക്കുകൾ ജനസമുദായങ്ങളുടെ പ്രശ്നം എങ്ങിനെ പരിഹരിച്ചു? എല്ലാ ജനസമുദായങ്ങളിലേയും ജാതികളിലേയും തൊഴിലെടുക്കുന്നവരെ സാറിസ്റ്റ് താന്തോന്നിഭരണത്തിന്നും മുതലാളിത്തത്തിന്നും എതിരായ സമരത്തിൽ കൊണ്ടുവരികയായിരുന്നു അവരുടെ നയത്തിന്റെ അടിക്കല്ല്. റഷ്യൻജനതയെ സാറിസ്റ്റ് സംഗ്രാം പ്രതാപത്തിന്നും താന്തോന്നി അടക്കിന്നുമെതിരായ പൊതുസമരത്തിൽ ഏകോപിപ്പിക്കുന്നതിന്നായി ബോൾഷെവിക്കുകൾ പൊതുഉദ്ദേശത്തെ വ്യക്തമായി വിവരിച്ചു.

ഇതിന് "തകർച്ചം ക്ഷയാത്മകമായ സ്വാതന്ത്ര്യരാജ്യത്തിന്റെ ഘടന"യുണ്ടായിരുന്നു. അതിൽ "റഷ്യയുടെ ഭാഗമായ ഏതൊരു രാഷ്ട്രത്തിന്നും വേർപെട്ടുപോന്ന് സ്വതന്ത്രരാജ്യം സ്ഥാപിക്കാനുമുള്ള അധികാരം" അനുവദിക്കപ്പെട്ടിരുന്നു. അങ്ങിനെ, ബോൾഷെവിക്കുകളുടെ ദേശീയനയത്തിന്റെ രണ്ടു കേന്ദ്രമുദ്രാവാക്യങ്ങൾ ഇതായിരുന്നു:

(1) പ്രജായത്തസിദ്ധാന്തങ്ങൾക്കുവേണ്ടിയുള്ള സമരത്തിന്നായി തൊഴിലാളികളും കൃഷിക്കാരും ജനങ്ങളും തമ്മിലുള്ള ഐക്യം.

(2) എല്ലാ ജനസമുദായങ്ങൾക്കും വേർപെട്ടുപോകാനുള്ള അധികാരത്തോടുകൂടിയ സ്വയംനിർണ്ണയാവകാശം അംഗീകരിക്കൽ.

സാറിസത്തിന്നെതിരായ സമരത്തിൽ റഷ്യൻജനതയിലെ ഒരു വലിയ ഭൂരിപക്ഷത്തെ ഏകോപിപ്പിക്കുവാൻ ബോൾഷെവിക്കുകൾക്ക സാധിച്ചു. കാരണം, അവർ തൊഴിലാളികളുടെ വിപ്ലവപരമായ പാർട്ടിയായിരുന്നു; അങ്ങിനെ അവർ പ്രജായത്തസിദ്ധാന്തങ്ങൾക്കും, ജന്മിത്തം നശിപ്പിക്കുന്നതിന്നും, സ്വാതന്ത്ര്യരാഷ്ട്രത്തിന്നും, എട്ടുമണിക്കൂർ-ദിവസത്തിന്നും വേണ്ടി ഏററവും ശക്തിയായി സമരം ചെയ്യുന്നവരാണ് തങ്ങൾ എന്ന് പ്രവൃത്തിയിൽ തെളിയിച്ചിട്ടുണ്ട്. അവർക്ക് മുതലാളിത്തത്തിന്റെ വിഭജനസംരംഭങ്ങളെ പൊളിക്കാൻ കഴിഞ്ഞു. കാരണം, സ്വയംനിർണ്ണയാവകാശത്തിന്നുവേണ്ടി സമരം ചെയ്യുന്ന മർദ്ദിതജനസമുദായങ്ങളുടെ നേതാക്കളായി അവർ മുന്നോട്ടുവന്നു.

മിതവാദികളായ മെൻഷെവിക്കുകൾ പിൻതുടർന്ന നയത്തിൽ ഈ രണ്ടു കാരണങ്ങളും ഉൾപ്പെട്ടിരുന്നില്ല. പ്രജായത്തസിദ്ധാന്തങ്ങൾക്കു വേണ്ടിയുള്ള സമരത്തിൽ അവർ, റഷ്യൻമുതലാളിത്തത്തെയാണ്, തൊ

ഴിലാളിവർഗ്ഗത്തെയല്ല ആശ്രയിച്ചത്. അതിൻ ഫലമായി, അവർ ഒരോ പതനത്തിലും മുതലാളിത്തത്തിന്ന കീഴടങ്ങുകയും വിപ്ലവസമരത്തെ വഞ്ചിക്കുകയും ചെയ്തു. രണ്ടാമതായി, അവർ സ്വയംനിർണ്ണയാവകാശം അംഗീകരിച്ചില്ല. അവർ മുതലാളിത്തത്തിൻ്റെ മുദ്രാവാക്യമായ "ഏകീകൃതവും അവിഭാജ്യവുമായ റഷ്യ" എന്നതിന്ന് പിൻപാട്ടു പാടുകയും ജനസമുദായങ്ങൾക്ക് സാംസ്കാരികാവകാശങ്ങൾ മാത്രം വകവെച്ചുകൊടുക്കുകയുമാണുണ്ടായത്. അവരുടെ നയം, ഫലത്തിൽ, അതിർത്തിരാജ്യങ്ങളെ മർദ്ദിക്കുന്ന ഗ്രേറ്റ് റഷ്യയെ സഹായിക്കുന്ന ഒന്നായിരുന്നു. അങ്ങിനെ, അതു അതിർത്തിജനസമുദായങ്ങളിലെ ബൂർഷ്വാ വിഭജനവാദികൾക്കൊരായുധമായിത്തീർന്നു. അതു സാറിസത്തിനെതിരായ ജനകീയമുന്നണിയെ ഭിന്നിപ്പിച്ചു.

റഷ്യയിലെ തൊഴിലെടുക്കുന്ന ജനങ്ങൾ മെൻഷെവിക്കുകാരുടെ നയത്തെ പുറംതള്ളുകയും ബോൾഷെവിക്കുകാരുടെ മുദ്രാവാക്യങ്ങൾക്കു പിന്നിൽ അണിനിരക്കുകയും ചെയ്തു. അതിൻ്റെ ഫലം നാം സോവിയറ്റുയൂണിയനിൽ ഇന്നു കാണുന്നുണ്ട്. ഇരുന്നൂറോളം ജനസമുദായങ്ങളുള്ള ഒരു രാജ്യം അതിൻ്റെ ജനസമുദായങ്ങളുടെ പ്രശ്നത്തിന്ന് എന്നെന്നേക്കുമായി ആദരണീയമായ ഒരു പരിഹാരം കണ്ടുവെന്നതിന്ന് ഒരു കല്ലുവെച്ച ഉദാഹരണമാണ് അത്.

# V ഇന്ത്യയിൽ ഉപയോഗപ്പെടുത്തുമ്പോൾ

ഈ സിദ്ധാന്തങ്ങളെ ഇനി നമ്മുടെ നാട്ടിലെ സാമുദായികപ്രശ്നത്തിൻ്റെ ഈ പുതിയ ദശയിൽ ഉപയോഗിക്കുക. ഇന്ത്യ എന്നു പറയപ്പെടുന്ന അർത്ഥത്തിൽ അശോകൻ്റേയും അക്ബറുടേയും കാലംമുതലുള്ള ഒരു രാഷ്ട്രമല്ല. മററു രാഷ്ട്രങ്ങളെപ്പോലെ, ഇന്ത്യയും മുതലാളിത്തത്തിൻ്റെ വരവോടുകൂടിയാണ് രാഷ്ട്രനിർമ്മാണം തുടങ്ങിയത്. ഇതു ബ്രിട്ടീഷ് ആക്രമണത്തോടുകൂടിയാണ് ആരംഭിച്ചത്. ബ്രിട്ടീഷ് ആക്രമണത്തിന്നു മുമ്പുതന്നെ, ഇന്ത്യയിൽ ഒട്ടുമുക്കാൽഭാഗവും ഭരിച്ചിരുന്ന നാടുവാഴിമേധാവിത്വത്തിൻ്റെ കീഴിലുള്ള സാമ്രാജ്യത്വസർക്കാറുകളുണ്ടായിരുന്നുവെന്നതു വാസ്തവമാണ്. പക്ഷെ, ഈ സർക്കാറു-

കളം, കിഴക്കൻ യൂറോപ്യൻരാഷ്ട്രങ്ങളെപ്പോലെ, അനവധി രാഷ്ട്രങ്ങളടങ്ങുന്ന സർക്കാറുകളായി വളർന്നിരുന്നില്ല. ഇന്ത്യയിൽ രാഷ്ട്രനിർമ്മാണം ബ്രിട്ടീഷ് ഭരണകാലത്താണ്, സാമ്രാജ്യത്വചൂഷണത്തിനെതിരായ സമരകാലത്താണ്, തുടങ്ങുന്നത്. അത് ഏതൊരു രൂപമാണ് കൈക്കൊള്ളുന്നത് ?

പത്തൊമ്പതാംനൂറ്റാണ്ടിലും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യത്തിലും ജീവിച്ചിരുന്ന നമ്മുടെ പൂർവ്വപിതാക്കൾ, ബ്രിട്ടീഷ് ആക്രമണം ഇന്ത്യയെ ഏകീകരിക്കാനുള്ള അടിക്കല്ല് ഇട്ടുകഴിഞ്ഞുവെന്നും ആ ഏകീകരണം തുടങ്ങിക്കഴിഞ്ഞുവെന്നും വിചാരിച്ചു. ജനങ്ങൾക്കിടയിൽ രാഷ്ട്രീയവിദ്യാഭ്യാസം പരത്തുകയും സാമുദായികമാറ്റങ്ങൾ വരുത്തുകയും മാത്രമേ ഇനി വേണ്ടു, എന്നാൽ ഇന്ത്യ ഒരു ശക്തിമത്തായ ഏകീകൃതരാഷ്ട്രമാവും, അങ്ങിനെ അതിന്ന് സ്വയംഭരണത്തിനുള്ള പ്രാപ്തി ലഭിക്കും എന്നെല്ലാമായിരുന്നു അവർ ആശിച്ചത്. അക്കാലങ്ങളിൽ ഇന്ത്യ ഒരു ഏകീകൃതരാജ്യമല്ല എന്ന കാരണം പറഞ്ഞായിരുന്നു ഈ സാമ്രാജ്യവാദികളും അവരുടെ കൂട്ടുകാരും ഇന്ത്യക്ക് സ്വയംഭരണം നിഷേധിച്ചിരുന്നത്. മിതവാദികൾ ഇന്ത്യയെ ഒരു രാഷ്ട്രമാക്കാൻ സാമ്രാജ്യവാദികളെ ആശ്രയിച്ചിരുന്നപ്പോൾ 1907_8 ഈ കാലങ്ങളിലെ പുരോഗമനദേശീയവാദികൾ, ഇന്ത്യ പണ്ടുമുതല്ക്കേ, അശോകന്റെയും അക്ബറുടെയും കാലംമുതല്ക്കേ ഒരു രാഷ്ട്രമായിരുന്നുവെന്നും ഇന്നും അങ്ങിനെയാണെന്നും വാദിച്ചു. സാമ്രാജ്യവാദികളുടെ വെല്ലുവിളികൾക്കുള്ള അവരുടെ മറുപടി ഇതായിരുന്നു.

സ്വാതന്ത്ര്യം ഇന്ത്യയുടെ ഒരു രാഷ്ട്രമെന്ന നിലക്കുള്ള ജന്മാവകാശമാണെന്നും അവർ പറഞ്ഞു. 'ഇന്ത്യ ഒരു രാഷ്ട്രമാണ്,' ഈ മുദ്രാവാക്യം അന്നത്തെ മദ്ധ്യവർത്തികളുടെ ഇടയിൽ മൂർച്ഛിച്ചുവന്നിരുന്ന സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ കൊടിക്കൂറയായിരുന്നു. ഹിമാലയം മുതൽ കന്യാകുമാരിവരെ, ഒരേ ഒരു ജനത, ഒരേ ഒരു രാഷ്ട്രം, ഒരേ ഒരു ഭാഷ, ഒരേ ഒരു സർക്കാർ—ദേശീയപ്രസ്ഥാനത്തെ ആവേശംകൊള്ളിപ്പിച്ച് ഏകീകരിച്ച മുദ്രാവാക്യങ്ങൾ ഇവയായിരുന്നു. ആരു പറഞ്ഞു, ഇന്ത്യ ഒരൊറ്റ രാഷ്ട്രമല്ല, ഇന്ത്യക്ക് ഒരു പൊതുഭാഷ ഉണ്ടാക്കാൻ കഴിയില്ല, അതിന്ന് അതിന്റേതായ ഒരു സ്വന്തം സ്വതന്ത്രസർക്കാർ സൃഷ്ടിക്കാൻ സാധിക്കില്ല എന്നൊക്കെ? സാമ്രാജ്യവാദികൾ മാത്രം. ഇ

ഷനെയായിരുന്നു ദേശീയവാദികളുടെ വാദം. അതിന്നുശേഷം ഇന്ത്യ ഒരു രാഷ്ട്രം എന്നതു ദേശീയപ്രസ്ഥാനത്തിന്റെ സർവ്വസമ്മതമായ മുഖ്യതത്വമായിത്തീന്നു.

ഇതു മാത്രമല്ല, ആദ്യകാലത്തു, ഹിന്ദി പൊതുഭാഷയായിട്ടുള്ള കേന്ദ്രസംസ്ഥാനങ്ങളായ മഹാരാഷ്ട്രം, ഗുജറാത്തു് എന്നിവയിൽ മാത്രമെ ദേശീയപ്രസ്ഥാനം പരന്നിരുന്നുള്ളു. ഫലം എന്തായി? ഏക രാഷ്ട്രം എന്ന ആശയം ഹിന്ദി പൊതുഭാഷയായിട്ടുള്ള ഹിന്ദുക്കളുടെ ഭാവനകളിൽ കടന്നുകൂടി.

ഹിന്ദുക്കളുടെ ഭാവനാപരിധിക്കുള്ളിൽ കടന്നുകൂടിയ പൊതുഭാഷയുള്ള ഏകരാഷ്ട്രം എന്ന ആ അന്നത്തെ ആശയത്തിന്റെ തുടർച്ചയാണ് ഇന്നു ദേശീയപ്രസ്ഥാനത്തിൽ കാണപ്പെടുന്നതു്. ഇന്നു നമ്മുടെ രാജ്യത്തിന്റെ വളർച്ചയുടെ സ്വഭാവം തീരെ മാറിയിട്ടുള്ളപ്പോഴും, ഈ വളർച്ച അനവധി രാഷ്ട്രങ്ങളടങ്ങുന്ന ഒരു രാജ്യത്തിലേക്ക് എത്തുന്നതു അധികമധികം വ്യക്തമായിക്കൊണ്ടിരിക്കുമ്പോഴുംകൂടി അവർ ഈ ആശയം കൈവെടിയുന്നില്ല.

ദേശീയപ്രസ്ഥാനത്തിന്റെ ഒരു വലിയ വിഭാഗത്തിൽ ഇന്നും നിലനിന്നുപോരുന്ന ഈ പഴഞ്ചൻതെറ്റിദ്ധാരണയും ഒരു തുറന്ന വാസ്തവമായ ഈ വളർച്ചയും തമ്മിലുള്ള സംഘട്ടനമാണു് സാമുദായികപ്രശ്നപരിഹാരത്തിന്റെ അടിസ്ഥാനങ്ങളിൽ ഒന്നു്. ഈ യാഥാർത്ഥ്യത്തിൽ മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തം പ്രയോഗിക്കുകയാണെങ്കിൽ ഈ പ്രശ്നത്തെ മനസ്സിലാക്കാൻ മാത്രമല്ല പരിഹരിക്കാൻകൂടി കഴിയും. പുരോഗമനസിദ്ധാന്തമേന്തിയ തൊഴിലാളിവർഗ്ഗത്തിന്നറിയാം സ്വാതന്ത്ര്യവും പ്രജായത്തപരവുമായ ഇന്ത്യക്കുവേണ്ടി അടിത്തറ കെട്ടിപ്പടുക്കുന്ന ദേശീയപ്രസ്ഥാനത്തിന്റെ ശബ്ദപാത്രത്തിൽ മിടിക്കുന്നതു് ഒന്നിലധികം ചെറുരാഷ്ട്രങ്ങളാണെന്നു്. ഇത്തരത്തിലുള്ള വളർച്ചയെപ്പറ്റി സ്റ്റാലിൻ 1925ൽതന്നെ പറഞ്ഞിട്ടുണ്ടു്:

“പഴയ സാറിസ്റ്റ്റഷ്യയിലെ ജനസമുദായങ്ങളുടേയും ജാതിവ്യൂഹങ്ങളുടേയും എണ്ണം അമ്പതിൽ കുറയാത്ത ഒന്നാണെന്നു് ആക്കാണു് വിചാരിക്കാൻ കഴിയുക? എന്നാൽ, പഴയ ചങ്ങലകളെ പൊട്ടിച്ചു്, മറക്കപ്പെട്ട പല ജനതകളേയും പ്രവർത്തിരംഗത്തിലേക്ക് കൊണ്ടുവന്ന ഒക്ടോബർവിപ്ലവം അവക്ക് ഒരു പുതിയ ജീവനും വളർച്ചയും പ്ര

നം ചെയ്തു. ഇങ്ങിനെയാണ്, ഇന്ത്യയെ ഒരു അധിരാജ്യരാഷ്ട്രമായിട്ടാണ് പറയപ്പെടാറുള്ളത്. വിപ്ലവപരമായ പുനരുദ്ധാരണത്തോടുകൂടി ഇന്ത്യയിൽ ഇതേവരെ അറിയപ്പെടാത്ത സ്വന്തം ഭാഷയും സംസ്കാരവുമുള്ള ജനസമുദായം മുന്നോട്ടു പുറത്തുവരുമെന്നതിന്ന് സംശയമില്ല.

ഇത് എഴുതിയ കാലത്ത്, 1925ൽ, ഇതു, മാർക്സിസം നൽകുന്ന പ്രശംസനീയമായ വീക്ഷണകൃത്യതയെ തെളിയിക്കുന്ന ഒരു ഉജ്ജ്വല പ്രവചനമായിരുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള ലോകം മുഴുവൻ ഒരു വലിയ വിപ്ലവത്തിന്റെ വക്കത്തെത്തിയിട്ടുള്ള ഇന്ന്, ഇതു ഒരു വളർന്നുവരുന്ന വാസ്തവമായിത്തീർന്നിട്ടുണ്ട്. ഇന്ത്യയുടെ സാധാരണമായ വളർച്ചയുടെ വഴിയിൽ സാമ്രാജ്യത്വം വെക്കുന്ന തടസ്ഥങ്ങളെല്ലാമുണ്ടായിട്ടുകൂടി, ഓരോ ജനസമുദായത്തിന്റെ നാടിനെയും സംസ്ഥാനങ്ങളെന്നും നാട്ടുരാജ്യങ്ങളെന്നും പറഞ്ഞ് മുറിച്ചുകൂട്ടിയിട്ടുകൂടി, ഈ ജനസമുദായങ്ങൾ സാമ്പത്തികമായും രാഷ്ട്രീയമായും രാഷ്ട്രങ്ങളായി വളരുന്നുണ്ട്.

ഈ പ്രദേശങ്ങളിലോരോന്നിലും പ്രത്യേക കച്ചവടസംഘങ്ങളുണ്ട്. ഉദാഹരണം: ആന്ധ്രം, കർണ്ണാടകം, മഹാരാഷ്ട്രം മുതലായവ. ഇതു എന്താണ് കാണിക്കുന്നത്? ഓരോ പ്രദേശത്തെ മുതലാളിത്തം അവരുടെ സ്വന്തം നാട്ടിലെ കമ്പോളത്തിൽ സ്ഥാനമുറപ്പിക്കാൻ ശ്രമിക്കുകയാണെന്നാണിതു കാണിക്കുന്നത്. അതിന്നുപുറമെ, ഈ പ്രദേശങ്ങളിൽ അവയുടെ സ്വന്തം ഭാഷയും, സംസ്കാരവും, സാഹിത്യവും വളർന്നുവരുന്നുമുണ്ട്. ഇതു മാത്രമല്ല, ഇവയിൽ ചില പ്രദേശങ്ങളിൽ, ഒരു രാഷ്ട്രത്തെ സംസ്ഥാനങ്ങളായി ഭാഗിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ, അവയെ ഒരേ ഒരു സംസ്ഥാനമായി ഏകീകരിക്കാനുള്ള മുറവിളി, ഒരു പ്രജായത്തപരമായ അവകാശമെന്ന നിലയിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. മേൽപറഞ്ഞപോലെ, സംയുക്തകർണ്ണാടകത്തിന്നും, ആന്ധ്രത്തെ പ്രത്യേകസംസ്ഥാനമാക്കാനും, ഐക്യമഹാരാഷ്ട്രത്തിന്നും വേണ്ടിയുള്ള ആവശ്യങ്ങൾ ഇന്ന് നിലവിലുണ്ട്. പാകിസ്ഥാൻ ആവശ്യത്തിന്റെ പുരോഗമനവശത്തേക്ക് വീക്ഷിക്കുകയാണെങ്കിൽ, അതു് പഞ്ചാബ്, പത്താൻ, സിന്ധ്, ബലൂചിസ്ഥാൻ, ബങ്കാളിലെ കിഴക്കൻ സംസ്ഥാനങ്ങൾ എന്നീ മുസ്ലിംജനസമുദായങ്ങൾക്ക് സ്വയംനിർണ്ണയ

വകാശത്തിന്നും വേറിട്ടുപിരിയാനുള്ള അവകാശത്തിന്നും വേണ്ടിയുള്ള ഒരു ആവശ്യമാണെന്നു വ്യക്തമാകും.

ഈ സംഭവവളർച്ചയാണ് സാമുദായികപ്രശ്നത്തിന്നും ദേശീയപ്രശ്നത്തിന്നും ഇന്ന് ഒരു മാററമുണ്ടാക്കുന്നത്. അങ്ങിനെ, സാമുദായികൈക്യപ്രശ്നവും ദേശീയൈക്യപ്രശ്നവും, സ്വാതന്ത്ര്യം നേടാൻവേണ്ടി ഫാസിസ്റ്റാക്രമണത്തിൽനിന്ന് രാജ്യത്തെ രക്ഷിക്കാൻ ഈ ജനസമുദായങ്ങളെ ഏകോപിപ്പിക്കുക എന്ന പ്രശ്നമായിത്തീരുന്നു

# VI സ്വയംനിർണ്ണയാവകാശവും വിഭജനവും

നമ്മുടെ പാർട്ടി മുന്നോട്ടു കൊണ്ടുവന്ന സാമുദായികപ്രശ്നപരിഹാരത്തിന്റെ ഉത്ഭവം, ദേശീയഗവർമ്മെണ്ടും ദേശരക്ഷയും നേടാൻവേണ്ടി നമ്മുടെ നാട്ടിലെ ജനങ്ങളെ വിപ്ലവപരമായ ഐക്യത്തിൽ കൊണ്ടുവരേണ്ടതിന്റെ ഒഴിയാത്താവശ്യത്തിൽനിന്നാണ്. സാമ്രാജ്യത്വച്ചങ്ങലയുടേയും നാടുവാഴിത്വച്ചങ്ങലയുടേയും എല്ലാം കണ്ണികളും തകർത്താൽ മാത്രമെ, ഫാസിസത്തിനെ നമ്മുടെ രാജ്യത്തിന്റെ അതിർത്തിയിൽനിന്നോടിച്ചു കളഞ്ഞാൽ മാത്രമെ, ഓരോ ജനസമുദായത്തിന്നും വളരുവാനും വികസിക്കുവാനുമുള്ള അവസരവും സ്വാതന്ത്ര്യവും ലഭിക്കുകയുള്ളുവെന്ന കാര്യം പാർട്ടി ഒരിക്കലും മറക്കുന്നില്ല.

നാം ജനങ്ങൾക്ക് രണ്ടുകാര്യമാണ് വിശദീകരിച്ചുകൊടുക്കുന്നത്:

(1) സോഷ്യലിസത്തിന്റെ കീഴിൽ മാത്രമെ, ഭിന്നിപ്പിന്നു കാരണമായ മുതലാളിത്തം നശിച്ചാൽ മാത്രമെ, ഉറച്ചതും ശാശ്വതവുമായ വിധത്തിൽ ഈ ജനസമുദായങ്ങളുടെ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളു.

(2) എന്നാൽ അതേസമയത്തുതന്നെ മുതലാളിത്തത്തിന്റെ കീഴിൽതന്നെ, തികച്ചും പ്രജായത്തപരമായ ഒരു പരിതസ്ഥിതിയാണെങ്കിൽ മാത്രം, ഈ പ്രശ്നത്തിന്റെ കുറെ ഭാഗം പരിഹരിക്കാൻ കഴിയും.

1917-ൽ സോവിയററുയൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുകൊണ്ടുവന്ന പരിഹാരം, പ്രജായത്തഭരണം നേടാൻവേണ്ടി ഒരു പുരോഗമനപരമായ പ്രജായത്തവിപ്ലവം നടത്തുകയെന്നതായിരുന്നു.

മിതവാദികളും ബുഷ്വാറിഫോമിസ്റ്റുകാരും പാക്കിസ്ഥാൻപ്ര

ശ്നം പരിഹരിക്കുകയാണെന്ന ഭാവത്തിൽ, നടത്തുന്ന നിയമഘടനാപരവും ഭരണപരവുമായ പദ്ധതിനിർമ്മാണത്തിൽനിന്ന് നമ്മുടെ വിപ്ലവപരമായ മാർഗ്ഗത്തെ വേർതിരിപ്പിക്കുന്ന വര ഇതാണ്. നിയമഘടനയെപ്പററിയും അതിർത്തിയെപ്പററിയും പ്രസംഗിച്ചു സമയം കളയുന്നതു വിപ്ലവവഴിയിൽനിന്നു റിഫോമിസത്തിൻെറ വഴിയിലേക്കു പോകുന്നതിന്നു തുല്യമാണ്. ഇന്നു നമ്മുടെ മുമ്പിലുള്ള പ്രശ്നം ഭൂപടങ്ങളും അതിർത്തികളും വരക്കുകയല്ല, ബ്രിട്ടീഷ് ഭരണത്തിൻെറ കീഴിൽ ഇന്ത്യയെ വെട്ടിമുറിക്കുകയല്ല; എല്ലാം ജനവിഭാഗങ്ങളും തമ്മിൽ വിപ്ലവപരമായ പ്രവർത്തനൈക്യം സൃഷ്ടിച്ച്, ദേശീയശക്തൈക്യം നേടുകയാണ്, ഭാരതസ്വാതന്ത്ര്യയുദ്ധത്തിൽ വിജയം നേടുകയാണ്, പൊതുസ്വാതന്ത്ര്യം നേടുകയാണ്. എല്ലാം സാമ്രാജ്യത്വ-നാടുവാഴിത്തച്ചങ്ങലകളിൽനിന്നും സ്വാതന്ത്ര്യമായി, അതിർത്തികൾ മാച്ചുവരക്കുവാൻ നമ്മുടെ ജനങ്ങൾക്ക് സാധിക്കണമെങ്കിൽ, ഇതു ചെയ്തേ കഴിയൂ.

ഇതാണ് "പാക്കിസ്ഥാനും ദേശീയൈക്യവും" എന്ന പാർട്ടിപ്രമേയത്തിൻെറ ആദ്യത്തെ ഖണ്ഡികയിൽ ഊന്നിപ്പറഞ്ഞിട്ടുള്ളത്. ദേശീയപ്രസ്ഥാനത്തിൻെറ മുന്നണിവിഭാഗമായ ബഹുജനങ്ങളുടെ ഐക്യമാണ് നമ്മുടെ നയത്തിൻെറ അടിക്കല്ല് എന്നു അവിടെ നാം വിശദീകരിച്ചിട്ടുണ്ട്.

പക്ഷെ ഈ ഐക്യത്തിൻെറ ശരിയായ വാസ്തവം നാം മനസ്സിലാക്കണം, അവ്യക്തമായി മനസ്സിലാക്കിയാൽപോരാ. അതുകൊണ്ടു ജനസമുദായങ്ങളെയും അവരുടെ ആവശ്യങ്ങളെയും അവയുടെ യഥാർത്ഥരൂപത്തിൽ മനസ്സിലാക്കണം; അതാണ് ആദ്യമായി വേണ്ടതു. പല തരത്തിലുള്ള ഈ സ്വാതന്ത്ര്യപരിശ്രമങ്ങളെ നമ്മുടെ സർവ്വേന്ത്യാദേശീയസമരവുമായി എങ്ങിനെയാണ് കൂട്ടിയിണക്കുക? പല തരത്തിലുള്ള ഈ ദേശീയാവശ്യങ്ങളെ ഇന്ത്യയിൽ മുഴുവൻ ഉള്ള ദേശീയവാദികളുടെ മനസ്സിൽ എങ്ങിനെയാണ് പതിപ്പിക്കുക? ഇതാണ് പ്രശ്നം.

ഈ ജനസമുദായങ്ങളിലെ ജനങ്ങൾ അനുഭവിച്ചുകഴിഞ്ഞതും അനുഭവിക്കുന്നതുമായ മർദ്ദനത്തിൻെറ ചരിത്രപരമായ രൂപം വ്യക്തമായി മനസ്സിലാക്കണം. നമ്മുടെ ജനങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഫാസിസത്തിൽനിന്നുണ്ടാവുന്ന അപകടത്തെ നാം വ്യക്തമായി ഊന്നിപ്പറയണം. ഈ സാമ്രാജ്യത്വ-നാടുവാഴിമേധാവിത്തത്തി-

ങ്ങളിൽനിന്ന രക്ഷനേടുന്നതിന്റേയും ദേശീയശത്രുക്കളെ നേരിടുന്നതി
ന്റേയും ഫാസിസത്തെ ചതക്കുന്നതിന്റേയും അർത്ഥമെന്താണെന്നതി
ന്റെ ഒരു യഥാർത്ഥചിത്രം നമ്മുടെ ദേശീയപ്രസ്ഥാനം നമ്മുടെ ജന
തകളുടെ മുമ്പിൽ വെക്കണം. ഏകോപിച്ച പ്രവർത്തനത്തിന്ന അവരെ
പ്രചോദിപ്പിക്കുന്നതു ഇത്തരത്തിലുള്ള ഒരു ചിത്രമാണ്.

എല്ലാം ജനതകളേയും, എല്ലാ ജനസമുദായങ്ങളുടെ സ്വാതന്ത്ര്യമോ
ഹങ്ങളേയും, ഒരേ ഒരു പ്രവൃത്തിരംഗത്തിലേക്ക്, ഐക്യമുന്നണിയുടെ
രംഗത്തിലേക്ക് കൊണ്ടുവരിക—ഇതാണ് നമ്മുടെ കടമ.

സാമുദായികപ്രശ്നത്തെ സംബന്ധിച്ച നമ്മുടെ നയം ഈ പൊതു
ചട്ടക്കൂടിനുള്ളിൽ ഒതുങ്ങിനില്ക്കുന്നു. എല്ലാം ജനസമുദായങ്ങൾക്കും സ്വ
യംനിർണ്ണയാവകാശം (വേറിട്ടുനില്ക്കാനുള്ള അധികാരമുൾപ്പെടെ) അ
നുവദിച്ചുകൊടുത്താൽ, ദേശീയൈക്യത്തിന്റെ കാമ്പായ വിപ്ലവപര
മായ ഹിന്ദുമുസ്ലീം ഐക്യം സൃഷ്ടിക്കാം.

മുമ്പു പറഞ്ഞതുപോലെ, സാമ്രാജ്യത്വത്തിന്റെ കീഴിലുണ്ടായ സമ
മല്ലാത്ത വളർച്ച നമ്മുടെ രാഷ്ട്രീയജീവിതത്തിൽ അസമത്വത്തിന്നും
ജനസമുദായങ്ങൾ തമ്മിൽ കീഴ്മേൽക്രമമോ എന്ന ഭയത്തിന്നും അടി
സ്ഥാനമിട്ടിട്ടുണ്ടെന്നു സമ്മതിക്കണം.

നമ്മുടെ നാട്ടിൽ, ഏററവും പൊന്തിനില്ക്കുന്ന ദേശീയമർദ്ദനം, തീ
ച്ചയായും സാമ്രാജ്യത്വമർദ്ദനമാണ്. പക്ഷെ, ദേശീയപ്രസ്ഥാനത്തി
നുള്ളിൽതന്നെ, എല്ലാം ജനസമുദായങ്ങളും ഒരുപോലെ വളരാത്തതു
മൂലം, ചില വിഭാഗങ്ങൾ അധികം വളർന്നവയും ശക്തിയുള്ളവയുമാ
ണ്. മററു ചിലതു അധികം വളർന്നിട്ടില്ലാത്തവയും ശക്തികുറഞ്ഞവയു
മാണ് ഈ ഒരു സംഗതി ദേശീയപ്രസ്ഥാനത്തിന്നുള്ളിൽ പരസ്പരാ
വിശ്വാസത്തേയും സംശയത്തേയും വളർത്തുന്നു.

'ഹിന്ദു ഇന്ത്യ'’യുടെ കീഴിൽ മർദ്ദിതരും ചൂഷിതരുമാവുമോ എന്നു
മുസ്ലിംബഹുജനങ്ങൾ ഭയപ്പെടുന്നു. ഈ ഭയത്തിന്നും അവിശ്വാസ
ത്തിന്നും വല്ല അടിസ്ഥാനവുമുണ്ടോ? ഇതിന്ന ഉത്തരം കാണണമെങ്കി
ൽ, ഈ പാർട്ടികളുടേയും ജനസമൂഹങ്ങളുടേയും പറയപ്പെടുന്ന ഉദ്ദേ
ശമല്ല, ഫലത്തിൽ വളർന്നുവരുന്ന വാസ്തവത്തെയാണ് നോക്കേണ്ടതു.
സ്വാതന്ത്ര്യഇന്ത്യയിൽ പ്രമാണ്യമുള്ള ഒരു ജനസമുദായത്തിന്ന മററു പി
ന്നണിയിലുള്ള ശക്തികുറഞ്ഞ ജനസമുദായങ്ങളുടെ വളർച്ചക്ക് വിഘ്ന

തം വളരുവാൻ അവസരം കൊടുക്കുന്ന ഒരു പരിതസ്ഥിതി മുതലാളിത്തത്തിന്റെ അസമമായ വളൎച്ച ഉണ്ടാക്കുന്നുണ്ട്. കോൺഗ്രസ്സ് മന്ത്രിസഭാകാലത്തുതന്നെ ഇതിന്റെ ഒരു ചെറിയ രൂപം നാം കണ്ടു. ഈ പേടി മനസ്സിലാക്കാൻ കഴിയുന്ന ഒന്നാണെന്നു നാം പറയുന്നതു അതുകൊണ്ടാണ്.

ഈ അസമത്വത്തേയും അസമമായ വളൎച്ചയേയും ജനങ്ങൾക്കെതിരല്ലാതെ, അവൎക്ക് ഗുണം നൽകുന്ന വിധത്തിൽ ഉപയോഗപ്പെടുത്താനുള്ള പരിതസ്ഥിതി നാം ഉണ്ടാക്കണം. അസമത്വം സാമ്രാജ്യത്വത്തിന്നും ഫാസിസ്റ്റാക്രമണത്തിന്നുമെതിരായ ഐക്യത്തിന്ന് ഹാനി വരുത്തുന്ന ഒന്നായിത്തീരാൻ പാടില്ല. മുതലാളിത്തം അതിനെ അനൈക്യത്തിന്നുവേണ്ടിയാണുപയോഗിക്കുന്നത്. നേരെ മറിച്ച്, തൊഴിലാളിവൎഗ്ഗമാണെങ്കിൽ, (സോവിയറ്റ്‌യൂനിയനിലെന്നപോലെ) മുന്നിട്ടുനില്ക്കുന്ന ജനസമുദായങ്ങൾ പിന്നിൽ കിടക്കുന്നവരെ സഹായിക്കുകയും, സമനിലയിലേക്കു കാലതാമസം കൂടാതെ കഴിയുന്നതും എളുപ്പത്തിൽ ഉയൎത്തുകയും ചെയ്യുന്ന ഒരു രീതിയാണ് കൈക്കൊള്ളുക.

അങ്ങിനെ, ജനസമുദായങ്ങൾക്ക് സ്വയംനിൎണ്ണയാവകാശം എന്നതിനെ ഒരു ന്യായമായ ആവശ്യമെന്ന നിലക്കുവേണം കണക്കാക്കാൻ. ഈ ആവശ്യത്തിന്റെ സാരം, സമത്വവും, മററുള്ളവരിൽനിന്നു മുക്തിയുമാണ്. ഈ ആവശ്യത്തെ വിശേഷിക്കുക എന്നതിന്റെ അൎത്ഥം ദേശീയസമത്വത്തിന്നും മററുള്ളതിന്നും അനുമതി നൽകുകയെന്നതാണ്.

നമ്മുടെ ദേശീയപ്രസ്ഥാനത്തിന്റെ പൂൎവ്വചരിത്രത്തേയും ഇന്ത്യയെ ഏകീകരിക്കുന്നതിൽ അതിന്റെ നേട്ടങ്ങളേയും വെച്ചുനോക്കുന്ന ഒരു കോൺഗ്രസ്സ് ദേശാഭിമാനിക്ക് ജനസമുദായങ്ങൾക്ക് സ്വയംനിൎണ്ണയാവകാശം അനുവദിച്ചുകൊടുക്കുന്നതിന്റെ ഫലമായി ഇതിലും അധികം ഉറച്ച ഐക്യം ഉണ്ടാവുമെന്ന് നാം വിവരിച്ചുകൊടുക്കണം. അയാളോടു വിശദമാക്കണം, ഈ നയം എങ്ങിനെയാണ് ദേശരക്ഷക്കും ദേശീയഗവൎമ്മെണ്ടിന്നും വേണ്ടിയുള്ള വിപ്ലവപരമായ ദേശീയൈക്യം സൃഷ്ടിക്കുന്നത്; എങ്ങിനെയാണ് ഫാസിസത്തിൽനിന്നു രാജ്യത്തെ രക്ഷിക്കാനുള്ള സമരത്തിന്റെ ഫലമായി അതു കൂടുതൽ ഉറക്കുന്നത്; എങ്ങിനെയാണ് തമ്മിൽ തമ്മിലുള്ള അവിശ്വാസവും സംശയങ്ങളും നീങ്ങുന്നതിന്റെ ഫലമായി സ്വതന്ത്ര ഇന്ത്യൻയൂനിയനിൽ എല്ലാം ജന

സമുദായങ്ങളുടെയും സ്വാതന്ത്ര്യവും ഹാർദ്ദവുമായ സഹകരണം തീർച്ചപ്പെടുന്നു; എങ്ങിനെയാണ്, തമ്മിൽതമ്മിലുള്ള ഭയം നീങ്ങിയാൽ, സ്വാതന്ത്ര്യം നേടുന്നതിന്റേയും, നേടിക്കഴിഞ്ഞാൽ അതിനെ രക്ഷിക്കേണ്ടതിന്റേയും ആവശ്യം ഐക്യത്തിനുള്ള ആണിയായിത്തീരുന്നതു്.

ഏററവും ഉന്നതവും ശാശ്വതവുമായ നിലയിൽ ഇന്ത്യൻഐക്യപ്രശ്നത്തെ പരിഹരിച്ചതിനു ശേഷമുള്ള വിവിധരാഷ്ട്രങ്ങളടങ്ങുന്ന ഇന്ത്യയുടെ ചിത്രം അദ്ദേഹത്തിന്റെ മുമ്പിൽ നാം വെച്ചുകൊടുക്കണം. കമ്മ്യൂണിസ്റ്റുകാരായ നമ്മൾ അനൈക്യത്തിന്റെ ആയുധങ്ങളല്ല, ഐക്യത്തിന്റെ ആളുകളാണ് എന്നും ഇന്ത്യയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്ത അത്രയും ഉയർന്നതരത്തിലേക്കാണ് നമ്മുടെ പരിഹാരം എത്തിക്കുന്നതെന്നും നാം അദ്ദേഹത്തിനു കാണിച്ചുകൊടുക്കണം.

നാഷനൽകോൺഗ്രസ്സുതന്നെ, അതിന്റെ വർക്കിംഗ് കമ്മിററിയിൽവെച്ച് (1942 ഏപ്രിൽ) പാസ്സാക്കപ്പെട്ട പ്രമേയത്തിൽ, ഇന്ത്യയുടെ ഐക്യത്തിൽ വിശ്വസിക്കുകയും അതിൻഫലമായി, യാതൊരു ഭൂവിഭാഗത്തിനേയും, അതിന്നിഷ്ടമില്ലാത്തപക്ഷം, ഇന്ത്യൻയൂണിയനിൽ ചേരാൻ നിർബ്ബന്ധിക്കുകയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തത് എങ്ങിനെയാണെന്ന് അദ്ദേഹത്തിനു വിവരിച്ചുകൊടുക്കണം. ഇതോടൊപ്പം കോൺഗ്രസ്സ് സംസ്ഥാനങ്ങളുടെ ഭാഷയെ അടിസ്ഥാനപ്പെടുത്തിയ രൂപവും, ടാഗോറിന്റെ സുപ്രസിദ്ധപാട്ടുകളെപ്പോലുള്ള ദേശീയഗാനങ്ങളും കാണിക്കുന്നത് കോൺഗ്രസ്സ് ദേശാഭിമാനിയുടെ ബുദ്ധിക്കുകൂടി നമ്മുടെ നാട്ടിന്റെ വിവിധരാഷ്ട്രത്വം വിദേശീയമല്ലെന്നാണ്.

സ്വയംനിർണ്ണയാവകാശം അനുവദിച്ചുകൊടുക്കൽ ഐക്യത്തിലേക്കെത്തിക്കുമെന്ന് കോൺഗ്രസ്സ് ദേശാഭിമാനിക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുത്താൽ മാത്രമേ ഹിന്ദുക്കളായ സാമുദായികപിന്തിരിപ്പന്മാരെ നമുക്ക് ഒററപ്പെടുത്താൻ കഴികയുള്ളൂ. ഈ പിന്തിരിപ്പന്മാർ "അഖണ്ഡഹിന്ദുസ്ഥാൻ" എന്ന മൂടുപടത്തിന്റെ പിന്നിൽനിന്നുകൊണ്ട് ഹിന്ദുക്കളും മുസ്ലിമിങ്ങളും തമ്മിലുള്ള അവിശ്വാസത്തേയും വെറുപ്പിനേയും വിശീകതിക്കുകയും ദേശീയഅസമത്വത്തേയും മത്സരത്തേയും സഹായിക്കുകയുമാണ് ചെയ്യുന്നത്. അവരുടെ "അഖണ്ഡഹിന്ദുസ്ഥാൻ"ദ

ദ്രാവാക്യം ഐക്യത്തിലേക്കല്ല, അനൈക്യത്തിലേക്കും ഭിന്നിപ്പിലേക്കുമാണ് പോകുന്നതു്.

1940 മാർച്ച് മാസത്തിലാണ് മുസ്ലീം ലീഗ് പാകിസ്ഥാൻമുദ്രാവാക്യം മുന്നോട്ടു കൊണ്ടുവന്നത്. കോൺഗ്രസ്സ്, സാമ്രാജ്യത്വത്തിൽനിന്ന് അധികാരം കൈപ്പററാൻ വേണ്ടി നിസ്സഹകരണപ്രസ്ഥാനവും മുന്നോട്ടു കൊണ്ടുവന്നു. ഇതേമാതിരിതന്നെ, മുസ്ലീം ബഹുജനങ്ങളുടെ യുദ്ധവിരുദ്ധമായ ചിന്താഗതി മനസ്സിലാക്കിയ മുസ്ലീം ലീഗ് കോൺഗ്രസ്സിന്റേതിന്ന് സമാനമായ ഒരു മുദ്രാവാക്യം പുറപ്പെടുവിച്ചു. ഇതു അധികാരത്തിന്റെ ഒരു പങ്കു കിട്ടുവാനും അതേസമയത്തുതന്നെ മുസ്ലീം ബഹുജനങ്ങളുടെ പിൻബലം നേടുവാനും ആയിരുന്നു. കോൺഗ്രസ്സ് ഇങ്ങിനെ പ്രഖ്യാപിച്ചു: "ഞങ്ങൾക്ക് സ്വാതന്ത്ര്യം തന്നാൽ ഞങ്ങൾ യുദ്ധത്തെ സഹായിക്കാം." ലീഗ് ഇങ്ങിനെ പറഞ്ഞു: "ഞങ്ങൾക്ക് പാകിസ്ഥാൻ തന്നാൽ, ഞങ്ങൾ യുദ്ധത്തെ സഹായിക്കാം."

എന്നാൽ പാകിസ്ഥാൻമുദ്രാവാക്യത്തിന്റെ ഉള്ളടക്കം ഇതു മാത്രമല്ല. മേൽപറഞ്ഞതിന്നു പുറമെ, ഈ മുദ്രാവാക്യത്തിൽ, അവ്യക്തരൂപത്തിലെങ്കിലും, അടുത്ത കാലത്തു രാഷ്ട്രീയബോധം വന്നതിന്റെ ഫലമായി ഉണർന്ന മുസ്ലീം ജനസമുദായങ്ങളുടെ വർദ്ധിച്ചുവരുന്ന സ്വാതന്ത്ര്യമോഹവും ഉൾപ്പെടും. മുസ്ലീം ജനസമുദായങ്ങളുടെ ഈ മോഹത്തെയാണ് പാകിസ്ഥാൻമുദ്രാവാക്യവും അതിൽപറഞ്ഞ "സ്വതന്ത്രരാജ്യങ്ങളും" ലക്ഷ്യമാക്കിയതു്.

അതുകൊണ്ടാണ് മുസ്ലീം ബഹുജനങ്ങൾക്കിടയിൽ ഈ മുദ്രാവാക്യത്തിന്ന് പിന്തുണ കിട്ടിയതും, കിട്ടിക്കൊണ്ടിരിക്കുന്നതും. അതാണ് മുസ്ലീം ബഹുജനങ്ങൾക്കിടയിൽ അതിവേഗത്തിൽ പരന്നുകൊണ്ടിരിക്കുന്ന ലീഗിന്റെ സ്വാധീനശക്തിക്കുള്ള കാരണം.

1940 തൊട്ട് ഇന്നേവരെ, ഈ സ്വാധീനശക്തിയും പാകിസ്ഥാൻമുദ്രാവാക്യത്തിന്റെ ജനസ്വാധീനവും വളർന്നുകൊണ്ടിരിക്കയാണ്.

ഇങ്ങിനെയാണ് പാകിസ്ഥാന്റെ വില മതിക്കേണ്ടതു്. പാകിസ്ഥാൻപ്രശ്നത്തിന്റെ കാമ്പ് കാണാതിരിക്കുന്നത്, മുസ്ലീം ബഹുജനങ്ങളുടെ യഥാർത്ഥമായ ആവശ്യം മുസ്ലീം ജനങ്ങൾക്ക് സ്വയംനിർണ്ണയാവകാശമാണെന്ന് കാണാതിരിക്കുന്നതു്, വാസ്തവത്തിന്റെ മുമ്പിൽ അന്ധനാവുകയെന്നതിന്നു തുല്യമാണ്. ഇത്തരത്തിലുള്ള അന്ധത മ

ന്നെ എല്ലാംവരേയും ഒരേരകത്ത കഴിയിൽ ചെന്നുചാടിക്കും. യഥാർത്ഥജീവിതത്തിൽനിന്ന് പുറപ്പെടുന്ന ഈ പ്രജായത്തപരമായആവശ്യമാണ് മുസ്ലീംബഹുജനങ്ങൾക്കിടയിൽ ലീഗിന്റേയും പാകിസ്ഥാൻമുദ്രാവാക്യത്തിന്റേയും സ്വാധീനശക്തിയുടെ കാരണം.

അതുകൊണ്ട്, നമ്മുടെ സ്വയംനിർണ്ണയാവകാശത്തെത്തന്നെ മുസ്ലീംജനങ്ങൾക്കിടയിൽ അവരുടെ ദേശീയബോധത്തിന്ന് യോജിച്ചമട്ടിൽ വ്യക്തമായി കൊണ്ടുപോയ്വെക്കണം. ഓരോ മുസ്ലീംജനതയുടേയും അതിന്റെ സ്വന്തം രാജ്യത്തേയും കൂട്ടിയിണക്കുന്നതും പാകിസ്ഥാൻമുദ്രാവാക്യവുമായുള്ള അതിന്റെ ബന്ധത്തിൽ പ്രതിഫലിച്ചുകാണുന്നതുമായ ദേശീയബോധത്തിന്റെ പ്രത്യക്ഷരൂപം അവരുടെ മുമ്പിൽ നാം ഉയർത്തിവെക്കണം. ഓരോ മുസ്ലീംദേശീയതയുടെ മുമ്പിലും, അവരുടെ സ്വന്തംനാട്ടിലെ, പൂർവ്വപിതാക്കളുടെ നാട്ടിലെ, സഹദേശീയന്മാരുടെ ഇടയിലുള്ള ജീവിതത്തിന്റെ ഒരു ചിത്രം നാം കാണിച്ചുകൊടുക്കണം.

ഇതാണ് മുസ്ലീംബഹുജനങ്ങളുടെ യഥാർത്ഥമായ ആവശ്യവും ആശയും. ഇത് അനുവദിച്ചുകൊടുത്താൽ, ഹിന്ദുസഹോദരന്മാരുമായി തോളോടുതോൾ ചേർന്ന് ദേശീയഗവർമ്മേണ്ടിന്നും, ദേശരക്ഷക്കും, സ്വാതന്ത്ര്യത്തിന്നും വേണ്ടിയുള്ള സമരത്തിൽ അവർക്ക് ആവേശവും ഉത്സാഹവും ലഭിക്കും. സ്വാതന്ത്ര്യസമ്പാദനത്തിന്നും അതിന്നുശേഷം സ്വാതന്ത്ര്യസംരക്ഷണത്തിന്നുംവേണ്ടി ഹിന്ദുമുസ്ലീംഐക്യം നേടുന്നതിന്ന് ഇത് ഒരു മാർഗ്ഗം മാത്രമേയുള്ളു. വിഭജനത്തിന്റേയും ഭിന്നിപ്പിന്റേയും മുദ്രാവാക്യങ്ങളിൽനിന്ന് അവരെ വ്യതിചലിപ്പിക്കാനുള്ള ഏകമാർഗ്ഗം ഇതാണ്.

ഈ ഒരു അർത്ഥത്തിൽ മാത്രമാണ് മുസ്ലീംബഹുജനങ്ങളുടെ പാകിസ്ഥാൻ സ്ഥാപിക്കാനുള്ള ആഗ്രഹം യഥാർത്ഥരൂപമെടുക്കുന്നത്. മതപരമായ അർത്ഥത്തിൽ അതു അയഥാർത്ഥമാണ്. അവരുടെ പ്രജായത്തപരമായ അവകാശം അനുവദിക്കാതിരിക്കുന്നതുവരെ മാത്രമേ അവർ ഇതിന്റെ മതപരമായ അർത്ഥത്തിൽ പററിപ്പിടിക്കുകയുള്ളു. അതിന്റെ കാരണം, പാക്കിസ്ഥാൻ സ്വയംനിർണ്ണയാവകാശത്തിന്നുള്ള അവരുടെ ആഗ്രഹത്തെ നിറവേറ്റുമെന്ന ആശയാണ്.

സ്വയംനിർണ്ണയാവകാശം അംഗീകരിക്കലും പാൻ-ഇസ്ലാമിസം

ഉടങ്ങിയ പിൻതിരിപ്പൻ മുസ്ലീംജനസിദ്ധാന്തവും തമ്മിൽ യാതൊരു ബന്ധവുമില്ല. പാൻഇസ്ലാമിക്ക് സിദ്ധാന്തം യുദ്ധാനന്തരകാലത്തു സോവ്യറ്റുരുഷ്യയിൽ ദേശീയപ്രശ്നത്തെ സംബന്ധിച്ച നടത്തിയ കൂടിയാലോചനയിൽ ഒരു നല്ല പങ്കു വഹിച്ചിട്ടുണ്ട്. ബോൾഷെവിക്കുകാർക്കു തീർച്ചയായും, അതുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. അവരുടെ സ്വയംനിർണ്ണയാവകാശനയം, മററു ബൂഷ്വാവിഭജനവാദ്കളോടൊപ്പം 'പാൻഇസ്ലാമിക'കാർക്കും സ്ഥാനമില്ലാതാക്കി.

'പാൻ ഇസ്ലാമിസം' വാസ്തവത്തിൽ അനൈക്യത്തിന്റെ ആയുധമാണ്. "അന്യരാജ്യത്തോടുള്ള ബഹുമാന"ത്തിന്റെ മുഖമൂടിയുമിട്ടു, അതു സ്വാതന്ത്ര്യസമരത്തിന്നായിക്കൊണ്ടുള്ള ദേശീയൈക്യത്തെ തടയുന്നു. അതു മുസ്ലീംജനതകളെ സ്വാതന്ത്ര്യത്തിലേക്കെത്തിക്കുകയില്ല.

'പാൻഇസ്ലാമിസ' പ്രക്ഷോഭണവേല ഇന്ത്യയിൽ വേരോച്ചിട്ടില്ലെന്നു ഓർക്കുന്നതു നന്നായിരിക്കും. 1931, 1932 ഈ കാലം മുതല്ലം, മുസ്ലീം അല്പസംഖ്യവിഭാഗത്തിന്റെ തലച്ചോറിൽ പാക്കിസ്ഥാൻ ആശയം അവ്യക്തരൂപത്തിൽ പാറിക്കളിക്കുന്നുണ്ടായിരുന്നു. പക്ഷെ അതു ഒരു പ്രത്യേകദശയിലെത്തിയപ്പോൾ പുറത്തുകൊണ്ടുവരപ്പെട്ടുള്ള— അതായതു, 1940-ൽ യുദ്ധം പ്രഖ്യാപിച്ചപ്പോൾ, കോൺഗ്രസ്സ് ബ്രിട്ടിഷ് ഗവർമ്മെണ്ടിനോടു സ്വാതന്ത്ര്യം ആവശ്യപ്പെട്ടപ്പോൾ. അപ്പോൾ, അതു സ്വയംനിർണ്ണയാവകാശത്തിന്നുവേണ്ടി പുതുതായി ഉണർന്നുവന്ന മുസ്ലീം ജനസമുദായങ്ങളുടെ പ്രജായത്തവാഞ്ഛയിൽനിന്നാണ് രൂപമെടുത്തതു്.

"മുസ്ലീംലീഗ് നേതാക്കൾക്കു അവർ ആവശ്യപ്പെടുന്നതു കൊടുക്കുക. അവർക്കു പാക്കിസ്ഥാൻ വേണമത്രെ. അതു ഒരു വലിയ ദോഷകരമായ ഒന്നാണെങ്കിലും, സാമുദായികൈക്യം സ്ഥാപിക്കാഞ്ഞാലുണ്ടാവുന്ന ഫലത്തെ അപേക്ഷിച്ച് ഇതു ദോഷംകുറഞ്ഞ ഒന്നാണ്" എന്നല്ല നാം പറയുന്നതെന്നു നാം ഉറപ്പിച്ചു പറയേണ്ടതുണ്ട്.

മേൽപറഞ്ഞ പരിഹാരമാർഗ്ഗം തികച്ചും ബൂഷ്വാറിഫോമിസ്റ്റ്കാരുടേതാണ്. ഐക്യത്തിന്റെ അർത്ഥം "നേതാക്കന്മാർ" തമ്മിലുള്ള "ഐക്യം" ആണെന്ന ധാരണയിൽ നിന്നാണ് അതുത്ഭവിക്കുന്നതു്. ഈ വീക്ഷണരീതി ഐക്യത്തെ ജനകീയപ്രസ്ഥാനത്തിന്റെ വളർച്ചയെന്ന നിലക്കല്ല കാണുന്നതു്; പ്രജായത്തപരവും ന്യായവും ഐക്യമ

ണാക്കാൻ കഴിവുള്ളതുമായ ഒരു ആവശ്യം അനുവദിച്ചുകൊടുത്തുകൊണ്ടു ഹിന്ദുബഹുജനങ്ങളേയും മുസ്ലീം ബഹുജനങ്ങളേയും ഏകീകരിക്കുക എന്ന നിലയിൽ അതു കാണപ്പെടുന്നില്ല.

നേരെമറിച്ച്, അതു ഒരു മുതലാളിത്തവീക്ഷണരീതിയാണ്. അതു നേതാക്കന്മാരുടെ സൌഹാർദ്ദത്തെയാണ് ഐക്യത്തിനുവേണ്ടി ആശ്രയിക്കുന്നത്. ഇത്തരത്തിലുള്ള ഒരു വീക്ഷണരീതി സ്വാഭാവികമായി പരാജയമനോഭാവത്തിലേക്കും നിരാശയിലേക്കും ആണെത്തിക്കുക, "അസാദ്ധ്യ"മെന്നു പറഞ്ഞു ഏതെങ്കിലുമൊരു നേതാവിനെ ശകാരിക്കുന്നതിലേക്കാണെത്തിക്കുക.

മുസ്ലീംജനസമുദായങ്ങളുടെ സ്വയംനിർണ്ണയാവകാശം "താരതമ്യേന ദോഷംകുറഞ്ഞ" ഒന്നല്ല; അതു ഒരു ന്യായമായ അവകാശം മാത്രമാണ്.

"ലീഗുനേതാക്കന്മാർക്കു വേണ്ടതു കൊടുക്കുക, അതു ഇന്ത്യയെ വിഭജിക്കലാണെങ്കിൽക്കൂടെ സാരമില്ല." എന്നല്ല നമ്മുടെ പാർട്ടി പറയുന്നതു്.

നേരെ മറിച്ച് ഇതാണ് നമ്മൾ പറയുന്നത്:

"മുസ്ലീംജനതക്ക് അവരുടെ ന്യായവും പ്രജാധിപത്യപരവുമായ ആവശ്യത്തെ അനുവദിച്ചുകൊടുത്തു, ദേശീയഗവർമ്മെണ്ടു നേടാനും ഫാസിസത്തിൽനിന്നു നമ്മുടെ നാടിനെ രക്ഷിക്കാനുംവേണ്ടി തകർക്കാൻ കഴിയാത്ത ഐക്യത്തിനുള്ള അടിസ്ഥാനം ഇടുക."

നമ്മുടെ നാട്ടിലെ എല്ലാ ജനസമുദായങ്ങൾക്കും സ്വയംനിർണ്ണയാവകാശം അനുവദിച്ചുകൊടുത്താൽ, മുമ്പ് ഉണ്ടായിട്ടില്ലാത്ത മഹത്തായ ഐക്യം ഇന്ത്യയിൽ സ്ഥാപിതമാകും. ഈ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട ഈ ദേശീയൈക്യത്തിന്റെ ഫലമായി മഹത്തായ കോൺഗ്രസ്സ്-ഖിലാഫത്ത് ഐക്യമുന്നണിക്കാലത്തിനു ശേഷം കണ്ടിട്ടില്ലാത്തതും വമ്പിച്ച ജനകീയശക്തി ഇതിൽനിന്ന് ഉദിച്ചുയരും, സ്വതന്ത്ര ഇന്ത്യയിൽ ഭിന്നിപ്പുണ്ടാക്കുന്ന നാടുവാഴിമേധാവിത്വത്തിന്റേയും സാമ്രാജ്യത്വത്തിന്റേയും സ്വാധീനശക്തികളെല്ലാം നശിക്കും, അങ്ങേ അറ്റത്തെ പ്രജാധിപത്യസമ്പ്രദായം സ്ഥിതിചെയ്യും, ഓരോ രാഷ്ട്രത്തിലെ ജനതയും അതിന്റെ സ്വന്തം കാലിന്മേൽ നില്ക്കും. ഇത്തരത്തിലുള്ള ഒരു പരിതസ്ഥിതിയിൽ, ഇന്ത്യൻയൂനിയനിലെ എല്ലാ രാഷ്ട്രത്തിന്റേ

യും രാഷ്ട്രങ്ങൾക്ക് ഐക്യരൂപ്യം സിദ്ധിക്കും; അവക്ക് പൊതുവേയുള്ളതല്ലാതെ, സംഘടനത്തിന്നിടയാക്കുന്ന യാതൊന്നും ഉണ്ടാവില്ല. തമ്മിൽതമ്മിൽ തൊങ്ങിച്ച് അവർ സർവ്വവും നേടും; വേറിട്ടുപോകുന്നത് അവക്ക് നഷ്ടമല്ലാതെ വേറൊന്നുമുണ്ടാക്കില്ല.

സ്വയംനിർണ്ണയാവകാശം അംഗീകരിക്കാതിരിക്കുന്നതിന്റെ അർത്ഥം സ്വതന്ത്രഇന്ത്യയിൽ ഓരോ ജനസമുദായത്തിന്നും സമത്വവും സ്വാതന്ത്ര്യവും അനുവദിക്കാതിരിക്കുകയെന്നതാണ്; ശക്തികുറഞ്ഞ രാഷ്ട്രങ്ങളെ ശക്തിയേറിയ രാഷ്ട്രങ്ങൾ ഭരിക്കുന്നതിനെ സഹായിക്കുകയെന്നതാണ്. ഏതൊരു സ്വാതന്ത്ര്യമാണോ ബ്രിട്ടീഷ്ഗവർമ്മെണ്ടിനോട് നാമെല്ലാവരും ആവശ്യപ്പെടുന്നത്, ഏതൊരു സ്വാതന്ത്ര്യം നേടുവാനാണ് നാം ഒരുമിച്ച് സമരം ചെയ്യേണ്ടത്, ആ സ്വാതന്ത്ര്യം നമ്മുടെ സ്വന്തം ജനതകൾക്കുതന്നെ നിഷേധിക്കുകയെന്നാണ് ഇതിന്റെ അർത്ഥം.

സ്വയംനിർണ്ണയാവകാശം അനുവദിച്ചുകൊടുക്കാതിരിക്കലാണ് ഇന്ത്യയെ ശോഷിപ്പിക്കാതിരിക്കുക, ഭിന്നിപ്പിക്കുക. അതു തമ്മിൽ തമ്മിലുള്ള അവിശ്വാസത്തേയും സംശയങ്ങളേയും വളർപ്പിക്കും, അതു വിഭജനവാദികൾക്ക് കയ്യൂക്ക് കൊടുക്കും. അതു നമ്മുടെ ജനതകളെ ഭിന്നിപ്പിച്ചുനിർത്തും, കോൺഗ്രസ്സിനേയും ലീഗിനേയും തമ്മിൽ അകറ്റിനിർത്തും. ഇത്തരത്തിലുള്ള അനൈക്യത്തിന്റെ ഇന്നത്തെ ഫലം നമ്മുടെ സർവ്വ സ്വത്തിന്റെയും നാശമാണ്.

കോൺഗ്രസ്സ്–ലീഗ് അനൈക്യം ഇന്ത്യയുടെ ഐക്യത്തിന്ന് വല്ല സഹായവുമായിത്തീരുമോ? നമ്മുടെ പിരടിയിൽ ആമറി കൂറാക്കളി അമർന്നിരിക്കുന്നതും, നമ്മുടെ ജനങ്ങളെ ജാപ്പാക്രമിയുടെ മുമ്പിൽ അശക്തരും അസംഘടിതരുമാക്കി കിടത്തുന്നതും ഇന്ത്യയുടെ ഐക്യത്തിന്ന വല്ല സഹായവുമാകുമോ?

സ്വയംനിർണ്ണയാവകാശം നിഷേധിക്കൽ തന്നെ ഒരു സ്വതന്ത്രഇന്ത്യയിലേക്കെത്തിക്കുമോ? സ്വതന്ത്രഇന്ത്യയില്ലാതിരുന്നാൽ പിന്നെ നമുക്കുള്ള "ഐക്യം" "അടിമത്ത"ത്തിന്റെ കാര്യത്തിൽ മാത്രമല്ലേ ഉള്ളൂ? ഒരു ജനസമുദായത്തെ സ്വതന്ത്രഇന്ത്യൻയൂണിയനിൽ ഇരിക്കുവാൻ നിർബ്ബന്ധിക്കുന്നത് ആ ഇന്ത്യൻയൂണിയന്റെ ഐക്യത്തെ ശക്തിപ്പെടുത്തുമോ? പുതിയതായി കിട്ടിയ നമ്മുടെ സ്വാതന്ത്ര്യത്തെ രക്ഷിക്കുവാൻ അതു കൂടുതൽ സഹായിക്കുമോ?

സ്വയംനിർണ്ണയാവകാശം അംഗീകരിക്കുക മാത്രമാണ് ഇന്ത്യൻജനതകളെ കൂടുതൽ സ്വാതന്ത്ര്യത്തിലേക്കും ഐക്യത്തിലേക്കും എത്തിക്കുക എന്ന് ഓരോ കോൺഗ്രസ്സ്ദേശാഭിമാനിയും മനസ്സിലാക്കണം. അതിനെ നിഷേധിക്കലാണ്, വിപരീതഫലത്തിലേക്ക് നമ്മെ എത്തിക്കുക.

ഇന്നു, സമന്മാരായ ജനസമുദായങ്ങളുടെ സ്വാതന്ത്ര്യവും ഇഷ്ടാനുസൃതവുമായ സഹകരണംവഴി സിദ്ധിച്ച ഐക്യത്തിന്റെ ഒരു വമ്പിച്ച ഉദാഹരണമാണ് സോവിയററുയൂണിയനിൽ നാം കാണുന്നതു്.

## മുസ്‌ലിംദേശാഭിമാനികളോട് നാം പ്രഖ്യാപിക്കുന്നു:

സ്വയംനിർണ്ണയാവകാശത്തിന്റെ അംഗീകരണം ഓരോ മുസ്ലീം ജനസമുദായത്തേയും അതിന്റെ നാഷനേയും ബന്ധിക്കുന്ന ദേശീയബോധത്തിന്റെ അംഗീകരണമാണ്. സ്വതന്ത്രഇന്ത്യൻയൂനിയനിൽ, ഓരോ മുസ്‌ലീംജനസമുദായത്തിനും അതിന്റെ സ്വന്തംമാതൃഭൂമി സൃഷ്ടിക്കാനും, അതിന്റെ നാട്ടിൽ സ്വന്തം രാഷ്ട്രീയജീവിതവും സാമ്പത്തികജീവിതവും സൃഷ്ടിക്കാനും സ്വാതന്ത്ര്യം നൽകുന്നു. സ്വതന്ത്രഇന്ത്യയിൽ ഒരു പഠാണിന് അവന്റെ സ്വന്തം സർക്കാർ ഉണ്ടാവും, പഞ്ചാബിമുസ്‌ലീമിന് അവന്റെ സ്വന്തം സർക്കാറുണ്ടാവും, ഇവർക്കെല്ലാം വേറിട്ടുപോകാനുള്ള അധികാരവുമുണ്ടാകും. ഇതുമാതിരി മററുള്ളവർക്കും.

ഇതോടൊപ്പം, മുസ്ലീങ്ങൾ ന്യൂനപക്ഷമുള്ള സംസ്ഥാനങ്ങളിൽ, മുസ്‌ലീമിങ്ങളുടെ സാംസ്കാരികാവകാശങ്ങൾ സംരക്ഷിക്കുമെന്നുള്ളതും കൂടിയായാൽ രാഷ്ട്രീയവും സാമുദായികവുമായ സർവ്വവിധ അസമത്വത്തിന്റെ സാദ്ധ്യതകളും നീക്കും. അതു ഇന്ത്യയിലെ മുസ്‌ലീമിങ്ങൾക്ക് സ്വതന്ത്രഇന്ത്യയിൽ സമവും സ്വതന്ത്രവുമായ സ്ഥാനമുണ്ടാകുമെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു.

ഇതാണ് മുസ്‌ലീംജനങ്ങൾക്ക് വാസ്തവത്തിൽ ഇന്നാവശ്യമുള്ളതു. അതാണ് അവർ പാകിസ്ഥാൻമുദ്രാവാക്യത്തെ ഇത്രയും ആവേശത്തോടെ പിൻതുടരുന്നതു്.

പക്ഷെ ഇന്നു, മുസ്‌ലീംജനങ്ങൾ, ഇന്ത്യയിലെ മററുസഹോദരജനതകളെപ്പോലെ, ഒരേ ഒരു നാടുവാഴിത്ത—സാമ്രാജ്യത്വച്ചങ്ങല

കള്ളിയാണ്; ഒരേ ഒരു ഫാസിസ്റ്റ് ആക്രമി ഇരുവരേയും അപകടപ്പെടുത്തുന്നുണ്ട്. അവരുടെ സ്വാതന്ത്ര്യം വെവ്വേറെയായി നേടാൻ സാദ്ധ്യമല്ല; ലീഗിന്നു കോൺഗ്രസ്സിൽനിന്നകന്നുനിന്നാൽ മുസ്ലീംജനതകളുടെ സ്വയംനിർണ്ണയാവകാശവും കോൺഗ്രസ്സിന്നു ലീഗിൽനിന്നകന്നുനിന്നാൽ സ്വാതന്ത്ര്യവും കിട്ടാൻ പോകുന്നില്ല.

ദേശരക്ഷക്ക് ദേശീയഗവൺമെണ്ട നേടാൻ, ഇന്ത്യയിലെ മുസ്ലീമുകൾ മറ്റു സഹോദരജനതകളുമായി തോളോടുതോൾ ചേർന്നുനില്ക്കണം; ലീഗു കോൺഗ്രസ്സുമായി തോളോടുതോൾ ചേർന്നുനില്ക്കണം. ഇതിൽകൂടെ മാത്രമെ ഒരു സ്വതന്ത്രഇന്ത്യ ഉദിക്കുകയും ഇന്ത്യയിലെ ജനങ്ങൾക്ക് അവരുടെ സ്വാതന്ത്ര്യം ആസ്വദിക്കാൻ അവസരം ലഭിക്കുകയും ചെയ്യുകയുള്ളൂ.

ഒരിക്കൽ ഇന്ത്യൻജനതയുടെ സ്വാതന്ത്ര്യത്തിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടാൽ, മുസ്ലീംജനതകൾക്ക അവരുടെ പൂർണ്ണസ്വാതന്ത്ര്യത്തെ സ്വതന്ത്രഇന്ത്യൻയൂണിയനിലെ മറ്റു സഹോദരജനതകളുമായുള്ള സ്വതന്ത്രവും ഇഷ്ടാനുസൃതവുമായ സഹകരണംകൊണ്ട് ഏററവും നല്ലവിധത്തിൽ രക്ഷിക്കാം. എല്ലാം സഹോദരജനതകളുടേയും ഹിന്ദുവിന്റെയും മുസ്ലീമിന്റെയും സ്വതന്ത്രവും ഇഷ്ടാനുസൃതവുമായ സഹകരണത്തിലാണ് ഇരുവരുടേയും രക്ഷ ഇരിക്കുന്നതു്. തമ്മിൽ തോളോടുതോൾ ചേർന്ന സ്വാതന്ത്ര്യം നേടിയ ജനതകൾക്ക്, തോളോടുതോൾ ചേർന്ന ആ സ്വാതന്ത്ര്യത്തെ രക്ഷിക്കാനും കഴിയും.

അതാണ്, മുസ്ലീംജനതകളുടെ ഇന്നത്തെയും ഭാവിയിലെയും താല്പര്യങ്ങൾ, ഇന്ത്യയിലെ മറ്റു സഹോദരജനതകളുമായുള്ള ഐക്യത്തിലും അടുത്ത സഹകരണത്തിലുമാണ് കിടക്കുന്നതെന്ന പറയുന്നതു്. കോൺഗ്രസ്സ്, മുസ്ലീംജനസമുദായങ്ങൾക്ക് സ്വയംനിർണ്ണയാവകാശവും മുസ്ലീം ന്യൂനപക്ഷത്തിന്ന സംസ്കാരപരമായ അവകാശസംരക്ഷണവും അനുവദിക്കാൻ ഉറപ്പുകൊടുക്കുന്നതിന്റെ അർത്ഥം, മുസ്ലീംജനതകൾ ബാക്കി ഇന്ത്യയുമായി ബന്ധം വിട്ടുപോകണമെന്നല്ല, മുസ്ലീമുകൾക്കും ഹിന്ദുക്കൾക്കും തുല്യസ്ഥാനമുള്ള സ്വതന്ത്രഇന്ത്യൻ യൂനിയനിൽ മഹത്തരവും ശാശ്വതവുമായ ഐക്യം സ്ഥാപിക്കുകയെന്നാണ്.

## VII പ്രായോഗികമായ പോംവഴി

നാം നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം മുസ്ലീംജനസമുദായങ്ങളുടെ

സംബന്ധിച്ചേടത്തോളം എങ്ങിനെയാണ് പ്രയോഗത്തിൽ വരുത്തുക എന്നു വ്യക്തമാക്കുകയാണ് ഇനി ചെയ്യേണ്ടത്.

സവിസ്തരമായ ഒരു വർഗ്ഗീയവിശകലനം നടത്തുകയല്ല ഇവിടെ ഉദ്ദേശിക്കപ്പെടുന്നതു. അതു രാഷ്ട്രീയമായി ആവശ്യവുമില്ല, പ്രായോഗികമായി സാദ്ധ്യവുമല്ല. താഴെ കൊടുക്കുന്ന കാര്യങ്ങൾ കാണിക്കുന്ന വിധത്തിൽ പൊതുവെ ഒന്നു വ്യക്തമാക്കുകയാണ് ഇതിന്റെ ഉദ്ദേശം. (1) നാം നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗത്തിൽ പാകിസ്ഥാൻ ആവശ്യത്തിന്റെ പ്രജായത്തപരമായ സത്ത് അടങ്ങുന്നതെങ്ങിനെയാണ്? (2) കോൺഗ്രസ്സും ലീഗും കൂടി സന്ധിസംഭാഷണം തുടങ്ങാൻ ഈ മാർഗ്ഗം എത്രത്തോളം അടിസ്ഥാനമിടുന്നുണ്ട്?

ചില സ്ഥിരപ്രതിഷ്ഠിതമായ സിദ്ധാന്തങ്ങളെ യഥാർത്ഥജീവിതത്തിൽ യാന്ത്രികമായി ഉപയോഗപ്പെടുത്തുന്നതിന്റെ പ്രശ്നമല്ല ഇതു. നേരെമറിച്ച്, ദേശീയബോധത്തേയും ഉണർവ്വിനേയും, അവ എവിടെയെല്ലാം യഥാർത്ഥജീവിതത്തിൽ നിലനില്ക്കുന്നുവോ, അവിടെയെല്ലാം കാണുന്നതിന്റെ പ്രശ്നമാണ് ഇതു.

നമ്മുടെ പരിഹാരമാർഗ്ഗം വിഷമംപിടിച്ച വർഗ്ഗീയവിവരണത്തിലേക്ക് പോകരുതു. അതു മുസ്ലീംജനങ്ങളെ ഐക്യത്തിലേക്ക് ആകർഷിപ്പിക്കുവാൻവേണ്ടിയുള്ള ഒരു [illegible] മാത്രവുമാവരുത്.

ബലൂചിസ്ഥാന്റെ കാര്യമെടുക്കുക. മുസ്ലീമിങ്ങളായ ബലൂചികൾക്ക് ബലൂചിഭാഷയുണ്ട്. ബലൂചിസ്ഥാന്റെയും കാലാട് നാട്ടുരാജ്യത്തിന്റെയും ജനസംഖ്യയിൽ 98_99% ബലൂചികളാണ്. അവർ ഒരു പ്രത്യേകജനസമുദായമാണ്. അതുകൊണ്ട്, ബലൂചിസ്ഥാന്റെ കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും നേരിടേണ്ടതില്ല.

ഇനി പഠാൻകാരുടെ കാര്യമെടുക്കുക. അവർ മുസ്ലീമിങ്ങളാണ്. അതിർത്തിസംസ്ഥാനത്തിന്റെ ജനസംഖ്യയിൽ 90%ത്തിലധികവും ഇവരാണ്. പഠാൻജനസമുദായത്തിനിടയിൽ സ്വയംനിർണ്ണയാവകാശത്തിനുള്ള ആശ വളരെ ശക്തിയുള്ളതാണ്. അതുകാരണം, അതിർത്തിസംസ്ഥാനം കോൺഗ്രസ്സിന്ന് ഏററവും ശക്തിയുള്ള ഒരു സംസ്ഥാനമായിട്ടുകൂടി പഠാൻപ്രതിനിധികൾ അലഹബാദ് എ. ഐ. സി. സി. (1942) യിൽ പാകിസ്ഥാനെസംബന്ധിച്ച രാജാജിയുടെ പ്രമേയത്തിന്നെതിരായി വോട്ടുചെയ്തില്ല. രാജാജിയുടെ പ്രമേയത്തിനെ

തിരഞ്ഞി വോട്ടുചെയ്യാൻ നിർബ്ബന്ധിക്കുമോ എന്നു ഭയന്നു്, അവർ വോട്ടുചെയ്യുന്ന സമയത്തു് യോഗത്തിൽ ഹാജരായില്ല. അവർ സ്വയംനിർണ്ണയാവകാശങ്ങളെസ്സംബന്ധിച്ച നമ്മുടെ നിലയെ സസന്തോഷം സ്വീകരിച്ചു.

പഠാൻകാരുടെ ഉദാഹരണം നമ്മുടെ പാർട്ടിയുടെ നയമാണു് ശരിയെന്നു് കാണിക്കുന്നുണ്ടു്.

പഞ്ചാബിൽ, പടിഞ്ഞാറൻപഞ്ചാബി(സട്ട്ലജ്ജ് നദിയുടെ അപ്പുറം)ന്നു് ഒരു ജനസമുദായത്തിന്റെ ശരിയായ രൂപമുണ്ടു്. അതിന്നു് ഒരു പ്രത്യേകഭാഷ, സംസ്കാരം, സാമ്പത്തികജീവിതം, മാനസികപ്രകൃതി ഇതെല്ലാമുണ്ടു്. ഈ ജില്ലകളിൽ ശരാശരി 60% മുസ്ലിമിങ്ങളുണ്ടു്, ചിലതിലൊക്കെ 80%ത്തിലധികവുമുണ്ടു്. പക്ഷേ, ഇവിടെ മതത്തിന്റേയോ ജനസംഖ്യയുടേയോ ഒരു പ്രശ്നമില്ല. ഈ പ്രദേശത്തിലെ ജീവിതത്തിൽ ഒരു പ്രത്യേകജനസമുദായത്തിന്റെ സ്വഭാവമാണു് മുന്നിട്ടുനില്ക്കുന്നതു്.

അതുകൊണ്ടാണു് നാം പടിഞ്ഞാറൻപഞ്ചാബിലെ മുസ്ലിംജനസമുദായത്തിന്നു് സ്വയംനിർണ്ണയാവകാശം കൊടുക്കുന്നതു്. കിഴക്കൻ ജില്ലകളിൽ താമസിക്കുന്ന സിക്കുകാർക്കും ഹിന്ദുക്കൾക്കും സ്വയംനിർണ്ണയാവകാശത്തിന്റേയും സംസ്കാരികാവകാശങ്ങൾ സംരക്ഷിക്കാനുള്ള വാഗ്ദാനത്തിന്റേയും അടിസ്ഥാനത്തിൽ പടിഞ്ഞാറൻജില്ലകളിലെ മുസ്ലീമിങ്ങളുമായി സൗഹാർദ്ദം പുലർത്താം. അങ്ങിനെ, അവക്കു് ബാക്കി ഇന്ത്യയിൽനിന്നു് വേറിട്ടുനില്ക്കാനുള്ള അധികാരത്തോടുകൂടിയ ഏകീകൃതവും സ്വതന്ത്രവുമായ പഞ്ചാബിനെ സൃഷ്ടിക്കാം.

ഇനി സിന്ധിന്റെ കാര്യമെടുക്കുക. ഇവിടെ ഒരു ചോദ്യം പൊന്തുന്നുണ്ടു്: സിന്ധിലെ മുസ്ലിമിങ്ങളെ മാത്രമോ, അതോ, സിന്ധിനെ മുഴുവനുമാണോ ഒരു ജനസമുദായമായി കണക്കാക്കേണ്ടതു്? ഈ ചോദ്യത്തിന്നു് ഉത്തരം വെറും വാക്കുകളിൽനിന്നല്ല, സിന്ധിലെ ജനങ്ങളുടെ ജീവിതത്തെയും ബോധത്തെയും പരിശോധിക്കുന്നതിൽനിന്നാണു് ലഭിക്കുക. ഈ തത്വമനുസരിച്ചു് തിട്ടപ്പെടുത്തുമ്പോൾ, സിന്ധ് മുഴുവൻ ഒരു ജനസമുദായമായി കണക്കാക്കണമെന്നാണു് എനിക്കു് തോന്നുന്നതു്. സിന്ധിന്നു് സ്വയംനിർണ്ണയാവകാശം കൊടുത്താൽ, സിന്ധുജനസമുദായത്തിൽപെട്ട മുസ്ലീമിങ്ങളുടെ ദേശീയാദർശങ്ങളും ഹി

മാററപ്പെട്ടുമെന്നതിന്ന് സംശയമില്ല.

“വേറിട്ടുനില്ക്കുന്ന കാര്യം തീർച്ചപ്പെടുത്താൻ ഒരു പൊതുജനാഭിപ്രായപ്രകടനം വരുമ്പോൾ, അതിൽ സിന്ധിലെ മുസ്ലീമിങ്ങൾക്കു മാത്രമെ വോട്ടവകാശം ഉണ്ടായിരിക്കയുള്ളു, അതോ, സിന്ധിലെ എല്ലാവർക്കുമുണ്ടാകുമോ?” ഇത്തരത്തിലുള്ള ചോദ്യങ്ങളെല്ലാം ഇരുവരും തമ്മിൽ സംസാരിച്ചു തീർച്ചപ്പെടുത്തേണ്ടവയാണ്. നമ്മുടെ പാർട്ടിയുടെ നില തീർച്ചയായും ആ ജനസമുദായത്തിലെ എല്ലാ ജനങ്ങളുംകൂടിയാണ് വേറിടേണ്ട കാര്യം തീർച്ചപ്പെടുത്താൻ എന്നാണ്. പക്ഷെ, സിന്ധികൾക്ക് സ്വയംനിർണ്ണയാവകാശം അനുവദിച്ചുകൊടുക്കൽ ഐക്യത്തിന്റേയും ഏകോപിച്ചുകൊണ്ടുള്ള സമരത്തിന്റേയും പ്രശ്നം പരിഹരിക്കുമെന്നതാണ് ഇവിടത്തെ പ്രധാനകാര്യം; അത് കോൺഗ്രസ്സും ലീഗും തമ്മിൽ സംഭാഷണം തുടങ്ങുന്നതിന്റെ അടിസ്ഥാനമായി ഉപകരിക്കും.

പിന്നെ ബങ്കാളിന്റെ പ്രശ്നമാണ് വരുന്നത്. ബങ്കാളികൾ ഒരു പ്രത്യേക ജനസമുദായമാണ്. അതുകൊണ്ട് അവർക്ക് സ്വയംനിർണ്ണയാവകാശം അനുവദിക്കണം. ബങ്കാളിലെ ഹിന്ദുക്കൾക്കും മുസ്ലീമിങ്ങൾക്കും തമ്മിൽ, ബങ്കാളിലെ മുസ്ലീമിങ്ങൾക്കും മററു ദിക്കിലെ മുസ്ലീമിങ്ങൾക്കും (ഉദാഹരണം പഠാൻകാർ) തമ്മിലുള്ളതിനേക്കാൾ അധികം പൊരുത്തമുണ്ട്.

ബങ്കാളിന്റെ കാര്യത്തിൽ, ഇവ പറഞ്ഞതിന്ന പുറമെ, കിഴക്കൻബങ്കാൾ ഒരു പ്രത്യേകപ്രശ്നമായിത്തീരുന്നുണ്ട്. പൊതുവെ പറകയാണെങ്കിൽ, ഇവിടെ 60%ത്തിലധികം മുസ്ലീമിങ്ങളുണ്ട്. ഒരു പൊതുജനസമുദായത്തിൽ കിഴക്കൻബങ്കാളിലെ മുസ്ലീംകൃഷിക്കാർക്ക് ഒരു പ്രത്യേകസംസ്കാരമുണ്ട്. അതു കിഴക്കൻബങ്കാളിന്ന ഒരു വ്യത്യസ്ഥരാഷ്ട്രത്തിന്റെ രൂപം കൊടുക്കുന്നു. ഇതിനെ നമുക്ക് സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. ജനസമുദായങ്ങളുടെ കാര്യത്തിലും ഇടക്കാലരൂപങ്ങൾ ഉണ്ട്. അങ്ങിനെ, കിഴക്കൻബങ്കാളിൽ, വളർച്ചയുടെ ഇടക്കാലരൂപം നമുക്ക കാണാൻ കഴിയും.

കാര്യത്തിന്റെ സത്ത താഴെ പറയുംപ്രകാരമാണ്:

അവരുടെ ഈ പ്രത്യേകസ്ഥിതിയെ മനസ്സിലാക്കി; കിഴക്കൻബങ്കാളിലെ മറ്റിതരായ കർഷകവർഗ്ഗത്തെ പൊതുസമരത്തിന്നായി യോജിപ്പിക്കാൻ നമുക്ക് എങ്ങിനെ കഴിയും?

നമ്മുടെ പാർട്ടിയുടെ പ്രമേയത്തിൽ പറയുന്ന പരിഹാരമാർഗ്ഗം, ഒരുഭാഗത്തു, കിഴക്കൻബംഗാളിലെ കർഷകർക്ക് അവരുടെ ദേശീയപാരമ്പര്യത്തെ വർദ്ധിപ്പിക്കാനും ആഘോഷിക്കാനും സാദ്ധ്യമാക്കിക്കൊടുക്കുന്നു; മറുഭാഗത്തു, അതു അവരെ ഏകീകരിക്കാനും ബംഗാളിൽതന്നെ ഇരിക്കുന്നതാണ് നല്ലതെന്ന് അവരെ ബോദ്ധ്യപ്പെടുത്താനും നമുക്ക് കഴിവ് തരുന്നു. അതു അവരുടെ ദാഹത്തിന് ശമനം വരുത്തുകയും അതുമൂലം ബംഗാളിൽ അവരെ ഇരുത്തുവാനുള്ള വഴി വെട്ടിത്തെളിയിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു പരിഹാരം മാത്രമേ വിഭജനവാദികളെ ഒറ്റപ്പെടുത്തുവാനും ബംഗാളിജനതയുടെ വിപ്ലവപരമായ രാഷ്ട്രീയൈക്യം സൃഷ്ടിക്കാനും തക്ക കഴിവുള്ളവയാകുകയുള്ളു.

മററു സംസ്ഥാനങ്ങളിലുള്ള മുസ്ലീമിങ്ങളെ (കിഴക്കൻപഞ്ചാബുകാരുൾപ്പടെ) ചിന്നിച്ചിതറിയ ന്യൂനപക്ഷങ്ങൾ എന്ന് വിളിക്കപ്പെടാവുന്നതാണ്. അവരുടെ സാംസ്കാരികാവകാശങ്ങൾ സുരക്ഷിതമാക്കണം. ഈ അവകാശങ്ങളായിരുന്നു (മാതൃഭാഷയിൽ വിദ്യാഭ്യാസം, പാഠ്യപുസ്തകം മുതലായ ആവശ്യങ്ങൾ) യു. പി. യിൽ കോൺഗ്രസ്സ് മന്ത്രിസഭയുടെ കാലത്തു, കോൺഗ്രസ്സും ലീഗും തമ്മിൽ ഉരസലിനിടയായിരുന്ന കാരണം. ഇത്തരത്തിലുള്ള കാര്യങ്ങളിൽ, ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങൾ മതപരവും അവ്യക്തവുമായ അടിസ്ഥാനത്തിന്മേലല്ല, നവീനവും രാഷ്ട്രീയവുമായ ഒന്നിന്മേലാണ് ഉറച്ചുനില്ക്കുന്നതെന്ന് യു. പി. യിലെ ഉദാഹരണം കാണിക്കുന്നുണ്ട്. അതാണ് ഈ കാര്യങ്ങളിലെല്ലാം, സാംസ്കാരികാവകാശങ്ങളുടെ സംരക്ഷണം ധാരാളമാണെന്നു പറയുന്നതു.

മററു ജനസമുദായങ്ങളുടെ പ്രശ്നം ഇവിടെ വിസ്തരിച്ച് പ്രതിപാദിക്കാൻ സാദ്ധ്യമല്ല. അതിനെ സംബന്ധിച്ച പൊതുതത്വങ്ങൾ വ്യക്തമാണ്, പാർട്ടിപ്രമേയത്തിൽ പറഞ്ഞിട്ടുമുണ്ട്.

ഒരു കാര്യംകൂടി. ഇതു മുസ്ലീംലീഗിന്റെ ആവശ്യത്തിന്നനുസരിച്ചുള്ളതന്നെയാണോ? അതേ, തീർച്ചയായും അതേ. സുപ്രസിദ്ധമായ ലാഹോർപ്രമേയം പാകിസ്ഥാന്റെ അടിസ്ഥാനതത്വത്തെ ഇങ്ങിനെയാണ് വിവരിക്കുന്നത്:

“മുസ്ലീമിങ്ങൾക്കു ഭൂരിപക്ഷമുള്ള തൊട്ടുകിടക്കുന്ന പ്രദേശങ്ങളെ, അതായതു, വടക്കുപടിഞ്ഞാറൻ ഇന്ത്യ, കിഴക്കൻഇന്ത്യ,

ഭൂവിഭാഗപരമായി വെവ്വേറെയുള്ളവ വളർത്തി, എല്ലാം കൂട്ടിച്ചേർത്തു ഒരു "സ്വതന്ത്രസർക്കാർ" സൃഷ്ടിക്കണം. ഇതിലെ അംഗങ്ങൾക്ക് സ്വയംഭരണാധികാരവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കും."

ഈ പ്രമേയത്തിൽ പറഞ്ഞ പ്രദേശങ്ങളിലെ രാഷ്ട്രങ്ങൾക്ക് അതായതു, സിന്ധ്, അതിർത്തിസംസ്ഥാനം, പഞ്ചാബ്, കിഴക്കൻബംഗാളം, എന്നിവക്ക് ഈ പോംവഴി വേറിട്ടുപിരിയാനുള്ള അവകാശത്തോടുകൂടിയ സ്വയംനിർണ്ണയാവകാശം അനുവദിക്കുന്നുണ്ട്. അതായത്, ഈ രാഷ്ട്രങ്ങൾക്ക് സ്വതന്ത്രരും സ്വയംഭരണാധികാരികളുമായി ഇന്ത്യൻയൂനിയനിൽ ഒരു ഫെഡറേഷൻ രൂപീകരിക്കാം; അതില്ലെങ്കിൽ യൂനിയന്റെ പുറമെ മറ്റൊരു ഫെഡറേഷൻ രൂപീകരിക്കാം. ഇവരുടെ അതിർത്തി കൃത്യമായി ജനങ്ങൾക്ക് തീർച്ചപ്പെടുത്താൻ കഴിയും.

മുസ്ലിംജനസമുദായങ്ങളുടെയും ഇന്ത്യയിലെ മററു ജനസമുദായങ്ങളുടെയും ഈ അവകാശം നാഷനൽകോൺഗ്രസ്സ് അംഗീകരിക്കണം. കാരണം? സ്വതന്ത്രഇന്ത്യ എല്ലാ ജനസമുദായങ്ങളുടെയും സമത്വത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. അതു മാത്രമെ ഒരു ഏകീകൃത ഇന്ത്യയെ, സ്വതന്ത്രരാഷ്ട്രങ്ങളുടെ ഇഷ്ടാനുസൃതമായ ഫെഡറേഷനെ, സൃഷ്ടിക്കുകയുള്ളു. മുസ്ലിംബഹുജനങ്ങളും അവരുടെ നേതാക്കളും ഹിന്ദുജനത്തിന്നു ഗ്രഹിക്കുന്നില്ല അവർക്ക സമത്വത്തിന്നുള്ള അവകാശം അനുവദിച്ചുകൊടുക്കുക. എന്നാൽ ഹിന്ദുക്കൾക്ക് ഇന്നത്തെ ദേശീയഐക്യത്തിന്റെയും നാളത്തെ മഹനീയമായ ഏകീകൃത ഇന്ത്യയുടെയും അടിസ്ഥാനം ഇടുവാൻ കഴിയും

അവസാനമായി, കമ്യൂണിസ്റ്റ്നയത്തിന്റെ പ്രധാനവശമായ ഒരു കാര്യംകൂടി ഉന്നിപ്പറയേണ്ടതുണ്ട്. ജനസമുദായങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെ ഒരു വിപ്ലവപരമായ രാഷ്ട്രീയപ്രശ്നമായിട്ടാണ് നാം കണക്കാക്കേണ്ടതു്. അല്ലാതെ ഒരു ഭരണഘടനാപരമായ പ്രശ്നമായിട്ടല്ല.

വിഭജിക്കണമോ വേണ്ടയോ എന്ന ചോദ്യം ചെയ്തുകൊണ്ടു ഉടക്കുന്നതു ഭരണഘടന മാത്രം മാററാൻ ശ്രമിക്കുന്നവരാണ്. സ്വയംനിർണ്ണയാവകാശത്തെ നാം കാണുന്നതു സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും ഉന്നതരൂപമായിട്ടാണ്. ഈ അവകാശത്തിന്റെ വേറിട്ടുപിരിയാനുള്ള അധികാരത്തോടുകൂടിയ അംഗീകരണം സർവ്വ അവിശ്വാസത്തെയും പുറന്തള്ളുകയും ഐക്യത്തിന്റെ ബലവത്തായ ആണിയ

യി ഉപകരിക്കയും ചെയ്യും.

നമ്മുടെ നയം പ്രായോഗികമാക്കുമ്പോൾ ഒരു ജനസമുദായത്തെ വേർതിരിക്കുന്നതു അതിന്റെ ദേശീയ സ്വഭാവഗുണങ്ങളെ വികസിപ്പിക്കാനും വളർത്തുവാനും വേണ്ടി ഏററവും സ്വതന്ത്രമായ പരിതസ്ഥിതി സൃഷ്ടിക്കുക എങ്ങിനെയാണ് എന്ന അടിസ്ഥാനത്തിലാണ്.

വേറിട്ടുപോകുന്നതു ശരിയാണോ, എങ്ങിനെയാണ് എന്നും മററുമുള്ള പ്രശ്നങ്ങൾ ഇന്നു തീർച്ചപ്പെടുത്താൻ പാടില്ലെന്നും കഴിയില്ലെന്നും മേൽപറഞ്ഞതിൽനിന്നു മനസ്സിലാവുന്നതാണ്. വേറിട്ടുനില്ക്കാനുള്ള അധികാരം കൊടുക്കലും അതു പ്രയോഗിക്കലും തമ്മിൽ കൂട്ടിക്കലർത്തരുത്. അതു മാതിരിതന്നെ, വേറിട്ടുനില്ക്കാനുള്ള അധികാരവും ഈ അധികാരം പ്രയോഗിച്ചാൽ ചില പ്രത്യേകരീതികളിൽ ഉണ്ടാവുന്ന ഗുണദോഷങ്ങളും തമ്മിൽ കൂട്ടിക്കലർത്തരുതു്. ഇതിൽ അവസാനം പറഞ്ഞ പ്രശ്നം, ഓരോന്നിന്റേയും അതാതു സമയത്തെ ആകപ്പാടെയുള്ള സാമുദായികവളർച്ചയുടെ അടിസ്ഥാനത്തിലേ തീർച്ചപ്പെടുത്താൻ കഴിയൂ. സമുദായത്തിന്റേയും രാഷ്ട്രത്തിന്റേയും മുഴുവൻ വളർച്ചയെ വിഭജനം സഹായിക്കുമോ എന്ന ഓരോന്നിന്റേയും കാര്യത്തിലും സൂക്ഷ്മം തീർച്ചപ്പെടുത്തണം.

എല്ലാ ജനസമുദായങ്ങളേയും സ്വാതന്ത്ര്യത്തിനും ദേശരക്ഷക്കും വേണ്ടി ഏകോപിപ്പിക്കുക—ഇതാണ് നമ്മുടെ [illegible]മായ ഉദ്ദേശം. ഹിന്ദുക്കളേയും മുസ്ലിമിങ്ങളേയും ഏകോപിപ്പിച്ച വിഭജനശക്തികളെ ഒറ്റപ്പെടുത്താനായി നാം ആയുധമേന്തുമോ? സ്വതന്ത്ര ഇന്ത്യൻ ഫെഡറേഷനിൽ എല്ലാ ജനസമുദായങ്ങൾക്കും സ്വതന്ത്രമായി യഥേഷ്ടം വളരുവാൻ സാധിക്കുന്നവിധത്തിൽ നാം ജനസമുദായങ്ങളെ നിർവ്വചിക്കുമോ? ഇതാണ് നമ്മുടെ നയത്തിലെ പ്രധാനമായ രണ്ടു തത്വം.

നമ്മുടെ നാടിന്റെ ഭാവി ആശ്രയിച്ചിരിക്കുന്നതു ദേശീയൈക്യത്തെയാണ്, കോൺഗ്രസ്സ്—ലീഗൈക്യത്തെയാണ്. ദേശീയശക്തികളിന്നും സ്വതന്ത്രഇന്ത്യക്കുവേണ്ടി നാം മുന്നോട്ടുനീങ്ങുമോ, അതോ ജപ്പാന്റെ കൈകളിലേക്ക് നാം നിസ്സഹായരായി ചാവുമോ? ഇതാണ് പ്രശ്നം. കോൺഗ്രസ്സ്—ലീഗൈക്യപ്പരിഹാരം നീട്ടിക്കൊണ്ടുപോകാൻ നിവൃത്തിയില്ല. ഇത്തരത്തിലുള്ള ഐക്യം സൃഷ്ടിക്കണമെങ്കിൽ, മുസ്ലിംജനസമുദായങ്ങളുൾപ്പെടെയുള്ള ഇന്ത്യയിലെ എല്ലാ ജനസമുദായങ്ങൾക്കും സ്വയംനിർണ്ണയാവകാശം കൊടുക്കുകയല്ലാതെ മററു മാർഗ്ഗവുമില്ല.

# അനുബന്ധം I

## കോൺഗ്രസ്സ് സ്വയംനിർണ്ണയാവകാശത്തെ അനുകൂലിക്കുന്നു

### മി: അബ്ദുൽകയ്യൂമിന്റെ പ്രഖ്യാപനം

മാർച്ച് ആദ്യത്തിൽ ദെൽഹികോളേജിൽവെച്ചു നടന്ന ഒരു വാദപ്രതിവാദത്തിന്റെ സംക്ഷിപ്തറിപ്പോർട്ടാണ് താഴെ കൊടുക്കുന്നത്.

പ്രതിവാദ്യവിഷയം: "ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്നു പാക്കിസ്ഥാൻ അംഗീകരണം ആവശ്യമാണ്."

വിഷയത്തിന്നനുകൂലമായി വാദിച്ച പ്രധാനപ്രാസംഗികൻ അഖിലേന്ത്യാമുസ്ലീംലീഗ് വക്കിംഗ് കമ്മിററി മെമ്പർ മി: ഹുസൈൻഇമാം ആയിരുന്നു. പ്രതിവാദി കോൺഗ്രസ്സ് അസ്സംബ്ലീനേതാവായ മി: അബ്ദുൽകയ്യൂമും.

ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും സ്വാതന്ത്ര്യമടയ്ക്കുള്ള ഒരേവഴി ഐക്യം മാത്രമാണെന്നു മി: ഹുസൈൻഇമാം ശക്തിയായി വാദിച്ചു. വേറിട്ടുപോകുന്ന കാര്യം ലീഗോ മി: ജിന്നയോ തീരുമാനിക്കുമെന്ന പാക്കിസ്ഥാൻവാദത്തിന്നർത്ഥമില്ല. ജനങ്ങളുടെ അഭിലാഷവും അഭിപ്രായവുമാണ് അതു തീർച്ചപ്പെടുത്തുവാൻ. "അതു ജിന്നയുടേയോ ഗാന്ധിജിയുടേയോ ഗവൺമെണ്ടായിരിക്കുകയില്ല, ജനങ്ങളുടേതായിരിക്കും;" അദ്ദേഹം പ്രസ്താവിച്ചു.

പ്രമേയത്തെ എതിർക്കുവാൻ മി: അബ്ദുൽകയ്യൂം എഴുന്നേററു. പക്ഷെ, എതിർക്കുന്നതിന്നു പകരം "സ്വയംനിർണ്ണയാവകാശം കോൺഗ്രസ്സ് പണ്ടേ അംഗീകരിച്ചിട്ടുണ്ട്,—" എന്നാണ് അദ്ദേഹം വാദിക്കാൻ തുടങ്ങിയത്.

മി: ഹുസൈൻഇമാം കുറുക്കെ ചോദിച്ചു:

"കോൺഗ്രസ്സ്, എന്നാണ് അതു അംഗീകരിച്ചത്?"

മി: കയ്യൂം: "ഏതൊരു പ്രമേയത്തിൽ"

മി: ഹുസൈൻ ഇമാം: "എനിക്ക തോന്നുന്നില്ല അതു ശരിയാണെന്നു."

മി: കസ്മി: "ഞാൻ പറഞ്ഞാൽ, അതു വിശ്വസിക്കണം. വേറിട്ടുപോകാൻ വല്ല രാഷ്ട്രീയഘടകവും ഇച്ഛിക്കുന്നെങ്കിൽ, ഞങ്ങൾ അവരെ പിടിച്ചുനിൎത്തുകയില്ല എന്നു കോൺഗ്രസ്സിൻെറ പേരിൽ ഞാൻ പ്രഖ്യാപിക്കുന്നു. ഇതാണ് സ്വയം നിൎണ്ണയാവകാശം."

മി: ഇമാം: "അതെ, അങ്ങിനെയാണെങ്കിൽ നമ്മൾ തമ്മിൽ അഭിപ്രായവ്യത്യാസമില്ല."

10 കോടി മുസൽമാന്മാരുടെ സ്വാതന്ത്ര്യത്തെ അവതാളത്തിലാക്കാൻ ഹിന്തുക്കൾക്കൊരിക്കലും സാധിക്കുകയില്ല എന്നു മി: കസ്മി ഉറപ്പിച്ചുപറഞ്ഞു. വൈവിധ്യത്തിൽ "ഭൂപ്രകൃതിപരമായ ഐക്യ"മുദ്രാവാക്യത്തെ പാടിപ്പുകഴ്ത്തുന്ന പിന്തിരിപ്പൻഹിന്തുവിഭാഗത്തിൻെറ ആശയഗതി അവഗണനാൎഹമാണെന്നു അദ്ദേഹം തുടൎന്നുപ്രസ്താവിച്ചു.

പതിനാറു റിപ്പബ്ലിക്കുകൾക്കു വിദേശകാൎയ്യങ്ങളിൽ സ്വാതന്ത്ര്യമായി തീൎച്ചപ്പെടുത്താനും പ്രത്യേകപട്ടാളങ്ങളെ വെക്കാനുമുള്ള അവകാശം അനുവദിച്ചുകൊടുത്തതിന്നു സോവ്യറ്റുയൂണിയനെ അദ്ദേഹം മുക്തകണ്ഠം അഭിനന്ദിച്ചു. "വൎഗ്ഗങ്ങളായി ഭിന്നിച്ചിരുന്ന കാലത്തെ റഷ്യ ബലഹീനമായിരുന്നു. അതുകൊണ്ട അതു തകൎന്നു. പക്ഷെ, സാമാന്യ ജനങ്ങളുടെ റഷ്യ ലോകം ഇന്നേവരെ അറിഞ്ഞിട്ടില്ലാത്തത്ര സൈനികമഹാശക്തിയെ സംഭരിച്ചിട്ടുണ്ട്."

("പീപ്പിൾസ് വാർ" മാൎച്ച് 19, '44.)

S.N.V. വിദ്യാപ്രദായിനി വായനശാല * A.O. *
1/5/63

# അനുബന്ധം II.

## മുസ്‌ലിംഭൂരിപക്ഷവിഭാഗങ്ങളിലെ മുസ്‌ലിംജനസംഖ്യത്തോത്

### ('31ലെ സെൻസസ്സ്)

| 50%ലധികം മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന ജില്ലകൾ | | | മുസ്‌ലിംജനസംഖ്യയുടെ ശതമാനത്തോത്: |
|---|---|---|---|
| **1 പഞ്ചാബ് (പടിഞ്ഞാറൻജില്ലകൾ)** | | | |
| 1. ലാഹോർ | .... | .... | 39.9 |
| 2. സിയാൽക്കോട്ട് | .... | .... | 62.1 |
| 3. ഗുജറാൻവാല | .... | .... | 70.7 |
| 4. ഷെയ്ഖുപുരം | .... | .... | 84.8 |
| 5. ഗുജറാത്ത് | .... | .... | 63.7 |
| 6. ഷാഹ്പൂർ | .... | .... | 82.8 |
| 7. ഝെലം | .... | .... | 89 |
| 8. റാവൽപ്പിണ്ടി | .... | .... | 82.8 |
| 9. അട്ടോക്ക് | .... | .... | 91 |
| 10. മിയാൻവാലി | .... | .... | 87 |
| 11. മൊണ്ട്ഗോമെരി | .... | .... | 69.1 |
| 12. ലയാൽപൂർ | .... | .... | 62.5 |
| 13. ഝാംഗ് | .... | .... | 83.1 |
| 14. മുസഫർപൂർ | .... | .... | 86.5 |
| 15. ഡേറാഗഢീഖാൻ | .... | .... | 86.1 |
| 16. ബിലോക്ക് | .... | .... | 99.9 |
| 17. മുൽത്താൻ | .... | .... | 80.2 |
| **2. ബങ്കാൾ (കിഴക്കൻജില്ലകൾ)** | | | |
| 1. നാഡിയ | .... | .... | 61.6 |
| 2. മുർഷിദാബാദ് | .... | .... | 55.6 |

| | | |
|---|---|---|
| 3. | ജെസ്സോർ | 62.0 |
| 4. | രാജ്ഷാഹി | 75.7 |
| 5. | രംഗപൂർ | 71.0 |
| 6. | ബോഗ്റാ | 83.5 |
| 7. | പാബ്നാ | 76.9 |
| 8. | മാൽഡാ | 54.2 |
| 9. | ഡാക്കാ | 69.8 |
| 10. | മൈമൻസിംഗ് | 76.6 |
| 11. | ഫരീദ്പൂർ | 65.1 |
| 12. | ബക്കർഗഞ്ച് (ബാരിസോൾ) | 72.4 |
| 13. | ടിപ്പെറ | 76.0 |
| 14. | നൊവഖാലി | 76.5 |
| 15. | ചിററഗോംഗ് | 76.7 |
| 16. | സിൽഹററ് (ആസ്സാം) | 59.2 |

## 3. സിന്ധ്

| | | |
|---|---|---|
| 1 | കറാച്ചി | 71.3 |
| 2. | ഹൈദരാബാദ് | 69.5 |
| 3. | നവാബ്ഷാ | 76.0 |
| 4. | ലാർഖാനാ | 83.3 |
| 5. | സുക്കൂർ | 70.0 |
| 6. | താർപാർക്കർ | 52.5 |
| 7. | ഉത്തരസിന്ധതിർത്തി | 89.9 |

## 4. അതൃത്തിസംസ്ഥാനം

| | | |
|---|---|---|
| 1 | ഹസാറാ | 95.0 |
| 2. | പെഷാവാർ | 92.2 |
| 3. | കോഹട്ട് | 92.4 |
| 4. | ബന്നു | 87.9 |
| 5. | ഡേരാഇസ്മായിൽഖാൻ | 86.0 |

## 5. ബലൂചിസ്ഥാൻ

| | | |
|---|---|---|
| 1. | ബ്രിട്ടീഷ് ബലൂചിസ്ഥാൻ | 87.9 |
| 2. | നാട്ടുരാജ്യങ്ങൾ | 97.0 |

# പാക്കിസ്ഥാനും ദേശീയൈക്യവും

ജി. അധികാ

115

115/63

15583